# എഡിറ്റോറിയൽ ആർക്കും വേണ്ടാത്തവർ



**തോറ്റ**വരെ ആർക്കും വേണ്ട. പരീക്ഷയിലായാലും ജീവിതത്തിലായാലും പരാജയപ്പെട്ടവരെ ആർക്കുവേണം? അങ്ങനെയുള്ളവർക്ക് ഒരു വിലയും ഈ ലോകം നൽകുന്നില്ല. എന്നാൽ എത്ര പരാജയപ്പെട്ടവർക്കും അംഗീകാരവും അഭയവും ലഭിക്കുന്ന ഒരിടമുണ്ട്. അത് യേശുവിന്റെ സന്നിധിയാണ്.

ഈ ലോകത്തിനുവേണ്ടതു മിടുക്കന്മാരെയാണ്. ശക്തിയുള്ളവരെ, അറിവുള്ളവരെ, കുടുംബശ്രേഷ്ഠതയുള്ളവരെ. എന്നാൽ ഇതൊന്നും ഇല്ലാത്തവരെ വേണ്ട ആരെങ്കിലും ഉണ്ടോ? ഉണ്ട് ഒരാളുണ്ട്. അത് യേശുവാണ്. ശ്രദ്ധിക്കുക:'സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ. ...ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്തമായതു തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. ....നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു" (1 കൊരിന്ത്യർ 1:26-30)

നമ്മുടെ വിളിയെ, തിരഞ്ഞെടുപ്പിനെ ഓർക്കുമ്പോൾ ഏതു ഹൃദയമാണു നന്ദികൊണ്ടു നിറയാത്തത്? ഏതു കണ്ണുകളാണു നനയാത്തതായുള്ളത്? ഈ വിളിക്ക്, തിരഞ്ഞെടുപ്പിന്, എന്തു യോഗ്യതയാണു നമുക്കുള്ളത്? കുലഹീനം, നികൃഷ്ടം, ബലഹീനം, ഏതുമില്ലാത്തത്-ഇതാണു യോഗ്യത. ലോകത്ത് എവിടെയും അയോഗ്യതയായി കാണുന്നതിനെ യോഗ്യതയായി എണ്ണിയവൻ! ആർക്കും വേണ്ടാത്തവരെ വേണ്ടിയവൻ! എത്ര അത്ഭുതകരമായിരിക്കുന്നു! ഒരു ക്രിസ്തീയഗാനരചയിതാവ് നൂറ്റാണ്ടുകൾക്കു മുൻപു എഴുതിയതുപോലെ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ നിത്യത മുഴുവൻ നസറായനായ യേശുവിന്റെ മുൻപിൽ അത്ഭുതാതിരേകത്തോടെ നാം നില്ക്കും-അരിഷ്ടപാപികളായ നമ്മെ എന്തുകൊണ്ട് അവിടുന്നു സ്നേഹിക്കുകയും വീണ്ടെടുക്കുകയും ചെയ്തുവെന്ന വിസ്മയത്തോടെ.

യേശുക്രിസ്തുവും വിശ്വാസികളുമായുള്ള സ്നേഹബന്ധത്തെ മണവാളനും മണവാട്ടിയും തമ്മിലുള്ള ഹൃദയബ ന്ധമായി ചിത്രീകരിക്കുന്ന ഉത്തമഗീതത്തിൽ മനോഹരമായ ഒരു വചനം ഇങ്ങനെ:'ഞാൻ കറുത്തവളെങ്കിലും ...അഴകുള്ളവളാണ്' (1:4). പ്രിയയുടെ വാക്കുകളാണിവ. സ്വന്തവിലയിരുത്തലിൽ അവൾ കറുത്തവളാണെങ്കിലും പ്രിയന്റെ ദൃഷ്ടിയിൽ അവൾ അഴകുള്ളവളാണ്. നമ്മുടെ വിളിയോടുള്ള ബന്ധത്തിൽ ഈ ഏറ്റുപറച്ചിൽ എത്ര അർത്ഥവത്താണ്! 'നാം ഒരു കാലത്ത് ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശ യില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്ന് ഓർത്തുകൊൾവിൻ' (എഫെസ്യർ 2:12) എന്നു ദൈവവചനം പറയുമ്പോൾ നാം 'കറുത്തവരാ'യിരുന്നു എന്ന യാഥാർത്ഥ്യത്തിലേക്കാണു അതു വിരൽ ചൂണ്ടുന്നത്. എന്നാൽ തുടർന്നു 'മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു' എന്നു പ്രസ്താവി ക്കുമ്പോൾ നാം അവിടുത്തെ കണ്ണിൽ അഴകുള്ളവരാണ് എന്ന അത്ഭുത സത്യത്തിന്റെ പ്രഘോഷണമാണത്.

സമാനമായ ഒരു ദൃഷ്ടാന്തം പഴയനിയമപ്രവാചകൻ യെഹെസ്കേൽ വിവരിക്കുന്നുണ്ട്: ജനനദിവസം തന്നെ ഉപേക്ഷിക്കപ്പെട്ട ഒരു പെൺകുട്ടി യെപ്പോലെ യെരുശലേം ഒരു കണ്ണിനും കനിവുതോന്നാതെ വെളിമ്പ്രദേശത്ത് വെറുക്കപ്പെട്ടവളായി കിടക്കുന്നു (യെഹെസ്കേൽ 16:5). പക്ഷേ കർത്താവ് അവളെ അതിസുന്ദരിയായി കണ്ടെത്തുകയാണ് (16:7). നോക്കുക:യഥാർത്ഥത്തിൽ കറുത്തവൾ. പക്ഷേ കർത്താവിന്റെ കണ്ണിൽ അഴകുള്ളവൾ!

ഉത്തമഗീതത്തിൽ നാം ചിന്തിച്ച ഭാഗത്തേക്കു മടങ്ങിവരുമ്പോൾ പ്രിയയെ 'അതിസുന്ദരി'യെന്നാണു പ്രിയനും സംബോധന ചെയ്യുന്നത്. (1:8). അവന്റെ കണ്ണിൽ അവൾ സുന്ദരിയാണ്, സുന്ദരിതന്നെ (1:15). എന്നാൽ യഥാർത്ഥത്തിൽ അവളുടെ അവസ്ഥ എന്താണ്? യെരുശലേം പുത്രിമാർ തുറിച്ചു നോക്കത്തക്കവിധം അവൾക്ക് ഇരുൾ നിറംപറ്റിയിരിക്കുന്നു. അവൾ വെയിലേറ്റു കറുത്തുപോയി. (1:6). ഇവിടെ നാം ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്: പ്രിയ ഇപ്പോൾ യെരുശലേമിലാണ്; രാജാവിന്റെ മണവറയിലാണ്: യെരുശലേം സഭയുടെ നിഴലാണല്ലോ. സഭയിൽ വന്നതിനുശേഷം സംഭവിച്ച നമ്മുടെ പിന്മാറ്റത്തിന്റെ നിദർശനമാണ് ഈ ഇരുൾനിറം. അവളുടെ ഏറ്റുപറച്ചിൽ ഇങ്ങനെയാണ്:"എന്നാൽ എന്റെ സ്വന്തം മുന്തിരിത്തോട്ടം ഞാൻ കാത്തു സൂക്ഷിച്ചില്ല" (1:6). നോക്കുക:ലോകത്തോടുള്ള ഒത്തുതീർപ്പിന്റെ വെയിലേറ്റ് ഇരുൾ നിറംപറ്റിയവൾ. സ്വന്തജീവിതമാകുന്ന മുന്തിരിത്തോട്ടം കാത്തുസൂക്ഷിക്കാൻ കഴിയാഞ്ഞവൾ. കറുത്തവൾ! എന്നാൽ അവൾക്ക് ആ ഉറപ്പ് ഇപ്പോഴും ഉണ്ട്-'എങ്കിലും (അവിടുത്തെ കണ്ണിൽ) ഞാൻ അഴകുള്ളവളാണ്!' ഹാ! എത്ര വലിയ ഉറപ്പ്! എന്തു വലിയ ധൈര്യം!!

ഇന്നു പരാജയപ്പെട്ടുപോയ പലർക്കും ഇല്ലാത്തത് ദൈവസ്നേ ഹത്തെക്കുറിച്ചുള്ള ഈ ഉറപ്പും ധൈര്യവുമല്ലേ? നമ്മെ കർത്താവ് ആദ്യം വിളിച്ചപ്പോൾ നാം കറുത്തവർ ആണെങ്കിലും ദൈവദൃഷ്ടിയിൽ അഴകുള്ളവരായി എണ്ണപ്പെട്ടു എന്നതിനെക്കുറിച്ചു നമുക്ക് എത്ര ധൈര്യവും ഉറപ്പുമുണ്ടായിരുന്നു! എന്നാൽ ഇന്നു ദൈവസഭയിൽ വന്നതിനുശേഷം ഉണ്ടായ തോൽവിയുടെ മുൻപിൽ 'ഞാൻ കറുത്തവൾ എങ്കിലും അവിടുത്തെ ദൃഷ്ടിയിൽ ഇപ്പോഴും അഴകുള്ളവൾ' എന്നു പറയാനുള്ള ധൈര്യം വലിയൊരളവിൽ ചോർന്നു പോയിട്ടില്ലേ?

എന്നാൽ ശ്രദ്ധിക്കുക:ദൈവവചനം ഇപ്പോഴും മാറ്റമില്ലാതെ നില്ക്കുന്നു:'ഞാൻ കറുത്തവൾ..... എങ്കിലും അഴകുള്ളവൾ'. ഇപ്പോൾ വേണ്ടത് ആ ധൂർത്തപുത്രനു തന്റെ പിതാവിന്റെ സ്നേഹത്തെക്കുറിച്ചുണ്ടായിരുന്ന ആ ഉറപ്പാണ്. അത് അവനെ പന്നിക്കൂട്ടിൽ നിന്ന് എഴുന്നേല്പിച്ചു. സ്വന്തഭവനത്തിലേക്കുള്ള മടക്കയാത്ര അവിടെ ആരംഭിച്ചു.

സ്നേഹിതാ, പലവട്ടം തോറ്റു പോയവനായിരിക്കാം താങ്കൾ. ഒരു പക്ഷേ സ്വന്തഛർദ്ദിയിലേക്കു തിരിയുന്ന നായെപ്പോലെ ഒരിക്കൽ ഉപേക്ഷിച്ച പാപങ്ങളിലേക്കു മടങ്ങിപ്പോയവനായിരിക്കാം. (2 പത്രോസ് 2:22). എന്നാൽ ദൈവവചനം കാണുക: 'ചത്തസിംഹത്തെക്കാൾ ജീവനുള്ള നായ് നല്ലതാണ്'(സഭാപ്രസംഗി 9:4). ഉവ്വ്, ഈ വരികൾ വായിക്കുവാൻ നിങ്ങൾ ഇപ്പോഴും ജീവനോടിരിക്കുന്നു! താങ്കൾ ആർക്കും വേണ്ടാത്തവനല്ല. എഴുന്നേല്ക്കുക. സ്വർഗ്ഗീയപിതാവിന്റെ സ്നേഹത്തിലേക്ക് ഒരു മടക്കയാത്രയ്ക്ക് ആദ്യചുവടുവയ്ക്കുക. ഈ മടക്കയാത്രയിൽ ഇതായിരിക്കട്ടെ താങ്കളുടെ വിശ്വാസത്തിന്റെ പാട്ട്:'ഞാൻ കറുത്തവൾ എങ്കിലും അഴകുള്ളവൾ'.



സന്ദേശം

# പരാജയപ്പെട്ടവരെക്കുറിച്ചുള്ള ദൈവത്തിന്റെ സമ്പൂർണഹിതം

സാക്പുന്നൻ


**ക**ഴിഞ്ഞ കാലത്ത് പാപം ചെയ്ത് ദൈവത്തിന്റെ പദ്ധതികളെ തകിടം മറിച്ചവരായതിനാൽ, ഇനി തങ്ങൾക്കു ജീവിതത്തിൽ ദൈവത്തിന്റെ പരിപൂർണഹിതം നിറവേറ്റാൻ കഴിയുകയില്ലെന്നു കരുതുന്ന പല സഹോദരീസഹോദരന്മാരുണ്ട്.

ഈ കാര്യത്തിൽ സ്വന്തധാരണകളെയോ യുക്തികളെയോ ആശ്രയിക്കുന്നതിനുപകരം തിരുവചനം എന്തു പറയുന്നു എന്നു നമുക്കു നോക്കാം.

ഒന്നാമതായി ബൈബിൾ ആരംഭിക്കുന്നത് എങ്ങനെയാണെന്നു ശ്രദ്ധിക്കുക:

“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു” (ഉല്പത്തി 1:1).

ആകാശവും ഭൂമിയും ദൈവം സൃഷ്ടിച്ചപ്പോൾ അതു പൂർണതയുള്ളതായിരുന്നു. അപൂർണവും മുഴുമിപ്പിക്കാത്തതുമായ ഒന്ന് അവിടുത്തെ കര



**തന്റെ ജീവിതത്തെ നിങ്ങളെക്കാൾ വഷളാക്കിയിരുന്ന മറ്റൊരുവൻ ദൈവത്തിന്റെ പൂർണഹിതം എന്ന ലക്ഷ്യം തന്റെ ജീവിതത്തിൽ കൈവരിച്ചിരിക്കുന്നു! അതിന് ഒരേ ഒരു കാരണമേയുള്ളൂ-അവൻ വിശ്വസിച്ചു.**

**എങ്ങനെയാണ് രൂപമില്ലാത്ത, ശൂന്യമായ, പാഴായ ഈ ഭൂമിയെ ദൈവം ഇത്രമനോഹരമായി പുനർസൃഷ്ടിച്ചത്? ദൈവത്തിന്റെ ആത്മാവ് അതിന്മേൽ പരിവർത്തിച്ചുകൊണ്ടിരുന്നു, ദൈവം തന്നെ കല്പിച്ചു-ഈ രണ്ടു കാര്യങ്ങളാണ് പാഴും ശൂന്യവുമായ ഭൂമിക്കു രൂപാന്തരം വരുത്തിയതെന്ന്. നാം എത്രമാത്രം തോറ്റു പോകുകയും നമ്മുടെ ജീവിതത്തെ അങ്ങേയറ്റം കുഴപ്പമാക്കിത്തീർക്കുകയും ചെയ്താലും ദൈവത്തിനു നമ്മുടെ ജീവിതത്തെ തന്റെ ആത്മാവിനാലും വചനത്താലും മഹത്വപൂർണ്ണമാക്കിത്തീർക്കാൻ കഴിയും എന്ന സന്ദേശമാണിതു നൽകുന്നത്.**

ങ്ങളിൽ നിന്നുണ്ടാവുക സാധ്യമല്ലല്ലോ!

എന്നാൽ അവിടുന്നു സൃഷ്ടിച്ച ദൂതന്മാരിൽ ചിലർ വീണുപോയി (യെശയ്യാവ് 14:11-15, യെഹസ്കേൽ 28:13-18 എന്നീ ഭാഗങ്ങൾ ശ്രദ്ധിക്കുക) അതിനെ തുടർന്നാണ് ഉൽപത്തി 1:2 ൽ കാണുന്ന പാഴും ശൂന്യവുമായ അവസ്ഥയിൽ ഭൂമി എത്തിച്ചേർന്നത്.

എങ്ങനെയാണ് രൂപമില്ലാത്ത, ശൂന്യമായ, പാഴായ ഈ ഭൂമിയെ ദൈവം ഇത്രമനോഹരമായി പുനർസൃഷ്ടിച്ചതെന്നാണ് ഉൽപത്തി ഒന്നാം അദ്ധ്യായത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ പറയുന്നത്. അങ്ങനെ പുനർസൃഷ്ടിച്ച ഈ ഭൂമി ദൈവം തന്നെ 'വളരെ നന്ന്' എന്നു പറയത്തക്കവണ്ണം സുന്ദരമായിരുന്നു! (ഉൽപത്തി 1:31). ദൈവത്തിന്റെ ആത്മാവ് അതിന്മേൽ പരിവർത്തിച്ചുകൊണ്ടിരുന്നു, ദൈവം തന്നെ കല്പിച്ചു-ഈ രണ്ടു കാര്യങ്ങളാണ് പാഴും ശൂന്യവുമായ ഭൂമിക്കു രൂപാന്തരം വരുത്തിയതെന്ന് ഉൽപത്തി 1:2,3 വചനങ്ങളിൽ നിന്നു വ്യക്തം.

ഇതിൽ നിന്ന് ഇന്ന് നമുക്കു ലഭിക്കുന്ന സന്ദേശം എന്താണ്?

നാം എത്രമാത്രം തോറ്റു പോകുകയും നമ്മുടെ ജീവിതത്തെ അങ്ങേയറ്റം കുഴപ്പമാക്കിത്തീർക്കുകയും ചെയ്താലും ദൈവത്തിനു നമ്മുടെ ജീവിതത്തെ തന്റെ ആത്മാവിനാലും വചനത്താലും മഹത്വപൂർണ്ണമാക്കിത്തീർക്കാൻ കഴിയും എന്ന സന്ദേശമാണിതു നൽകുന്നത്.

ഭൂമിയെയും ആകാശത്തെയും ആദ്യമായി സൃഷ്ടിച്ചപ്പോൾ ദൈവത്തിന് അവയെക്കുറിച്ച് പൂർണമായ ഒരു പദ്ധതിയുണ്ടായിരുന്നു. പക്ഷേ ലൂസിഫറിന്റെ പരാജയം മൂലം ഈ പദ്ധതി മാറ്റിവയ്ക്കേണ്ടിവന്നു. പക്ഷേ ദൈവം ആ പാഴും ശൂന്യവുമായ അവസ്ഥയിൽ നിന്ന് ഭൂമിയെയും ആകാശങ്ങളേയും പുനർസൃഷ്ടിച്ച് 'ഏറ്റവും നല്ല'തൊന്നിനു രൂപം നൽകി.

തുടർന്ന് എന്താണ് സംഭവിച്ചതെന്ന് ശ്രദ്ധിക്കാം:

ദൈവം ആദമിനെയും ഹവ്വയെയും സൃഷ്ടിച്ച് എല്ലാം പുതുതായി ആരംഭിച്ചു. ദൈവത്തിന് അവരെ സംബന്ധിച്ചും പൂർണമായ ഒരു പദ്ധതിയുണ്ടായിരുന്നു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം ഭക്ഷിച്ച് പാപം ചെയ്തു പരാജയപ്പെടുന്നതു തീർച്ചയായും ആ പദ്ധതിയുടെ ഭാഗമായിരുന്നില്ല. പക്ഷേ വിലക്കപ്പെട്ട കനി ഭക്ഷിച്ച് അവരെക്കുറിച്ചുള്ള ദൈവിക പദ്ധതിയെ-അതെന്തായിരുന്നാലും-അവർ തകിടം മറിച്ചു.

ഇനി അവർക്കൊരിക്കലും ദൈവത്തിന്റെ സമ്പൂർണമായ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുകയില്ലെന്നു നമ്മുടെ യുക്തി പറഞ്ഞെന്നിരിക്കും. എന്നാൽ ദൈവം പിന്നീടു തോട്ടത്തിൽ അവരെ സന്ദർശിക്കുവാൻ എത്തിയപ്പോൾ ഇനി അവർക്കു തന്റെ ഏറ്റവും നല്ലതിനു താഴെയുള്ള പദ്ധതിയിൽ മാത്രമേ ജീവിക്കാൻ കഴിയുകയുള്ളൂ എന്നു പറയുന്നില്ല. ഇല്ല, മറിച്ച് ഉൽപത്തി 3:15 ൽ അവിടുന്നു നൽകുന്ന





വാഗ്ദാനം സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്നാണ്. ലോകത്തിന്റെ പാപത്തിന്റെ പരിഹാരമായി യേശു മരിക്കുകയും സാത്താനെ കാൽവറിയിൽ ജയിക്കുകയും ചെയ്യുമെന്ന വാഗ്ദാനമായിരുന്നു അത്.

ഇനി ഈ വസ്തുതകൾ പരിഗണിച്ച് നിങ്ങളുടെ യുക്തി ഉപയോഗിച്ച് ഒരു നിഗമനത്തിൽ എത്തിച്ചേരാമോ?

ക്രിസ്തുവിന്റെ മരണം നിത്യത മുതലുള്ള ദൈവത്തിന്റെ പൂർണപദ്ധതിയാണെന്നു നമുക്കറിയാം. "ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്" (വെളിപ്പാട് 13:8) എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. എന്നാൽ ആദമും ഹവ്വയും പാപം ചെയ്ത് പരാജയപ്പെട്ടതുകൊണ്ട് മാത്രമാണ് യേശു മരിക്കേണ്ടിവന്നതെന്നും നമുക്കറിയാം. അപ്പോൾ യുക്തി അനുസരിച്ചു നോക്കിയാൽ ലോകത്തിന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി ക്രിസ്തു മരിക്കുകയെന്ന ദൈവത്തിന്റെ പരിപൂർണഹിതം നിറവേറിയതു ആദാം വിജയിച്ചതുകൊണ്ടല്ല മറിച്ച് പരാജയപ്പെട്ടതുകൊണ്ടാണ്! ആദാമിന്റെ പാപം സംഭവിച്ചില്ലായിരുന്നെങ്കിൽ കാൽവറിക്രൂശിൽ ദൈവത്തിന്റെ സ്നേഹം നമുക്കു കാണാൻ കഴിയുകയില്ലായിരുന്നു!

ഇതെല്ലാം നമ്മുടെ യുക്തിയുടെ പൊള്ളത്തരമല്ലേ വെളിവാക്കുന്നത്? ഇതുകൊണ്ടാണ് 'നാം സ്വന്ത വിവേകത്തിൽ ഊന്നരുതെന്ന്' തിരുവെഴുത്തു പറഞ്ഞിരിക്കുന്നത് (സദൃശവാക്യം 3:5).

ഗണിതശാസ്ത്രപരമായ ഒരു യുക്തി അനുസരിച്ചു ദൈവം പ്രവർത്തിച്ചിരുന്നെങ്കിൽ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവ് അവിടുത്തെ രണ്ടാമത്തെ നല്ല പദ്ധതി മാത്രമാണെന്നു പറയേണ്ടി വരും. പക്ഷേ അങ്ങനെ പറഞ്ഞാൽ അതു ദൈവദൂഷണമാണ്. അതു മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ പരിപൂർണപദ്ധതി തന്നെയായിരുന്നു. ദൈവം ഒരു തെറ്റു വരുത്തുകയില്ല.

**നിരന്തരം പരാജയപ്പെട്ട ഒരുവനെ ദൈവത്തിന് എടുത്ത് അവിടുത്തെ പരിപൂർണ്ണഹിതം- ദൈവത്തിന്റെ രണ്ടാമത്തെ നല്ല പദ്ധതിയല്ല, ഏറ്റവും നല്ല പദ്ധതി തന്നെ- അവനിൽ നിറവേറ്റുവാൻ ദൈവത്തിനു കഴിയും. അവനെ മറന്നുപോകാത്ത നല്ല ചില പാഠങ്ങൾ പഠിപ്പിക്കുവാനായി, അവന്റെ പരാജയങ്ങളെപ്പോലും ദൈവത്തിന്റെ പരിപൂർണഹിതത്തിന്റെ ഭാഗമാക്കുവാൻ ദൈവത്തിനു കഴിയും**

ദൈവം സർവശക്തനും നിത്യനുമായതുകൊണ്ട്, ആദിയിൽത്തന്നെ അവിടുത്തേക്ക് അവസാനവും അറിയാവുന്നതുകൊണ്ട്, സ്നേഹത്തിൽ അവിടുന്ന് നിശ്ശബ്ദമായി നമുക്കുവേണ്ടി പ്ലാൻ ചെയ്യുന്നതുകൊണ്ട് നമ്മോടുള്ള അവിടുത്തെ ഇടപാടുകളെപ്പറ്റി വിശദീകരിക്കാൻ ശ്രമിക്കുമ്പോൾ നമ്മുടെ യുക്തി അമ്പേ തോറ്റുപോകുകയാണ്.

ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ല. അവിടുത്തെ വിചാരങ്ങൾ നമ്മുടെ വിചാരങ്ങളുമല്ല. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ ദൈവത്തിന്റേയും നമ്മുടെയും വഴികളും വിചാരങ്ങളും തമ്മിൽ അകന്നിരിക്കുന്നു. (യെശയ്യാവ് 55:8,9). അതുകൊണ്ട് ദൈവത്തിന്റെ വഴികൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ നാം നമ്മുടെ സമർത്ഥമായ യുക്തിയെയും ചിന്തകളെയും മാറ്റിവയ്ക്കുന്നതാണ് നല്ലത്.

അപ്പോൾ ബൈബിളിന്റെ ആദ്യപേജുമുതൽ ദൈവം നമുക്കു തരുവാൻ ശ്രമിക്കുന്ന സന്ദേശം എന്താണ്? പരാജയപ്പെട്ട ഒരുവനെ എടുത്ത് അവനിൽ നിന്ന് മഹത്വപൂർണമായ ഒന്നുണ്ടാക്കു

**പാപത്തിന്റെ മേലുള്ള യഥാർത്ഥ ജയത്തെ എപ്പോഴും ആഴമേറിയ താഴ്മ അകമ്പടി സേവിക്കും. നമ്മുടെ ആത്മവിശ്വാസത്തെ തകർക്കുന്നതിൽ നിരന്തര പരാജയങ്ങൾക്ക് ഒരു പങ്ക് വഹിക്കാനുണ്ട്. അങ്ങനെ ദൈവത്തിന്റെ കൃപയില്ലാതെ പാപത്തിന്റെ മേൽ ജയം സാധ്യമല്ലെന്നു നമുക്ക് ബോധ്യമാകും. അങ്ങനെയാകുമ്പോൾ ഒടുവിൽ നമുക്കു ജയം കിട്ടുമ്പോൾ അതെച്ചൊല്ലി നമുക്കൊരിക്കലും ഒന്നും പ്രശംസിക്കാനുണ്ടായിരിക്കുകയില്ല.**

കയും അവന്റെ ജീവിതത്തിൽ ദൈവത്തിന്റെ പരിപൂർണഹിതം നിറവേറ്റുകയും ചെയ്യാൻ അവിടുത്തേക്കു കഴിയും എന്നതാണത്.

ഇതാണു മനുഷ്യനോടുള്ള ദൈവത്തിന്റെ സന്ദേശം. നാം ഇതൊരിക്കലും മറന്നുപോകരുത്: നിരന്തരം പരാജയപ്പെട്ട ഒരുവനെ ദൈവത്തിന് എടുത്ത് അവിടുത്തെ പരിപൂർണ്ണഹിതം- ദൈവത്തിന്റെ രണ്ടാമത്തെ നല്ല പദ്ധതിയല്ല, ഏറ്റവും നല്ല പദ്ധതി തന്നെ- അവനിൽ നിറവേറ്റുവാൻ ദൈവത്തിനു കഴിയും.

അവനെ മറന്നുപോകാത്ത നല്ല ചില പാഠങ്ങൾ പഠിപ്പിക്കുവാനായി, അവന്റെ പരാജയങ്ങളെപ്പോലും ദൈവത്തിന്റെ പരിപൂർണഹിതത്തിന്റെ ഭാഗമാക്കുവാൻ ദൈവത്തിനു കഴിയും എന്നതാണിതിനു കാരണം. ഇതു മനുഷ്യയുക്തിക്കു മനസ്സിലാക്കുവാൻ പ്രയാസമാണ്. എന്തെന്നാൽ നാം ദൈവത്തെ വളരെ കുറച്ചേ മനസ്സിലാക്കിയിട്ടുള്ളു.

ദൈവത്തിനു നുറക്കപ്പെട്ട മനുഷ്യരെ മാത്രമേ-പുരുഷനേയും സ്ത്രീയെയും -ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. നമ്മെ നുറുക്കുവാനുള്ള ദൈവത്തിന്റെ വഴികളിലൊന്നാണ് നിരന്തരമായ തോൽവി.

നമ്മെ അനുഗ്രഹിക്കുന്നതിനു ദൈവത്തിനുള്ള ഏറ്റവും വലിയ പ്രശ്നം എന്തെന്നു വച്ചാൽ അനുഗ്രഹം നമ്മെ നിഗളത്തിലേക്കു നയിക്കാതെ നമ്മെ എങ്ങനെ അനുഗ്രഹിക്കാൻ കഴിയും എന്നതാണ്. കോപത്തിന്റെ മേൽ വിജയം ലഭിക്കുകയും എന്നിട്ട് അതെക്കുറിച്ച് പ്രശംസിക്കുകയും ചെയ്താൽ നാം കൂടുതൽ ആഴമുള്ള ഒരു കുഴിയിൽ വീഴുകയാണ്. വിജയം നൽകിയശേഷവും നമ്മെ താഴ്മയിൽ ദൈവത്തിനു സൂക്ഷിക്കേണ്ടിയിരിക്കുന്നു.

പാപത്തിന്റെ മേലുള്ള യഥാർത്ഥ ജയത്തെ എപ്പോഴും ആഴമേറിയ താഴ്മ അകമ്പടി സേവിക്കും. നമ്മുടെ ആത്മവിശ്വാസത്തെ തകർക്കുന്നതിൽ നിരന്തര പരാജയങ്ങൾക്ക് ഒരു പങ്ക് വഹിക്കാനുണ്ട്. അങ്ങനെ ദൈവത്തിന്റെ കൃപയില്ലാതെ പാപത്തിന്റെ മേൽ ജയം സാധ്യമല്ലെന്നു നമുക്ക് ബോധ്യമാകും. അങ്ങനെയാകുമ്പോൾ ഒടുവിൽ നമുക്കു ജയം കിട്ടുമ്പോൾ അതെച്ചൊല്ലി നമുക്കൊരിക്കലും ഒന്നും പ്രശംസിക്കാനുണ്ടായിരിക്കുകയില്ല.

മാത്രമല്ല, നാം തന്നെ പലവട്ടം പരാജയപ്പെട്ടിട്ടുള്ളതിനാൽ തോറ്റ മറ്റൊരാളെ നമുക്കു നിന്ദാപൂർവ്വം വീക്ഷിക്കുവാൻ കഴിയുകയില്ല. നമ്മുടെ തന്നെ എണ്ണമറ്റ പരാജയങ്ങൾ മൂലം നമ്മുടെ ജഡത്തിന്റെ ബലഹീനത നാം കണ്ടിട്ടുള്ളതിനാൽ തോറ്റുപോകുന്നവരോട് സഹതപിക്കുവാൻ നമുക്കു കഴിയും. നാമും 'ബലഹീനത പൂണ്ടവരാകയാൽ അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും സഹതാപം കാണിക്കാൻ' സാധിക്കും (എബ്രായർ 5:2).

ഇത്തരം ഒരു സന്ദേശം കേട്ടാൽ യുക്തിയാൽ ഭരിക്കപ്പെടുന്ന ഒരുവൻ ഇങ്ങനെ പറഞ്ഞേക്കാം: "എങ്കിൽ കൂടുതൽ നന്മവരാൻ വേണ്ടി നമുക്കു കൂടുതൽ പാപ ചെയ്യാം".

ഇത്തരം ഒരു മനുഷ്യനോട് റോമർ 3:7,8 വാക്യങ്ങൾ നൽകുന്ന ഉത്തരം കേൾക്കുക: ദൈവത്തിന്റെ സത്യം എന്റെ ഭോഷ്കിനാൽ അവന്റെ മഹത്വത്തിനായി അധികം തെളിവായി എങ്കിൽ എന്നെ പാപി എന്നു വിധിക്കുന്നത് എന്ത്? നല്ലതു വരേണ്ടതിനു തീയതു ചെയ്തു എന്നു പറയരുതോ? ഞങ്ങൾ അങ്ങനെ പറയുന്നു എന്നു ചിലർ ഞങ്ങളെ ദുഷിച്ചു പറയുന്നുവല്ലോ. ഇവർക്കു വരുന്ന ശിക്ഷാവിധി നീതിയുള്ളതു തന്നെ

(നിങ്ങൾ പറയുന്നു: 'എന്റെ സത്യസന്ധതയില്ലായ്മ ദൈവത്തിന്റെ സത്യസന്ധതയിലേക്കു വിരൽ ചൂണ്ടുന്നതു മൂലം ദൈവത്തിനു മഹത്വം വരുമല്ലോ. ഈ ആശയത്തിലൂടെ മുന്നോട്ടുപോയാൽ നിങ്ങൾ ഈ നിഗമനത്തിലെത്തും: നാം എത്ര മോശമാകുന്നുവോ, ദൈവത്തിനു അത് അത്രത്തോളം പ്രസാദകരമാണ്! പക്ഷേ ഇങ്ങനെ വാദിക്കുന്നവർക്കു വരുന്ന ശിക്ഷാവിധി നീതികരിക്കത്തക്കതാണ്- ലിവിങ് ബൈബിൾ)

ഇല്ല. 'നല്ലതു വരേണ്ടതിനുവേണ്ടി നാം പാപം ചെയ്യുക' എന്നു പറയാൻ പാടില്ല. ദൈവത്തിന്റെ കൃപയെ നമുക്കു മുതലെടുക്കാമെന്നും ദൈവത്തെ ബോധപൂർവം നിരന്തരം അനുസരിക്കാതിരിക്കാമെന്നും എന്നിട്ടും നാം വിതച്ചതിന്റെ ഫലം അനുഭവിക്കാതെ പോകാമെന്നും കരുതരുത്. ഇല്ല സാധ്യമല്ല.

എന്നാൽ തോറ്റുപോയ മനുഷ്യന്റെ മേൽ ചൊരിയുന്ന ദൈവകൃപയെ മാനുഷികയുക്തിക്ക് ഉൾക്കൊള്ളാൻ കഴിയുകയില്ലെന്നു നാം പറഞ്ഞുകൊണ്ടിരിക്കണം. ദൈവത്തിന് ഒന്നും അസാധ്യമല്ല-നിരന്തരം ദാരുണമാം വിധം പരാജയപ്പെട്ടിട്ടും നമ്മെ അവിടുത്തെ പൂർണഹിതത്തിലേക്കു മടക്കിക്കൊണ്ടുവരുന്നതുപോലും. നമ്മുടെ അവിശ്വാസത്തിനു മാത്രമേ തന്നെ തടയുവാൻ കഴിയുകയുള്ളു.





**തോറ്റുപോയ മനുഷ്യന്റെ മേൽ ചൊരിയുന്ന ദൈവകൃപയെ മാനുഷികയുക്തിക്ക് ഉൾക്കൊള്ളാൻ കഴിയുകയില്ലെന്നു നാം പറഞ്ഞുകൊണ്ടിരിക്കണം. ദൈവത്തിന് ഒന്നും അസാധ്യമല്ല-നിരന്തരം ദാരുണമാം വിധം പരാജയപ്പെട്ടിട്ടും നമ്മെ അവിടുത്തെ പൂർണഹിതത്തിലേക്കു മടക്കിക്കൊണ്ടുവരുന്നതുപോലും. നമ്മുടെ അവിശ്വാസത്തിനു മാത്രമേ തന്നെ തടയുവാൻ കഴിയുകയുള്ളു.**

നിങ്ങൾ ഇങ്ങനെ പറയുകയാണെന്നിരിക്കട്ടെ: "പക്ഷേ ഞാൻ പലവട്ടം കാര്യങ്ങൾ വഷളാക്കിയിട്ടുണ്ട്. ഇനി ഇപ്പോൾ എന്നെ തന്റെ പൂർണഹിതത്തിലേക്കു മടക്കിക്കൊണ്ടുവരിക എന്നതു ദൈവത്തിന് അസാധ്യമാണ്". അങ്ങനെയാണു നിങ്ങൾ പറയുന്നതെങ്കിൽ ഇനി ദൈവത്തിന് അത് അസാധ്യമാണ്. കാരണം അവിടുത്തേക്കു നിങ്ങൾക്കുവേണ്ടി ചെയ്യാൻ കഴിയുന്നതിൽ നിങ്ങൾക്കു വിശ്വസിക്കാനാവുന്നില്ല. യേശു പറഞ്ഞത് ദൈവത്തിന് നമ്മെ സംബന്ധിച്ച് അസാധ്യമായി ഒന്നും ഇല്ലെന്നാണ്. പക്ഷേ നാം വിശ്വസിക്കേണ്ടിയിരിക്കുന്നു.

"നിന്റെ വിശ്വാസം പോലെ നിനക്കു ഭവിക്കട്ടെ". എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ദൈവത്തിന്റെ പ്രമാണമാണിത് (മത്തായി 9:29). നമുക്കു വിശ്വാസം ഉണ്ടെങ്കിൽ നമുക്കതു ലഭിക്കും. എന്നാൽ നമ്മുടെ ജീവിതത്തിൽ ചില കാര്യങ്ങൾ ചെയ്യാൻ ദൈവത്തിനു സാധിക്കുകയില്ല എന്നാണു നാം വിശ്വസിക്കുന്നതെങ്കിൽ അതു നമ്മുടെ ജീവിതത്തിൽ നടപ്പാകുകയില്ല.

നേരേ മറിച്ച് നിങ്ങൾ ഒരിക്കൽ യേശുവിന്റെ ന്യായാസനത്തിനു മുൻപാകെ നില്ക്കുമ്പോൾ നിങ്ങൾ ഒരു കാര്യം കണ്ടെത്തും. തന്റെ ജീവിതത്തെ

**ദൈവം തന്റെ ഏറ്റവും 'ഉത്തമ'മായതു പരാജയപ്പെട്ടവർക്കും നൽകും എന്നതാണ് പല വർഷങ്ങൾ പാഴാക്കിയ ധൂർത്തപുത്രന്റെ അനുഭവം നമ്മെ കാണിക്കുന്നത്. ആ ഉപമയിലെ പിതാവ് പറയുന്നത് ശ്രദ്ധിക്കുക: 'വേഗത്തിൽ ഏറ്റവും മേല്ത്തരമായ അങ്കികൊണ്ടു വന്ന് അവനെ ധരിപ്പിക്കുക' സുവിശേഷത്തിന്റെ 'സുവാർത്ത' ഇതാണ്:-ഒരു പുതിയ തുടക്കം. ഒരിക്കൽ മാത്രമല്ല. പിന്നേയും പിന്നേയും. കാരണം ദൈവം ഒരാളെയും ഒരിക്കലും എഴുതിത്തള്ളുന്നില്ല.**

നിങ്ങളെക്കാൾ വഷളാക്കിയിരുന്ന മറ്റൊരുവൻ ദൈവത്തിന്റെ പൂർണഹിതം തന്റെ ജീവിതത്തിൽ കൈവരിച്ചിരിക്കുന്നു! അതിന് ഒരേ ഒരു കാരണമേയുള്ളൂ. അവൻ വിശ്വസിച്ചു. അതുകൊണ്ട് ദൈവത്തിന് അവന്റെ ജീവിതത്തിന്റെ തകർന്ന കഷണങ്ങളിൽ നിന്ന് 'വളരെ നല്ല' ഒന്നിനു രൂപം നൽകാൻ കഴിഞ്ഞു.

നിങ്ങളുടെ പാരാജയങ്ങളല്ല മറിച്ച് നിങ്ങളുടെ അവിശ്വാസമാണ് നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയെ താളം തെറ്റിച്ചതെന്ന് അന്നു കണ്ടെത്തുമ്പോൾ എത്ര വലിയ ദുഃഖമായിരിക്കും നിങ്ങൾക്ക് ആ ദിവസം ഉണ്ടാവുക!

ദൈവം തന്റെ ഏറ്റവും 'ഉത്തമ'മായതു പരാജയപ്പെട്ടവർക്കും നൽകും എന്നതാണ് പല വർഷങ്ങൾ പാഴാക്കിയ ധൂർത്തപുത്രന്റെ അനുഭവം നമ്മെ കാണിക്കുന്നത്. ആ ഉപമയിലെ പിതാവ് പറയുന്നത് ശ്രദ്ധിക്കുക: 'വേഗത്തിൽ ഏറ്റവും മേല്ത്തരമായ (the best) അങ്കികൊണ്ടുവന്ന് അവനെ ധരിപ്പിക്കുക' തന്നെ ഏറ്റവും മോശമായ നിലയിൽ തള്ളിക്കളഞ്ഞ മകനുവേണ്ടിയാണ് ഈ ആജ്ഞ എന്നോ ർക്കണം. സുവിശേഷത്തിന്റെ 'സുവാ ർത്ത' ഇതാണ്:-ഒരു പുതിയ തുടക്കം. ഒരിക്കൽ മാത്രമല്ല. പിന്നേയും പിന്നേയും. കാരണം ദൈവം ഒരാളെ യും ഒരിക്കലും എഴുതിത്തള്ളുന്നില്ല.

തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിനു പുറപ്പെട്ട വീട്ടുടയവന്റെ ഉപമയും (മത്തായി 20:1-16) ഇതേ കാര്യം തന്നെയാണു നമ്മെ പഠിപ്പിക്കുന്നത്. പതിനൊന്നാം മണിക്കൂറിൽ വേലയ്ക്കായി വിളിക്കപ്പെട്ടവർക്കാണ് അവിടെ ഒന്നാമതു കൂലി ലഭിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ തങ്ങളുടെ ജീവിതത്തിന്റെ 90 ശതമാനവും (പന്ത്രണ്ടു മണിക്കൂറിൽ പതിനൊന്നും) നഷ്ടപ്പെടുത്തിയവർക്ക്, നിത്യതയിൽ വിലയുള്ളത് ഒന്നും ചെയ്യാതെ പാഴാക്കിക്കളഞ്ഞവർക്ക്, തങ്ങളുടെ ജീവിതത്തിന്റെ അവശേഷിച്ച 10 ശതമാനം കൊണ്ട് ദൈവത്തിനു മഹത്വകരമായ ചില പ്രവൃത്തികൾ ചെയ്യാൻ കഴിയുമെന്നാണ് ഇതു തെളിയിക്കുന്നത്. പരാജയപ്പെട്ട എല്ലാവർക്കും ഇതു വലിയ ഉത്സാഹം തരുന്നു.

'ദൈവപുത്രൻ വെളിപ്പെട്ടതിന്റെ കാരണം പിശാചുചെയ്ത പ്രവൃത്തികളെ അഴിക്കുക (ഇല്ലാതെയാക്കുക) എന്നതായിരുന്നു? (1 യോഹന്നാൻ 3:8 ആംപ്ലിഫൈഡ് ബൈബിൾ).

പിശാച് നമ്മുടെ ജീവിതത്തിൽ കെട്ടിയ എല്ലാ കെട്ടുകളേയും അഴിക്കുന്നതിനുവേണ്ടിയാണ് യേശു വന്നതെന്ന് ഈ വാക്യം അർത്ഥമാക്കുന്നു. ഇതിനെ ഈ വിധത്തിൽ ചിത്രീകരിക്കാം: നമ്മൾ ജനിച്ചപ്പോൾ ദൈവം നമ്മുടെ എല്ലാം കൈയിൽ ഒരോ നൂലുണ്ട തന്നു. നാം ഒരോ ദിവസവും ജീവിച്ചപ്പോൾ നാം ആ നൂലുണ്ട അഴിച്ച് അതിൽ കെട്ടുകൾ ഇടുകയാണ് (പാപം ചെയ്യുക) ചെയ്തത്. പല

(ശേഷം പേജ് 14 ൽ)



നുറുങ്ങുവെട്ടം

മൂകസന്ദേശം-8

# അലറുന്ന സിംഹം

സന്ദീപ് പുന്നൻ

**ഞാ**ൻ സ്കൂൾവിദ്യാർത്ഥി ആയിരുന്നപ്പോൾ നാല് ഗ്രൂപ്പുകളായി കുട്ടികളെ തിരിച്ച് സ്കൂൾതലത്തിൽ മത്സരങ്ങൾ നടത്തിയിരുന്നു. ഓരോ ഗ്രൂപ്പിന്റേയും പേര് ഓരോ മൃഗത്തിന്റെ പേരായിരുന്നു. കിന്റർഗാർട്ടനിൽ പഠിക്കുമ്പോൾ ഞാൻ 'സിംഹ'ഗ്രൂപ്പിൽ ആയിരുന്നു!

ആ കാലത്താണോ എനിക്ക് സിംഹങ്ങളോട് ഇത്രയധികം താത്പ ര്യം തുടങ്ങിയതെന്ന് നിശ്ചയമില്ല. പക്ഷേ ഓർമ്മയായ കാലം മുതൽ സിംഹങ്ങൾ എന്നെ എന്തെന്നില്ലാതെ ആകർഷിച്ചിരുന്നു. വനങ്ങളിൽ വിഹരിക്കുന്ന സിംഹങ്ങളെപ്പറ്റിയുള്ള നിരവധി ചിത്രങ്ങളും, ചലച്ചിത്രങ്ങളും കാണാൻ ഇടയായിട്ടുണ്ട്. രാജകീയ പ്രൗഢിയുള്ള മൃഗരാജന്റെ ഓരോ ചുവടുവയ്പ്പും കാണാൻ എന്തൊരു കൗതുകമാണ്! സിംഹഗർജ്ജനം സിംഹത്തിന്റെ പേരിനോട് ചേർന്നു നിൽക്കുന്നു. 'ഗർജ്ജിക്കുന്നു' എന്ന് കേൾക്കുമ്പോഴേ ആരും സിംഹത്തെ ഓർത്തുപോവുന്നു. സിംഹഗർജ്ജനം കേട്ട ആരും അത് മറക്കില്ല. മൃഗശാല സന്ദർശിച്ചപ്പോൾ ആദ്യമായി സിംഹഗർജ്ജനം കേട്ടത് ഇന്നും വ്യക്തമായി ഓർക്കുന്നു. സിംഹക്കൂട്ടിൽ നിന്നും ദൂരെ ആയിരുന്നിട്ടും ആ ഗർജ്ജനം കേട്ട ഞങ്ങൾ ആകെ ഭയന്നുവിറച്ചുപോയി. ആരും ശ്വാസം അടക്കിപ്പിടിച്ചു ശ്രദ്ധിച്ചുപോകുന്ന ഒരു ആജ്ഞാശക്തി ആ ഗർജ്ജനത്തിനുണ്ടെന്ന് വ്യക്തമാണ്.

ബൈബിളിൽ പത്രോസ് അപ്പോസ്തലൻ പിശാചിനെ ചിത്രീകരിക്കാൻ അലറുന്ന സിംഹത്തിന്റെ സഹായം തേടുന്നതായി നാം കാണുന്നു. 1 പത്രോസ് 5:8-9 ൽ നാം വായിക്കുന്നു: "ആത്മനിയന്ത്രണം ഉള്ളവരായിരിപ്പിൻ. ജാഗ്രത പുലർത്തുവിൻ. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണം എന്ന് തിരഞ്ഞുകൊണ്ട് ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ സ്ഥിരതയു ള്ളവരായി പിശാചിനോട് എതിർത്തു നിൽപ്പിൻ. ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോദരർ ഇതേ വിധത്തിലുള്ള കഷ്ടതകളിലൂടെ കടന്നുപൊയ്ക്കൊ ണ്ടിരിക്കുന്നു എന്ന് അറിയുവിൻ."

ഇവിടെ പിശാചിനെ സിംഹത്തോട് ഉപമിച്ചിരിക്കുന്നത് രസകരമത്രേ. പിശാച് നമ്മെ 'വിഴുങ്ങിക്കളയുവാൻ' എങ്ങനെയാണ് ശ്രമിക്കുന്നത് എന്നതിന് ഒരു സൂചന ഈ വചനങ്ങളിലുണ്ട്. വനാന്തരങ്ങളിൽ വച്ച് ഒരു സിംഹം എങ്ങനെയാണ് ഇര പിടിക്കുന്നത് എന്ന് ഗ്രഹിക്കുമ്പോൾ പത്രോസ് പിശാചിന്റെ തന്ത്രത്തെപ്പറ്റി പറയുന്നത് നമുക്ക് വ്യക്തമാകും.

സിംഹം ഒരു മാനിനെ ആക്രമി ക്കാൻ ആഗ്രഹിക്കുമ്പോൾ ശ്രദ്ധയോടെ പതുങ്ങി നടക്കും. വളർന്നു നില്ക്കുന്ന കുറ്റിച്ചെടികൾക്കും പുൽമേടുകൾക്കും ഇടയിലൂടെ ഇരയുടെ ദൃഷ്ടിയിൽപ്പെടാതെ അടുത്തു ചെല്ലും. ഒരു ഉണങ്ങിയ

**സാത്താൻ നാളുകളായി കൈയടക്കിവച്ചിരിക്കുന്ന നമ്മുടെ ജീവിതത്തിന്റെ മേഖലകളെ കീഴടക്കാൻ നാം മുന്നോട്ട് ആയുമ്പോൾ അവൻ നെഞ്ചുവിരിച്ച് അലറാൻ തുടങ്ങും. നാം ദൈവത്തിന്റെ ആയുധവർഗ്ഗം ധരിച്ചവരായി യേശുവിന്റെ പക്ഷത്തു നിന്നുകൊണ്ട് നിഷ്പ്രയാസം അവനെ കീഴടക്കാൻ സാദ്ധ്യമായിരിക്കെ അകത്തുനിന്നും ഈ "സിംഹഗർജ്ജനം" കേൾക്കുന്ന മാത്രയിൽ നാം ഭീരുക്കളായി പിൻമാറുന്നു! പിശാചിന്റെ ഗർജ്ജനത്തിൽ ഭയപ്പെട്ട് നാം യുദ്ധം ചെയ്യാൻ വിമുഖരാകുന്നതിനാൽ യുദ്ധം തുടങ്ങും മുമ്പു തന്നെ സാത്താൻ ജയിക്കുകയാണ് പതിവ്!.**

ശിഖരം അടർന്നുവീഴുന്നതിന്റെ ഒച്ചയോ ഇലകളുടെ മർമ്മരശബ്ദമോ കേട്ടാൽ മാൻ ക്ഷണത്തിൽ ഓടി രക്ഷപ്പെടും. അങ്ങനെ ശ്രദ്ധാപൂർവ്വം മുന്നറിയിപ്പില്ലാതെ ഇരയുടെ സമീപത്തെത്തുന്ന സിംഹം നൊടിയിടയിൽ മാനിന്റെ മേൽ ചാടിവീണ് അതിനെ കീഴ്പ്പെടുത്തുകയാണ് ചെയ്യാറ്. സിംഹത്തെ സംബന്ധിച്ചിടത്തോളം ഫലപ്രദമായ ആക്രമണത്തിന്റെ രഹസ്യം കാപട്യവും നിശ്ശബ്ദതയുമാണ്. അലറുന്നതുപോയിട്ട് ഇരയ്ക്ക് മുന്നറിയിപ്പു നൽകുന്ന ഒരു നേരിയ ശബ്ദംപോലും ഉണ്ടാക്കാൻ സിംഹം തയ്യാറാകുകയില്ല. അതായത് ഇരയെ ആക്രമിക്കുമ്പോൾ സിംഹം ഒരിക്കലും അലറുകയില്ല. എന്നാൽ അവയുടെ നിയന്ത്രണത്തിലുള്ള പ്രദേശം വ്യക്തമാക്കാൻ സിംഹങ്ങൾ ഗർജ്ജിക്കാറുണ്ട്. ഒരു വന്യമൃഗം തന്റെ പ്രദേശത്തേക്ക് നുഴഞ്ഞുകയ റുമ്പോൾ പുറത്തുപോകാനുള്ള അറിയിപ്പാണ് ഈ അലർച്ച. ഈ അലർച്ചയുടെ ഗാംഭീര്യത്തിൽ ഭയചകിതരായി ഏതൊരു നുഴഞ്ഞു കയറ്റക്കാരനും സ്ഥലം വിട്ടിരിക്കും!

ക്രിസ്ത്യാനികളായ നമ്മെ പിശാച് മിക്കപ്പോഴും ആക്രമിക്കുന്ന വിധം സിംഹം ഇരപിടിക്കുന്നതുമായി വളരെ സാമ്യമുള്ളതായി ഞാൻ കാണുന്നു. നാമധേയക്രിസ്ത്യാനികളുടെ കാര്യമല്ല ഇവിടെ പറയുന്നത്. യേശുവിനെ ജീവിതത്തിൽ മാതൃകയായും, കർത്താവായും, പാപത്തിൽ നിന്നു രക്ഷനേടാനുള്ള ഏകവഴിയായും കണ്ട് യേശുവിൽ സജീവവിശ്വാസം അർപ്പിച്ചവരെപ്പറ്റിയാണ് ഞാൻ പറയുന്നത്. അത്തരം ക്രിസ്ത്യാനികൾക്കറിയാം ദൈവം അവർക്ക് ധരിക്കാൻ ഒരു ആയുധവർഗ്ഗം നൽകിയിട്ടുണ്ടെന്ന്. യേശുവിലുള്ള രക്ഷ എന്ന ശിരസ്ത്രം അവർ സംരക്ഷണത്തിനായി ഉപയോഗിക്കുന്നു. ദൈവവചനം എന്ന ആത്മാവിന്റെ വാൾ ഉപയോഗിച്ച് അവർ പോരാടുന്നു. ഈ വിധം ആയുധം ധരിച്ച ഒരു ക്രിസ്ത്യാനിയെ കാണുമ്പോൾ തന്നെ പിശാചിനറിയാം അവന് 'ഇരപിടിക്കാൻ' സാദ്ധ്യത ഇല്ലെന്ന്. ഇത്തരം ക്രിസ്ത്യാനികൾ ഒരിക്കൽ അവരെ നിയന്ത്രിച്ചിരുന്ന ദുഃസ്വഭാവങ്ങളിൽ നിന്നും സ്വതന്ത്രരായി, ദൈവരാജ്യത്തിന് മുൻഗണന നൽകിക്കൊണ്ട്, ദൈവത്തിൽ വിശ്രമിക്കുന്നതായി കാണുമ്പോൾ പിശാചിന് എന്ത് അസ്വസ്ഥതയാണ് ഉണ്ടാകുന്നത്!

പിശാച് സിംഹത്തെപ്പോലെ ഗർജ്ജിച്ചുകൊണ്ട് നമ്മെ ഭയപ്പെടു ത്തുവാനാണ് അപ്പോൾ ശ്രമിക്കുന്നത്. ഭയവും ഭീഷണിയും കൊണ്ട് ക്രിസ്ത്യാനിയെ സ്തംഭിപ്പിച്ചു നിസ്സംഗതയിലേക്കും നിഷ്ക്രിയത്വത്തിലേക്കും തള്ളിവിടുകയാണ് അവന്റെ ലക്ഷ്യം. പിശാച് നമ്മെ ഭീഷണിപ്പെടുത്തുന്നവിധങ്ങളിൽ ചിലത് താഴെ പ്പറയുന്നു:

1) യേശുവിന്റെ ശിഷ്യത്വം തികച്ചും വിരസമാണെന്നും, ഈ ലോകത്തിന്റെ വശ്യതയും, സൗന്ദര്യവും, രസമുള്ള ജീവിതവും സ്വന്തമാക്കാൻ യേശുവിനോടു മാത്രമുള്ള 'സ്നേഹവും വിധേയത്വവും' തടസ്സമാണെന്നും





സാത്താൻ പറയും.

2) സാഹചര്യങ്ങളേയും മനുഷ്യരെയും അവൻ നമുക്കെതിരാക്കി നാം ദൈവത്താൽ ശപിക്കപ്പെട്ടവരാണെന്ന തോന്നൽ ഉളവാക്കുവാൻ ശ്രമിക്കും. (സ്നേഹവാനായ സ്വർഗ്ഗീയപിതാ വിൽ ഈ തിന്മ ആരോപിക്കാൻ പിശാചിനുമാത്രമേ കഴിയൂ!!).

3) നമ്മെ പിറകോട്ട് പിടിച്ചുവലിക്കുന്ന കാര്യങ്ങൾ നമ്മുടെ വ്യക്തിത്വത്തിന്റെ പ്രത്യേകതകൾ, പൂർവ്വികരുടെ സ്വഭാവം, ഇന്നത്തെ സംസ്കാരം, ഇവയൊക്കെ മൂലമാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കും.

സാത്താൻ നാളുകളായി കൈയടക്കിവച്ചിരിക്കുന്ന നമ്മുടെ ജീവിതത്തിന്റെ മേഖലകളെ കീഴടക്കാൻ നാം മുന്നോട്ട് ആയുമ്പോൾ അവൻ നെഞ്ചുവിരിച്ച് അലറാൻ തുടങ്ങും. നാം ദൈവത്തിന്റെ ആയുധവർഗ്ഗം ധരിച്ചവരായി യേശുവിന്റെ പക്ഷത്തു നിന്നുകൊണ്ട് നിഷ്പ്രയാസം അവനെ കീഴടക്കാൻ സാദ്ധ്യമായിരിക്കെ അകത്തുനിന്നും ഈ "സിംഹഗർജ്ജനം" കേൾക്കുന്ന മാത്രയിൽ നാം ഭീരുക്കളായി പിൻമാറുന്നു! പിശാചിന്റെ ഗർജ്ജനത്തിൽ ഭയപ്പെട്ട് നാം യുദ്ധം ചെയ്യാൻ വിമുഖരാകുന്നതിനാൽ യുദ്ധം തുടങ്ങും മുമ്പു തന്നെ സാത്താൻ ജയിക്കുകയാണ് പതിവ്!.

എന്നാൽ ക്രിസ്ത്യാനികളായ നാം എങ്ങനെയാണ് ജയിക്കേണ്ടത് എന്നതു പത്രോസ് വ്യക്തമാക്കുന്നു. പിശാചിനോട് എതിർത്ത് ഉറച്ചു നിൽക്കമാത്രം ചെയ്യുക. ഗർജ്ജനശബ്ദം കേൾക്കുമ്പോൾ പിൻമാറാതിരിക്കുക. പിശാച് തന്റെ അധീനതയിലുള്ള മേഖലകൾ അവകാശപ്പെട്ടുകൊണ്ട് ഗർജ്ജനത്തോടെ ചുറ്റിത്തിരിയുമ്പോൾ ഭയപ്പെട്ട് പിൻമാറാനുള്ള പരീക്ഷയിൽ ചെറുത്തുനിൽക്കുക. അവനോട് എതിർത്ത് ഉറച്ചു നിൽക്കുക!

**പിശാചിനോട് എതിർത്ത് ഉറച്ചു നിൽക്കമാത്രം ചെയ്യുക. ഗർജ്ജനശബ്ദം കേൾക്കുമ്പോൾ പിൻമാറാതിരിക്കുക. പിശാച് തന്റെ അധീനതയിലുള്ള മേഖലകൾ അവകാശപ്പെട്ടുകൊണ്ട് ഗർജ്ജനത്തോടെ ചുറ്റിത്തിരിയുമ്പോൾ ഭയപ്പെട്ട് പിൻമാറാനുള്ള പരീക്ഷയിൽ ചെറുത്തുനിൽക്കുക. അവനോട് എതിർത്ത് ഉറച്ചു നിൽക്കുക!**

സ്വസ്ഥതയുള്ള ഒരു ജീവിതം നമുക്ക് അസാദ്ധ്യമാണെന്ന് ചിന്തിച്ച് തലതാഴ്ത്തി നിൽക്കുന്നത് താഴ്മയാണെന്ന് കരുതാതിരിക്കുക. പിശാചിന്റെ ഗർജ്ജനശബ്ദം തന്നെയാണ് നിങ്ങൾ കേട്ടതെന്നതിൽ സന്ദേഹം വേണ്ട, പക്ഷേ നിങ്ങളെ കടിച്ചുകീറാൻ ആ 'സിംഹം' അശക്തനാണ്! ദൈവം നിങ്ങളെ ആക്കിയിരിക്കുന്ന സ്ഥാനത്ത് ദൈവികവാഗ്ദാനം വിശ്വസിച്ചുകൊ ണ്ട് ഉറച്ചു നിൽക്കുമ്പോൾ നിങ്ങൾ പിശാചിന്റെ ശക്തിയില്ലായ്മ വെളിപ്പെടുത്തും!

യുവാക്കളായ സ്നേഹിതരേ! ദൈവം നമ്മെ ക്രിസ്തുവിൽ എന്താക്കിയിരിക്കുന്നു എന്നകാര്യം നാം ഒരിക്കലും മറന്നുപോകരുത്. ദൈവം നമ്മെ ക്രിസ്തുവിൽ ജയാളികളാകാൻ വേണ്ടി വിളിച്ചിരിക്കുന്നു എന്ന സത്യം വിശ്വസിക്കയും ആ വാഗ്ദാനം അവകാശമായിപ്പറഞ്ഞുകൊണ്ട് പിശാചിനോട് എതിർത്ത് ഉറച്ചു നിൽക്കയും ചെയ്യുന്ന ഒരു കൂട്ടം ചെറുപ്പക്കാരെ ഈ തലമുറയിൽ ദൈവത്തിന് ആവശ്യമുണ്ട്. നിങ്ങൾ ആ കൂട്ടത്തിൽ ആയിരിക്കാൻ തീരുമാനി ക്കുമോ?

## പരാജയപ്പെട്ടവരെക്കുറിച്ചുള്ള... *പേജ് 10 ൽ നിന്ന്*

വർഷങ്ങൾക്കു ശേഷം ഇന്നു നമ്മുടെ കൈവശം ഉള്ള നൂലിൽ ആയിരക്കണക്കിനു കെട്ടുകൾ വീണിരിക്കുന്നതായി നാം നിരാശയോടെ കണ്ടെത്തുന്നു. പക്ഷേ 'പിശാച്' കെട്ടിയ എല്ലാ കെട്ടുകളേയും അഴിക്കുന്നതിനുവേണ്ടിയാണ് യേശു വന്നത്. അതുകൊണ്ട് ഏറ്റവും കൂടുതൽ കെട്ടുകളുള്ള നൂല് കൈവശമുള്ള ആളിനും പ്രതീക്ഷയ്ക്കു വകയുണ്ട്. കർത്താവിന് ഒരോ കെട്ടും അഴിച്ച് നിങ്ങളുടെ കൈയിൽ വീണ്ടും പഴയമട്ടിലുള്ള ഒരു നൂലുണ്ട തരുവാൻ കഴിയും. ഇതാണു സുവിശേഷത്തിന്റെ സന്ദേശം: "നിങ്ങൾക്ക് ഒരു പുതിയ ആരംഭം കുറിക്കുവാൻ കഴിയും".

"അത് അസാധ്യമാണ്"–നിങ്ങൾ പറഞ്ഞേക്കാം. ശരി എങ്കിൽ നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ലഭിക്കും. ഫലം, നിങ്ങളുടെ ജീവിതത്തിൽ അത് അസാധ്യമായിരിക്കും. പക്ഷേ നിങ്ങളുടെ ജീവിതത്തെക്കാൾ കുഴഞ്ഞുമറിഞ്ഞ ജീവിതമുള്ള ഒരുവൻ "അതേ. ദൈവം എനിക്കുവേണ്ടി അതു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു" എന്നു പറയുന്നതു ഞാൻ കേൾക്കുന്നു. അവന് അവന്റെ വിശ്വാസം പോലെ ലഭിക്കും. അവന്റെ ജീവിതത്തിൽ ദൈവത്തിന്റെ പൂർണഹിതം നിറവേറപ്പെടും.

ഒരു പ്രായോഗികദൃഷ്ടാന്തം കൊണ്ടു യിരെമ്യവിന് ദൈവം ഇക്കാര്യം വെളിപ്പെടുത്തിക്കൊടുത്തത് യിരെമ്യാവ് 18:1–6 ൽ നാം കാണുന്നു. ഒരു കുശവന്റെ വീട്ടിലേക്കു പോകാൻ യിരെമ്യാവിനോട് ആവശ്യപ്പെടുന്നു. അവിടെ ചെന്നപ്പോൾ കുശവൻ ഒരു പാത്രം ഉണ്ടാക്കിക്കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ ആ പാത്രം 'കുശവന്റെ കൈയിൽ തന്നെ ചീത്തയായിപ്പോയി'. അപ്പോൾ കുശവൻ എന്താണു ചെയ്തത്? 'അവൻ അതിനെ തനിക്കു ബോധിച്ചതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു'.

ഇനി ഈ ദൃഷ്ടാന്തത്തിന്റെ പ്രായോഗികപാഠം. "ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിന്നോടു (........) ചെയ്യുവാൻ കഴിയുകയില്ലേ?" ഇതായിരുന്നു കർത്താവിന്റെ ചോദ്യം (ഇവിടെ മുകളിലെ ബ്രായ്ക്കറ്റിലെ ഒഴിഞ്ഞ സ്ഥലത്തു നിങ്ങളുടെ പേരു ചേർത്തു വായിച്ചാൽ അതു നിങ്ങളോടുള്ള ദൈവത്തിന്റെ ചോദ്യമാണെന്നു കാണാം.)

നിങ്ങളുടെ എല്ലാ പരാജയങ്ങളെക്കുറിച്ചും നിങ്ങൾക്ക് ദൈവികമായ ഒരനുതാപം ഉണ്ടെങ്കിൽ നിങ്ങളുടെ പാപങ്ങൾ രക്താംബരംപോലെ കടുഞ്ചുവപ്പായിരുന്നാലും അവൻ അത് ഹിമം പോലെ വെളുപ്പിക്കും. ഇതാണു പഴയ ഉടമ്പടിയിലെ വാഗ്ദാനം (യെശയ്യാ. 1:18). പക്ഷേ പുതിയ ഉടമ്പടിയിൽ ദൈവം ഇതു കൂടാതെ മറ്റൊരു വാഗ്ദാനം കൂടി നൽകുന്നുണ്ട്–'ഞാൻ നിങ്ങളുടെ പാപങ്ങളെ ഒരു നാളും ഇനി ഓർക്കുകയുമില്ല' (എബ്രായർ 8:12).

നിങ്ങളുടെ അബദ്ധങ്ങളും പരാജയങ്ങളും എന്തു തന്നെയായാലും നിങ്ങൾക്ക് ദൈവത്തോടൊപ്പം ഒരു പുതിയ തുടക്കം കുറിക്കുവാൻ കഴിയും. നിങ്ങൾ ഇതിനു മുൻപ് ഒരായിരം വട്ടം പുതുതായി തുടങ്ങുകയും പരാജയപ്പെടുകയും ചെയ്തുവെന്നിരിക്കട്ടെ. എങ്കിലും നിങ്ങൾ ഇന്ന് 1001–ാമതായി വീണ്ടും എല്ലാം പുതുതായി തുടങ്ങാം. ദൈവത്തിനു നിങ്ങളുടെ ജീവിതത്തിൽ നിന്ന് ഇനിയും മനോഹരമായ ഒന്നു പുനഃസൃഷ്ടിക്കാൻ കഴിയും. ജീവിതം ഉള്ളിടത്തോളം പ്രത്യാശയ്ക്കു വകയുണ്ട്.

അതുകൊണ്ട് ദൈവത്തെ വിശ്വസിക്കുന്നതിൽ പരാജയപ്പെടരുത്. ദൈവത്തിനു തന്റെ കുഞ്ഞുങ്ങളിൽ ഒരു വലിയ പ്രവൃത്തി ചെയ്തെടുക്കാൻ കഴി





# മാതാപിതാക്കൾ ഉത്തരവാദികൾ

ജോസ് മാത്യു, തിരുവനന്തപുരം

**അ**തേ, മാതാപിതാക്കളായിരിക്കുകയെന്നത് ഭാരിച്ച ഒരു ഉത്തരവാദിത്വവും അതോടൊപ്പം അനുഗ്രഹത്തിന്റെ മാർഗ്ഗവുമാണ്. എന്നാൽ ക്രിസ്തീയവിശ്വാസികളിൽത്തന്നെ നല്ലൊരു ഭാഗവും ഈ ഉത്തരവാദിത്വം വേണ്ടവണ്ണം ഗ്രഹിച്ചിട്ടില്ല എന്നു തോന്നിപ്പോകും. മക്കളെ സംബന്ധിച്ചുള്ള കർത്തവ്യനിർവ്വഹണത്തിൽ മിക്കവെരും കുറ്റകരമായ അനാസ്ഥയാണ് പുലർത്തിപ്പോരുന്നത്.

ഒരിക്കൽ കുലീനനായ ഒരു യുവാവിനെ ഗൗരവമായ കുറ്റത്തിന് പോലീസ് അറസ്റ്റുചെയ്തു കോടതിയിൽ ഹാജരാക്കി. നിശ്ചിതദിവസം വിധികേൾക്കാനായി വലിയൊരു ജനസമൂഹം കോടതിപരിസരത്ത് എത്തിച്ചേർന്നു. അയാളെ പന്ത്രണ്ടുവർഷത്തെ കഠിന തടവിന് ശിക്ഷിച്ചതായി വിധിയുണ്ടായി. കോടതിയിൽ നിന്നിറങ്ങുമ്പോൾ ജനക്കൂട്ടത്തോടായി അയാൾ ഇപ്രകാരം പറഞ്ഞു:"എന്നെ അറസ്റ്റു

യാത്തതിനു കാരണം അവരുടെ ഭൂതകാല പരാജയങ്ങളല്ല മറിച്ച് അവരുടെ അവിശ്വാസമാണ്.

അതുകൊണ്ട് വിശ്വാസത്തിൽ ശക്തിപ്പെട്ട് നമുക്ക് ദൈവത്തിനു മഹത്വം കൊടുക്കാം (റോമർ 4:20). ഇന്നുവരെ അസാധ്യമെന്നു നാം കരുതിയിരുന്ന കാര്യങ്ങൾ വരും ദിവസങ്ങളിൽ അവിടുന്നു നമ്മുടെ ജീവിതത്തിൽ ചെയ്യാനായി നമുക്കു ദൈവത്തെ വിശ്വസിക്കാം.

എല്ലാവർക്കും–പ്രായമുള്ളവർക്കും ചെറുപ്പക്കാർക്കും–അവർ ഭൂതകാലത്തിൽ എത്രവട്ടം തോറ്റുപോയവരാണെങ്കിലും, തങ്ങളുടെ പരാജയങ്ങളെ അംഗീകരിച്ച് വിനയത്തോടെ ദൈവത്തെ വിശ്വസിക്കാൻ തയ്യാറാവുമെങ്കിൽ പ്രതീക്ഷയ്ക്കു വകയുണ്ട്.

നമുക്കെല്ലാം നമ്മുടെ പരാജങ്ങളിൽ നിന്നു പാഠം പഠിച്ച് ദൈവത്തിന്റെ പൂർണഹിതം നമ്മുടെ ജീവിതത്തിൽ നിറവേറ്റാൻ കഴിയും.

അങ്ങനെയെങ്കിൽ പൂർണ്ണമായി പരാജയപ്പെട്ട ജീവിതങ്ങളെ തനിക്ക് എങ്ങനെ പണിയാനാകുമെന്നതിന്റെ ഉത്തമദൃഷ്ടാന്തമായി ദൈവത്തിനു മറ്റുള്ളവർക്കു നമ്മെ കാട്ടിക്കൊടുക്കാൻ വരുംകാലങ്ങളിൽ കഴിയും.

'ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനം' മൂലം നമ്മിൽ എന്തു ചെയ്യാൻ കഴിഞ്ഞുവെന്ന് ആ നാളിൽ അവിടുന്ന് കാണിക്കും (എഫേസ്യർ 2:6). ഹല്ലേലുയ്യ!

ആമേൻ, ആമേൻ.

**നമ്മുടെ മക്കളെ സംബന്ധിച്ച് നാം ഉത്തരവാദികളാണ്; അവരെ ദൈവത്തിനു പ്രയോജനമുള്ളവരായി വളർത്തിക്കൊണ്ടു വന്ന് ഒടുവിൽ അവിടുത്തെ മുമ്പിൽ നിറുത്തുവാൻ നമുക്ക് ബാധ്യതയുണ്ട്. നാമവർക്ക് ദൈവികമായ മൂല്യങ്ങൾ പകർന്നു നൽകണം; ഈ ദുഷ്ടലോകവ്യവസ്ഥിതിയുടെ ദുഷിപ്പുകളും തിന്മകളും അവരിൽ കടക്കാതെ നാമവരെ പരിരക്ഷിക്കണം; അവരെ ദൈവ രാജ്യത്തിന്റെ ഉത്തമപൗരന്മാരായി, ക്രിസ്തുവിന്റെ സാക്ഷികളായി വളർത്തിക്കൊണ്ടു വരണം.**

ചെയ്ത പോലീസുകാരോട് എനിക്കൊരു വിരോധവുമില്ല; അവർ തങ്ങളുടെ ജോലി ചെയ്തു. വിധി കല്പിച്ച ജഡ്ജിയോടും എനിക്കു വിരോധമില്ല; അദ്ദേഹം നീതി നിവർത്തിക്കുകയാണ് ചെയ്തത്. എന്നാൽ എനിക്ക് ഒരിക്കലും ക്ഷമിക്കാൻ കഴിയാത്ത രണ്ടു പേർ ഈ കോടതി പരിസരത്തുണ്ട്-അത് എന്നെ ദൈവഭയമില്ലാത്തവനായും മര്യാദകെട്ടവനായും വളർത്തിയ എന്റെ മാതാപിതാക്കളാണ്!!

**നാം ഉത്തരവാദികൾ**: ഈ കഥ എന്തിലേക്കാണ് വിരൽ ചൂണ്ടുന്നത്? മാതാപിതാക്കൾ എന്ന നിലയ്ക്കുള്ള നമ്മുടെ ഭാരിച്ച ഉത്തരവാദിത്വത്തിലേക്കു തന്നെ. 'ഞാൻ എന്റെ മക്കളുടെ കാവൽക്കാരനോ'? എന്നു നാം ചിലപ്പോൾ സംശയിച്ചേക്കാം. അതേ, മാതാപിതാക്കളായ നാം ഈ തിന്മ നിറഞ്ഞ തലമുറയിൽ നമ്മുടെ മക്കളുടെ കാവൽക്കാർ തന്നെയാണ്. ഇളയ മകനായ ബെന്യാമീനെ സഹോദരന്മാരോടൊപ്പം ധാന്യം കൊണ്ടുവരേണ്ടതിന് മിസ്രയീംദേശത്തേക്ക് അയയ്ക്കാൻ അവരുടെ പിതാവായ യാക്കോബ് വിസമ്മതം പ്രകടിപ്പിക്കുന്ന ഭാഗം ശ്രദ്ധിക്കുക. ആദ്യജാതനായ രൂബേൻ വന്ന് പിതാവിനെ സമ്മതിപ്പിക്കാനായി ഒരു ശ്രമം നടത്തി: "എന്റെ കൈയിൽ അവനെ ഏല്പിക്കുക; ഞാൻ അവനെ നിന്റെ അടുക്കൽ മടക്കിക്കൊണ്ടുവരും; ഞാൻ അവനെ നിന്റെ അടുക്കൽ കൊണ്ടുവരാത്തപക്ഷം എന്റെ രണ്ടു പുത്രന്മാരെ കൊന്നുകളയുക. (ഉൽപ.42:37). എങ്കിലും രൂബേന്റെ ഈ ഉറപ്പുകൾ യാക്കോബിന് സ്വീകാര്യമായില്ല; ബെന്യാമീനെ അവനൊടൊപ്പം വിട്ടയച്ചതുമില്ല.

എന്നാൽ കുറേ ദിവസങ്ങൾക്കുശേഷം ഈ വിഷയം സംബന്ധിച്ച് വീണ്ടും അവർക്കിടയിൽ ഒരു സംസാരമുണ്ടായി; യഹൂദാ അപ്പനായ യാക്കോബിനോട് ''....ബാലനെ എന്നോടുകൂടെ അയയ്ക്കേണം; എന്നാൽ ഞങ്ങൾ പോകാം. ഞാൻ അവനുവേണ്ടി ഉത്തരവാദി ആയിരിക്കാം; നീ അവനെ എന്റെ കൈയിൽ നിന്നു ചോദിക്കേണം. ഞാൻ അവനെ നിന്റെ അടുക്കൽ കൊണ്ടു വന്നു അവനെ നിന്റെ മുമ്പിൽ നിറുത്തുന്നില്ലെങ്കിൽ ഞാൻ സദാകാലവും നിനക്കു കുറ്റക്കാരനായിക്കൊ ള്ളാം" (ഉൽപ.43:8,9).

ഈ വാക്കുകൾ യാക്കോബിനു സ്വീകാര്യമായി. എന്തുകൊണ്ട്? ഒന്നാമതായി, 'ഞാൻ അവനുവേണ്ടി ഉത്തരവാദിയായിരിക്കാം' (I myself will be surety for him) എന്ന പ്രസ്താവന. രണ്ടാമത്, 'പിഴവുകൾ സംഭവിച്ചാൽ ഞാൻ ആജീവനാന്തം കുറ്റക്കാരനായിരിക്കാം' എന്ന സമ്മതം. യഹൂദായുടെ അത്യന്തം ഗൗരവപൂർണ്ണമായ ഈ നിലപാടുകളാണ് ഇളയ മകനെ അയാളുടെ കൈയിൽ വിശ്വസിച്ചേല്പിക്കുവാൻ യാക്കോബിനെ പ്രേരിപ്പിച്ചത്.





ഇനി വളരെ ശ്രദ്ധയോടെ കേൾക്കുക: ഇതേ അടിസ്ഥാനത്തിൽത്തന്നെയാണ് ദൈവം മക്കളെ മാതാപിതാക്കളുടെ കൈകളിൽ ഏല്പിച്ചിരിക്കുന്നത്. നമ്മുടെ മക്കളെ സംബന്ധിച്ച് നാം ഉത്തരവാദികളാണ്; അവരെ ദൈവത്തിനു പ്രയോജനമുള്ളവരായി വളർത്തിക്കൊണ്ടുവന്ന് ഒടുവിൽ അവിടുത്തെ മുമ്പിൽ നിറുത്തുവാൻ നമുക്ക് ബാധ്യതയുണ്ട്. നാമവർക്ക് ദൈവികമായ മൂല്യങ്ങൾ പകർന്നു നൽകണം; ഈ ദുഷ്ടലോകവ്യവസ്ഥിതിയുടെ ദുഷിപ്പുകളും തിന്മകളും അവരിൽ കടക്കാതെ നാമവരെ പരിരക്ഷിക്കണം; അവരെ ദൈവരാജ്യത്തിന്റെ ഉത്തമപൗരന്മാരായി, ക്രിസ്തുവിന്റെ സാക്ഷികളായി വളർത്തിക്കൊണ്ടു വരണം. നാം അപ്രകാരം ചെയ്യാത്ത പക്ഷം നിശ്ചയമായും ദൈവം നമ്മെ കുറ്റക്കാരായി കണ്ടെത്തും എന്നറിയുക.

**കുറ്റബോധം വേണ്ടാ**: ഇക്കാര്യത്തിൽ മാതാപിതാക്കൾ സ്വയം കുറ്റപ്പെടുത്താതെ ശ്രദ്ധിക്കേണ്ടതുണ്ട്. നിങ്ങളുടെ മക്കൾ മുതിർന്നുവന്നശേഷമാണ് നിങ്ങൾ ക്രിസ്തുവിനെ രക്ഷകനായി കണ്ടുമുട്ടാനിടയായതെങ്കിൽ ഈ വിഷയത്തിൽ നിങ്ങൾക്ക് വളരെ പരിമിതികളുണ്ട്; ഭാഗികമായ ഉത്തരവാദിത്വമേ ഇവിടെ ദൈവം നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നുള്ളൂ. എങ്കിലും കഴിയുന്നിടത്തോളം ദൈവസഹായം തേടുകയും ഉത്തരവാദിയായിരിക്കുകയും ചെയ്യുക.

നമ്മുടെ ജീവിതപങ്കാളിയെ സംബന്ധിച്ചും ഇക്കാര്യത്തിൽ നാം പരിമിതമായ നിലയിലേ ഉത്തരവാദികൾ ആകുന്നുള്ളൂ. ആത്മീയതാത്പര്യമോ പ്രതികരണമോ ഇല്ലാത്ത ഒരു പങ്കാളിയെ ദൈവമുമ്പാകെ എത്തിക്കുകയെന്ന കാര്യത്തിൽ ഒരു വിശ്വാസിയുടെ നിസ്സഹായത ദൈവം നന്നായി അറിയുന്നുണ്ട്.

**നോഹയും ഭാര്യയും മാതാപിതാക്കൾ എന്ന നിലയിലുള്ള തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നന്നായി തിരിച്ചറിഞ്ഞവരും മക്കളെ ദൈവികമായ മൂല്യങ്ങൾ അഭ്യസിപ്പിക്കുന്നതിൽ പൂർണ്ണ ഗൗരവം പുലർത്തിയവരും ആയിരുന്നു. തൽഫലമായി ആ പിതാവിന്റെ ദൈവികദർശനത്തെ മാതാവും മക്കളും മരുമക്കളുമെല്ലാം അഭിമാനപൂർവ്വം വിശ്വസിച്ച് ഉൾക്കൊള്ളുകയും സമകാലികരായ മറ്റു മനുഷ്യരുടെ തെറ്റായ മൂല്യങ്ങളെയും പാപവഴികളെയും മടികൂടാതെ തള്ളിക്കളയുകയും ചെയ്തു.**

എന്നാൽ നിങ്ങളുടെ ഭവനത്തിൽ ജനിച്ചുവളർന്നുവരുന്ന, നിങ്ങളുടെ നിയന്ത്രണത്തിൽ ദൈവം ഏല്പിച്ചിട്ടുള്ള കുഞ്ഞുങ്ങളുടെ സ്ഥിതി അപ്രകാരമല്ല. "ഒരു കുളമ്പുപോലും മിസ്രയീമിൽ ശേഷിച്ചുകൂടാ" (പുറ. 10:26) എന്നു ഫറവോനോട് ഖണ്ഡിതമായി പ്രസ്താവിച്ച മോശെയുടെ നിശ്ചയദാർഢ്യം ഓരോ മാതാപിതാക്കൾക്കും ഇന്നാവശ്യമാണ്. നിങ്ങളുടെ കുഞ്ഞുങ്ങളിൽ ഒരാൾപോലും സാത്താന്റെ ബന്ധനത്തിൽപ്പെട്ട് ഈ ലോകത്തിന്റെ പാപങ്ങളിൽ നശിച്ചുപോകാൻ അനുവദിച്ചുകൂടാ. വളരെ പ്രാർത്ഥനയോടും ക്ഷമയോടും മാതൃകാജീവിതത്തോടും കൂടെ നാമവരെ ദൈവരാജ്യത്തിലെ നല്ല പൗരന്മാരായി വളർത്തിക്കൊണ്ടുവരുവാൻ കടപ്പെട്ടവർ തന്നെയാണ്.

**വിശ്വാസത്തിന്റെ പ്രവൃത്തി**: നോഹയുടെ ജീവിതം ശ്രദ്ധിക്കുക. വിശ്വാസവീരനായ നോഹ "അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തിയോടെ തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം

**ആരോഗ്യമുള്ള ഏതൊരു പ്രാദേശികസഭയുടേയും പിൻബലം ആത്മീയ ആരോഗ്യമുള്ള കുടുംബങ്ങളാണ്. അങ്ങനെയെങ്കിൽ ദൈവസഭ ശക്തിയാർജ്ജിച്ച് വളരുന്നത് മാതാപിതാക്കൾ തങ്ങളുടെ കടമകൾ തിരിച്ചറിഞ്ഞ് നിറവേറ്റുമ്പോഴാണ്. പരാജയങ്ങളെ നോക്കി നിരാശപ്പെടുകയല്ല, വെല്ലുവിളികളെ മുമ്പിൽക്കണ്ട് സമർപ്പിതരായി സധൈര്യം മുന്നേറുകയാണ് നാം ചെയ്യേണ്ടത്.**

പണിതു.'' (എബ്രാ.11:7). അദ്ദേഹത്തിന്റെ 'വിശ്വാസത്തിന്റെ പ്രവൃത്തി' പെട്ടകം നിർമ്മിച്ചതിൽ മാത്രം ഒതുങ്ങുന്നില്ല; പൂർണ്ണ അനുസരണമുള്ളവരും ദൈവത്തിന്റെ പ്രവൃത്തികളിൽ തന്നോടു ചേർന്നുനിന്ന് സഹകരിക്കുന്നവരുമായ മൂന്ന് ആൺമക്കളെ ആ നിലയിൽ വളർത്തിക്കൊണ്ടുവന്നതും നോഹയുടെ വിശ്വാസത്തിന്റെ പ്രവൃത്തിയായിരുന്നു!

നോഹയും ഭാര്യയും മാതാപിതാക്കൾ എന്ന നിലയിലുള്ള തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നന്നായി തിരിച്ചറിഞ്ഞവരും മക്കളെ ദൈവികമായ മൂല്യങ്ങൾ അഭ്യസിപ്പിക്കുന്നതിൽ പൂർണ്ണഗൗരവം പുലർത്തിയവരും ആയിരുന്നു. തൽഫലമായി ആ പിതാവിന്റെ ദൈവികദർശനത്തെ മാതാവും മക്കളും മരുമക്കളുമെല്ലാം അഭിമാനപൂർവ്വം വിശ്വസിച്ച് ഉൾക്കൊള്ളുകയും സമകാലികരായ മറ്റു മനുഷ്യരുടെ തെറ്റായ മൂല്യങ്ങളെയും പാപവഴികളെയും മടികൂടാതെ തള്ളിക്കളയുകയും ചെയ്തു. വിശ്വാസികളായ മാതാപിതാക്കളേ, ഉറക്കം വിട്ട് ഉണരാം, ഉത്തരവാദികളായിരിക്കാം.

**അബ്രഹാമിന്റെ ഭവനം:** വിശ്വാസികളുടെ പിതാവായ അബ്രാഹാമിനെക്കുറിച്ച് ദൈവം പ്രസ്താവിച്ചിരിക്കുന്നു:"അബ്രാഹാം തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും.....യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിന് ഞാൻ അവനെ തെരഞ്ഞെടുത്തിരിക്കുന്നു" (ഉൽപ.18:19). അബ്രാഹാമിനെ തെരഞ്ഞെടുത്തതിന്റെ ഉദ്ദേശ്യം ഇവിടെ വ്യക്തമാണ്-തന്റെ മക്കളോട് അധികാരപൂർവ്വം ചില കാര്യങ്ങൾ കല്പിക്കുക അഥവാ പഠിപ്പിക്കുക. നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് മക്കൾ യഹോവയുടെ വഴിയിൽ നേരേ നടക്കുവാൻ തക്കവണ്ണം അവരെ പഠിപ്പിക്കുക, പരിശീലിപ്പിക്കുക-ഇതാ യിരുന്നു ദൈവിക തെരഞ്ഞെടുപ്പിന്റെ ഒരു ലക്ഷ്യം. ദൈവം തന്റെ ചുമലിൽവെച്ച മഹത്തായ ഈ ഉത്തരവാദിത്വത്തെ അബ്രഹാം ഒരിക്കലും ലഘുവായി കാണുകയോ അവഗണിക്കുകയോ ചെയ്തില്ല.

വാഗ്ദത്തസന്തതിയായ യിസ്ഹാക്കിന്റെ സ്വഭാവവും ജീവിതവും ശ്രദ്ധിച്ചാൽ മേൽപ്പറഞ്ഞ വസ്തുത നമുക്കു വ്യക്തമാകും. കൗമാരം കടന്ന് യൗവനത്തിലേക്കു കാലൂന്നിയ യിസ്ഹാക്ക് അതാ, പിതാവിന്റെ പിന്നാലെ ഒരു കെട്ട് വിറകും ചുമന്ന് മല കയറിപ്പോകുന്നു. താൻ തന്നെയാണ് യാഗവസ്തുവെന്ന വസ്തുത അവന് അറിഞ്ഞുകൂടാ. ''ദൈവം തനിക്ക് ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും, മകനേ" (ഉൽപ.22:8) എന്ന് അബ്രഹാം മറുപടി നൽകുമ്പോഴും യിസ്ഹാക്ക് ആ വാക്കുകളെ സംശയിക്കുന്നില്ല; അപ്പന്റെ വാക്കുകളിൽ ആ മകൻ യാതൊരു ദുരുദ്ദേശ്യവും സങ്കൽപ്പിക്കുന്നില്ല എന്നതും ശ്രദ്ധിക്കുക.





സംശയിച്ചിരുന്നെങ്കിൽ അവന് ഓടി രക്ഷപ്പെടാൻ കഴിയുമായിരുന്നല്ലോ. ഒടുവിൽ യാഗവസ്തുതാനാണെന്ന് ഗ്രഹിച്ച യിസ്ഹാക്ക് എതിർപ്പോ പ്രതിരോധമോ ഭാവിക്കാതെ ദൈവഹിതത്തിന് കീഴ്പ്പെടുകയാണ്. അപ്പൻ അവനെ കൈകാലുകൾ ബന്ധിച്ച് യാഗപീഠത്തിന്മേൽ കിടത്തുന്നു. ശ്രദ്ധിക്കേണമേ! ആ പിതാവിന് കുതറിയോടുന്ന മകന്റെ പിറകേ ഓടി ഒരു മൽപ്പിടുത്തത്തിലൂടെ അവനെ കീഴ്പ്പെടുത്തേണ്ടിവന്നിട്ടുണ്ടാവില്ല. (അതാണല്ലോ ഇന്നത്തെ ലോകത്തിന്റെ ഗതി). നൂറ്റിഇരുപതോടടുത്തു വയസ്സു പ്രായം ചെന്ന ആ വൃദ്ധ പിതാവിനെ ഒരു മൽപ്പിടുത്തത്തിൽ തറപറ്റിക്കുവാൻ യുവാവായ യിസ്ഹാക്കിന് ഒരു പക്ഷേ കഴിയുമായിരുന്നു. എന്നാൽ എന്തുകൊണ്ടാണ് അവൻ പിതാവിന്റെ താത്പര്യത്തെ ചോദ്യം ചെയ്യാതെ അനുസരിച്ചത്?

മറുപടി തികച്ചും ലളിതം. ദൈവികമായ മൂല്യങ്ങളും സ്വഭാവങ്ങളും പെരുമാറ്റച്ചട്ടങ്ങളും അബ്രഹാം തന്റെ കുടുംബത്തിൽ തികച്ചും സ്വാഭാവികമായ നിലയിൽ സ്ഥാപിച്ചിരുന്നു. സത്യം, നീതി, സ്നേഹം, കരുണ, അനുസരണം, സുതാര്യത, മുതിർന്നവരെ ആദരിക്കൽ ഇത്യാദി നന്മകൾ നിറഞ്ഞ വായു ശ്വസിച്ചാണ് യിസ്ഹാക്ക് ആ ഭവനത്തിൽ വളർന്നുവന്നത്. മറ്റുള്ളവരെ സദാ സംശയദൃഷ്ടിയോടെ കാണുക, കുറ്റംപറയുക, കപടമായി സംസാരിക്കുക, ഏതുവിധവും സമ്പത്തും ആഡംബരവും വർദ്ധിപ്പിക്കുക ഇവ്വിധമുള്ള യാതൊരു തിന്മയും ആ വീട്ടിൽ അബ്രഹാം പ്രവർത്തിക്കുകയോ അനുവദിക്കുകയോ ചെയ്തിരുന്നില്ല. തന്റെ കുടുംബത്തെ സംബന്ധിച്ച് ദൈവം നൽകിയ ആജ്ഞ ആ ദൈവപുരുഷൻ ഏറ്റവും ഗൗരവമായിത്തന്നെ നിറവേറ്റി. പ്രിയപ്പെട്ട മാതാപിതാക്കളെ, നാം ഉത്തരവാദികൾ തന്നെയാണ്!

**യെശയ്യാവും മക്കളും:** പ്രവാചകന്റെ സാക്ഷ്യം കേൾക്കുക:"ഇതാ, ഞാനും യഹോവ എനിക്കു തന്ന മക്കളും സീയോൻ പർവ്വതത്തിൽ അധിവസിക്കുന്ന സൈന്യങ്ങളുടെ യഹോവയാൽ യിസ്രായേലിൽ അടയാളങ്ങളും അത്ഭുതങ്ങളും ആയിരിക്കുന്നു'' (യെശയ്യ.8:18). ക്രിസ്തീയമാതാപിതാക്കളും അവരുടെ മക്കളും ഈ ദുഷിച്ച തലമുറയിൽ 'അടയാളങ്ങളും അത്ഭുതങ്ങളും' ആയി ദൈവികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നിൽക്കേണ്ടവരാകുന്നു. സാക്ഷ്യമുള്ളതും സാക്ഷികളായിരിക്കുന്നതുമായ ജീവിതത്തിലേക്ക് മക്കളെ കൈപിടിച്ചുയർത്തേണ്ട ഉത്തരവാദിത്വം മാതാപിതാക്കളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇക്കാര്യത്തിൽ നാം പരാജയപ്പെടുന്നപക്ഷം "ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" (യോശു 24:15) എന്നു ധൈര്യസമേതം പ്രസ്താവിപ്പാൻ നമുക്കാവില്ല.

ആരോഗ്യമുള്ള ഏതൊരു പ്രാദേശികസഭയുടേയും പിൻബലം ആത്മീയ ആരോഗ്യമുള്ള കുടുംബങ്ങളാണ്. അങ്ങനെയെങ്കിൽ ദൈവസഭ ശക്തിയാർജ്ജിച്ച് വളരുന്നത് മാതാപിതാക്കൾ തങ്ങളുടെ കടമകൾ തിരിച്ചറിഞ്ഞ് നിറവേറ്റുമ്പോഴാണ്. പരാജയങ്ങളെ നോക്കി നിരാശപ്പെടുകയല്ല, വെല്ലുവിളികളെ മുമ്പിൽക്കണ്ട് സമർപ്പിതരായി സധൈര്യം മുന്നേറുകയാണ് നാം ചെയ്യേണ്ടത്.

ഉത്തരവാദിത്വങ്ങൾ നന്നായി നിർവ്വഹിച്ചവരും, തീരെ അവഗണിച്ചവരും എന്നിങ്ങനെ രണ്ടുവിധത്തിൽപ്പെട്ട നിരവധി മാതാപിതാക്കളെ തിരുവെഴുത്തുകളിൽ കാണാൻ കഴിയും. അവരിൽ ചിലരെപ്പറ്റി അടുത്ത ലക്കത്തിൽ ചിന്തിക്കാം. (തുടരും)

വചനം

# നമ്മെ സൗഖ്യമാക്കുവാൻ കഷ്ടതയ്ക്കുള്ള ശക്തി

ഡേവിഡ് വിൽക്കേഴ്സൺ

**ക**ഷ്ടത എന്താണെന്ന് നമുക്കെല്ലാം അറിയാം. വലിയ പ്രയാസത്തിന്റെയും സമ്മർദ്ദത്തിന്റെയും സമയമാണത്. ചിലപ്പോൾ അവ വളരെ വേദനാജനകവും ക്ഷീണിപ്പിക്കുന്നതും ഉൽക്കണ്ഠയാലും മനോവ്യഥയാലും ഉറക്കം നഷ്ടപ്പെടുത്തുന്നതുമായിത്തീരാറുണ്ട്.

കഷ്ടതകൾ വേദനാജനകമാണെങ്കിലും ദൈവം അവയെ നമ്മുടെയൊക്കെ ജീവിതത്തിൽ തന്റെ ഉദ്ദേശ്യം നിവർത്തിയാക്കുന്നതിന് ഉപയോഗിക്കുന്നു. ദാവീദ് എഴുതുന്നത് "നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു (സങ്കീ. 34-19). മാത്രമല്ല ദൈവ വചനം വ്യക്തമാക്കുന്നത് ദൈവത്തിനു കഷ്ടതകളിലൂടെ പാപികളേയും വിശുദ്ധന്മാരേയും ഒരുപോലെ സൗഖ്യമാക്കുവാൻ കഴിയും എന്നാണ്.

യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും അധാർമ്മികനായ രാജാവായ മനശ്ശെയെ ഞാൻ ഓർക്കുകയാണ്. മനശ്ശെ ദൈവത്തിൽ നിന്നു തിരിഞ്ഞ് നീചനായ ഒരു കൊലപാതകി ആയിത്തീർന്നു. അവൻ ചെയ്ത ക്രൂരതകൾ ഒന്ന് ഓർത്തുനോക്കുക. ദേവാലയത്തിൽ ബാൽവിഗ്രഹം ഉയർത്തി. സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും ആരാധിക്കേണ്ടതിന് യാഗപീഠങ്ങൾ പണിതു. പൈശാചികമായ ബാൽവിഗ്രഹങ്ങൾക്കു മുമ്പിലുള്ള തീക്കുണ്ഡത്തിൽ എറിഞ്ഞ് സ്വന്തം കുഞ്ഞുങ്ങളെ ബലിയർപ്പിച്ചു. നീതിമാന്മാരായ പ്രവാചകന്മാരുടെ വാക്കുകളെ പരിഹസിച്ചു കൊണ്ട് വ്യാജപ്രവാചകന്മാരുടെ ആലോചനയ്ക്ക് അവൻ ചെവികൊടുത്തു. ദുർമന്ത്രവാദത്തേയും ദുരാത്മാക്കളെയും ഉൾക്കൊണ്ടുകൊണ്ട് അവൻ പിശാചിനെ ആരാധിച്ചു. ക്രൂരനും രക്തദാഹിയും കൊലപാതകത്തിൽ രസിക്കുന്നവനുമായ ഒരു ഏകാധിപതി ആയിരുന്നു അയാൾ. യിസ്രായേലിനു ചുറ്റുമുള്ള എല്ലാ പുറജാതിക്കാരേക്കാളും മനശ്ശെ അധികം പാപം ചെയ്തു എന്നാണ് വചനം പറയുന്നത്.

ഈ ക്രൂരനായ രാജാവിന് എന്താണ് സംഭവിച്ചത്? അസ്സീറിയൻ സൈന്യത്തിലൂടെ ദൈവം വലിയ കഷ്ടത അവന്റെ മേൽ അയച്ചു. ഭയങ്കരന്മാരായ അസ്സീറിയക്കാർ യെരുശലേം കീഴടക്കി. മനശ്ശെ ഉൾപ്പെടെ അവിടുത്തെ ജനത്തെ തടവുകാരാക്കി. അവൻ മനശ്ശെയുടെ മൂക്കിൽ കൊളുത്തിട്ട് ഓട്ടു ചങ്ങലകളാൽ ബന്ധിച്ചു. അല്പം മാത്രം ഭക്ഷണം നൽകികൊണ്ട് യിസ്രയേൽ ജനത്തെ മരണകരമാം വിധം ദീർഘദൂരം നടത്തിച്ചു. ഈ യാത്രകൾ അങ്ങേയറ്റം ക്രൂരമായിരുന്നു എന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. ഭയങ്കരമായ ഈ കഷ്ടതയുടെ സമയത്ത് മനശ്ശെ തന്റെ ദൈവമായ യഹോവയെ അന്വേഷിച്ചു അവിടുത്തെ കരുണയ്ക്കായി അപേക്ഷിച്ചു. തന്റെ പിതാക്കന്മാരുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ തന്നെത്താൻ ഏറ്റവും ഏളിമപ്പെട്ടു (2 ദിന 33-12). എങ്ങനെയാണ് ദൈവം മനശ്ശെയുടെ പ്രാർത്ഥനയോട് പ്രതികരിച്ചത്? അവിടുന്ന് രാജാവിന്റെ കരച്ചിൽ കേൾക്കുകയും അവനെ സിംഹാസനത്തിൽ യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു. മനശ്ശെ അപ്പോൾ നീതിയ്ക്കായുള്ള ഒരു പോരാളി ആയിത്തീരുകയും താൻ പണിത എല്ലാ ബിംബങ്ങളും യാഗപീഠങ്ങളും തകർത്തുകളയുകയും ചെയ്തു.

മനശ്ശെയുടെ ജീവിതത്തിൽ നിന്നു നാം പഠിക്കുന്ന പാഠം വളരെ വ്യക്തമാണ്. ഒന്നാമത് എങ്ങനെയാണ് ഈ മനുഷ്യൻ യഥാസ്ഥാനപ്പെട്ടത്? കഷ്ടതയിലൂടെയാണ് അതു സംഭവിച്ചത്. ക്രൂരനായ മനശ്ശെ രാജ്യത്തെ എല്ലാ പ്രവാചകന്മാരുടേയും വായ് അടച്ചതിനാൽ അവനിലേയ്ക്കു എത്തുവാൻ ദൈവത്തിന് ഒരു വഴിയേ ഉണ്ടായിരുന്നുള്ളു. കഷ്ടത, അതിനായി ദൈവം അസ്സീറിയക്കാരെ അവനെ തിരുത്തുവാനുള്ള ഒരു വടിയായി ഉപയോഗിച്ചു. രണ്ടാമത്തെ പാഠം ഇതാണ്: ഒരു മനുഷ്യനേയും ഏറ്റവും നീചനായവനെപ്പോലും, നാം ഒരിക്കലും ഉപേക്ഷിക്കരുത്. ഏറ്റവും ക്രൂരനായ ഒരു പാപിയെ പോലും ദൈവത്തിന് തങ്കലേയ്ക്ക് അടുപ്പിക്കുവാൻ വഴികളുണ്ട്-'കഷ്ടതയിലൂടെ'.

**ദാവീദ് രാജാവ് പറഞ്ഞു തന്റെ കഷ്ടതകൾ ദൈവത്തിന്റെ കരത്തിൽ നിന്നുള്ളതാണെന്ന്.**

ദാവീദ് എഴുതി "കഷ്ടതയിൽ ആകുന്നതിനു മുമ്പേ ഞാൻ തെറ്റിപ്പോയി ഇപ്പോഴോ ഞാൻ നിന്റെ വചനത്തെ പ്രമാണിക്കുന്നു.... നിന്റെ ചട്ടങ്ങൾ പഠിക്കാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്കു ഗുണമായി" (സങ്കീ 119:67,71). ഈ രണ്ട് വചനങ്ങൾ നമുക്കു വ്യക്തമാക്കിത്തരുന്നത് ഇതാണ്: ദൈവവചനം എങ്ങനെയാണ് ദാവീദിന്റെ കാലുകൾക്കു വെളിച്ചമായതെന്നാണ് ഒരുകാര്യം (സങ്കീ. 119 -105). "വചനം എന്റെ ജീവിതത്തിന്റെ ആനന്ദമാകുന്നു. അവ എനിക്കു അത്യന്തം പ്രിയമാകുന്നു" എന്നിങ്ങനെ ലോകത്തോടു സാക്ഷ്യം പറയുവാൻ ദാവീദിന് എങ്ങനെയാണ് കഴിഞ്ഞതെന്നും എങ്ങനെയാണ് ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനായിത്തീർന്നതെന്നതുമാണ് രണ്ടാമത്തെ കാര്യം. ദാവീദിന്റെ തന്നെ സാക്ഷ്യപ്രകാരം കഷ്ടതയിലൂടെയാണ് ഇതെല്ലാം സാധ്യമായത്.

**വിശുദ്ധനായാലും പാപിയായാലും ആരേയും കഷ്ടപ്പെടുത്തുന്നത് ദൈവത്തിന് സന്തോഷമുള്ള കാര്യമല്ല. ദൈവം നമ്മെ ശിക്ഷിച്ച് നന്നാക്കാൻ ശ്രമിച്ചേക്കാം. അത് നമ്മെ ദുഃഖിപ്പിക്കുന്നതാണ്. എന്നാൽ അവിടുന്ന് മനസ്സോടെയല്ല ഹൃദയവേദനയോടെയാണ് ചില കഷ്ടതകൾ നമുക്കു അനുവദിക്കുന്നത്. എബ്രായ ഭാഷയിൽ ഈ വചനം അർത്ഥമാക്കുന്നത് ദൈവത്തിന്റെ ഹൃദയം അവിടെയില്ല എന്നാണ്.**

"അവിടുത്തെ വചനം എന്റെ പ്രമോദമായിരുന്നില്ലെങ്കിൽ ഞാൻ എന്റെ കഷ്ടതയിൽ നശിച്ചു പോകുമായിരുന്നു" (സങ്കീ 11992). ഈ അവിശ്വസനീയമായ വെളിപ്പാട് ദാവീദിനു ലഭിച്ചത് കഷ്ടതയിലൂടെയാണ്. ദാവീദ് തുടർന്നു പറയുന്നത്: "കർത്താവ് തന്നെയാണ് എന്നെ കഷ്ടതയിൽ ആക്കിയതെങ്കിൽ അവിടുത്തെ വിശ്വസ്തത കഷ്ടതയിലൂടെ എന്റെ എല്ലാ ഒത്തു തീർപ്പുകളേയും കാണിച്ചു തന്നു. ഞാൻ വേദ

**നാം കഷ്ടതയെ അഭിമുഖീകരിക്കുമ്പോൾ സാത്താൻ നമ്മുടെ നേരെ വരുന്നു എന്നാണ് പറയുന്നത്. എന്നാൽ വസ്തുതയെന്തെന്നാൽ കർത്താവ് അനുവദിക്കാതെ ദൈവമക്കൾക്കെതിരായി ഒരു ചെറുവിരൽ അനക്കുവാൻ പോലും സാത്താനു കഴിയുകയില്ല. അതെ ദൈവം അനുവദിക്കണം. ദൈവം നമുക്കു ചുറ്റും വച്ചിരിക്കുന്ന സംരക്ഷണയുടെ മതിൽ തുറന്നു കൊടുക്കാതെ സാത്താനു നമ്മെ ആക്രമിക്കുവാൻ സാധിക്കുകയില്ല.**

നയിൽ ആയിരുന്നപ്പോൾ അവിടുന്ന് തന്റെ വചനം തുറന്നു എനിക്കു വ്യക്തമാക്കി തന്നു"

പല വാക്കുകളിൽ ദാവീദ് പറയുന്നു "അതേ എനിക്കറിയാം ദൈവം ഈ സാഹചര്യം അനുവദിച്ചിരിക്കുന്നത് എന്നിലുള്ള എല്ലാ വില കുറഞ്ഞ പ്രവൃത്തികളിൽ നിന്നും, മണ്ടത്തരങ്ങളിൽ നിന്നും ജഡസ്വഭാവത്തിൽ നിന്നും എന്നെ സൗഖ്യമാക്കുന്നതിനു വേണ്ടിയാണ്. അവിടുന്ന് ദൈവഭയം എന്റെ ഉള്ളിൽ നൽകിയിട്ടില്ലായിരുന്നുവെങ്കിൽ എനിക്കീ വിഷയങ്ങളൊന്നും കൈകാര്യം ചെയ്യേണ്ടി വരികയില്ലായിരുന്നു. ഞാൻ നഷ്ടപ്പെട്ടു പോയേനെ. ദൈവത്തിനറിയാം എന്റെ ഹൃദയത്തിൽ എന്താണുള്ളതെന്ന്. അതുകൊണ്ട് തന്നെ എന്നെ ആകർഷിക്കേണ്ടത് എങ്ങനെയാണെന്ന് അവിടുത്തേയ്ക്ക് അറിയാം.

നിങ്ങൾ ഒരു പക്ഷേ ഇങ്ങനെ ചിന്തിച്ചേക്കാം. "ഇത് ഉൾക്കൊള്ളാൻ വളരെ പ്രയാസമാണ്. എങ്ങനെയാണ് സ്നേഹസമ്പന്നനായ ദൈവത്തിന് ദാവീദിന്റെ ജീവിതത്തിൽ ഇത്ര ഭയങ്കര കഷ്ടതകൾ അനുവദിക്കാൻ സാധിക്കുന്നത്"? അതുപോലെ "ദൈവം എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ ജീവിതത്തിൽ ഇത്ര വലിയ കഷ്ടത അനുവദിക്കുമായിരുന്നുവോ?" യഥാർത്ഥത്തിൽ ദാവീദ് ഇവിടെ പറയുന്നത് ജീവദായകമായൊരു സത്യമാണ്. നമ്മുടെ ജീവിതത്തിൽ എല്ലാ സാഹചര്യങ്ങളിലും ദൈവം പ്രവർത്തിക്കുന്നത് കാണുന്നില്ലെങ്കിൽ, നമ്മുടെ ജീവിതത്തിലെ ഓരോ കാൽചുവടുകളും എത്ര ഭയങ്കരമായ സാഹചര്യത്തിലും അവിടുത്തെ കരത്താൽ കല്പിക്കപ്പെട്ടിരിക്കുന്നു എന്നു വിശ്വസിക്കുന്നില്ലെങ്കിൽ, നമ്മുടെ വിശ്വാസം തകർന്നു നാം ആകെ നശിച്ചു പോകും.

ഈ വിഷയത്തിലുള്ള ദൈവത്തിന്റെ വചനം ഇതാ: "ദൈവമേ നീ ഞങ്ങളെ പരിശോധിച്ചിരിക്കുന്നു. വെള്ളി ഊതിക്കഴിക്കുന്നതുപോലെ നീ ഞങ്ങളെ ഊതിക്കഴിച്ചിരിക്കുന്നു. നീ ഞങ്ങളെ വലയിൽ അകപ്പെടുത്തി ഞങ്ങളുടെ മുതുകത്ത് ഒരു വലിയ ഭാരം വെച്ചിരിക്കുന്നു. നീ മനുഷ്യരെ ഞങ്ങളെ തലമേൽ കയറി ഓടിക്കുമാറാക്കി. ഞങ്ങൾ തീയിലും വെള്ളത്തിലും കൂടി കടക്കേണ്ടി വന്നു. എങ്കിലും നീ ഞങ്ങളെ സമൃദ്ധിയിലേക്കു കൊണ്ടുവന്നിരിക്കുന്നു" (സങ്കീ. 66-10-12). യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.

പിന്നീട് ഒരിക്കൽ ദാവീദ് കഷ്ടതയിലൂടെ കടന്നപ്പോൾ ദൈവമേ എന്തിനെന്നെ ഈ കഠിന സാഹചര്യത്തിലൂടെ കടത്തിവിടുന്നു? എന്തിന് ഈ വേദന എനിക്കനുവദിച്ചു? എന്നിങ്ങനെയുള്ള മനോവ്യഥയോടെയുള്ള ചോദ്യങ്ങളോ നിലവിളിയോ ദൈവത്തോട് ഉണ്ടായില്ല. അതിനു പകരം എല്ലാ സാഹചര്യത്തിലും പ്രത്യേകിച്ച് വേദനാജനകമായ സാഹചര്യത്തിലും ദൈവത്തിന്റെ കരം →







മരിയാ:"ഞാൻ മയക്കുമരുന്നിന്റെ അടിമയാണ് ഉപദേശീ, എനിക്ക് ഇനി ഒരു പ്രതീക്ഷയ്ക്കും വകയില്ല. ദൈവത്തിനു പോലും എന്നെ രക്ഷിക്കാൻ കഴിയുകയില്ല"

ഹീറോയിൻ ഞരമ്പിലേക്കു നേരിട്ടു കുത്തിവച്ചു ലഹരിയിൽ മുങ്ങിയ സായാഹ്നങ്ങൾ, തെരുവിലെ അധോലോകസംഘത്തിലെ ജീവിതം, സെക്സ് പാർട്ടികൾ....ഉവ്വ്, അവൾക്ക് ഒരു പ്രതീക്ഷയ്ക്കും വകയില്ലായിരുന്നു.

പക്ഷേ ലഹരിമരുന്നുകളുടേയും കൗമാരക്കാരുടെ അധോലോകസംഘങ്ങളുടേയും ഇരുണ്ടലോകത്തേക്ക് ഒറ്റയ്ക്ക് ഒരു സുവിശേഷകൻ കടന്നുചെന്നു-ഡേവിഡ് വിൽക്കേഴ്സൺ. കഠാരയുടെ ലോകത്തേക്കു കുരിശുമായി ചെന്ന വിൽക്കേഴ്സന്റെ അനുഭവങ്ങൾ....



**ഡേവിഡ് വിൽക്കേഴ്സന്റെ**

**'The Cross and the Switch Blade'**

**എന്ന ലോകപ്രശസ്തമായ അനുഭവകഥ മലയാളത്തിൽ ആദ്യമായി വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തുന്നു.**

# കുരിശും കഠാരയും

വെല്ലുവിളിക്കുന്ന, കോരിത്തരിപ്പിക്കുന്ന,
ഈ അനുഭവങ്ങൾ ആദ്യഅധ്യായം മുതൽ
വായിക്കുക.

**ജീവമൊഴികളിൽ**
**ഉടൻ പ്രസിദ്ധീകരണം ആരംഭിക്കുന്നു...**

→ അവൻ കണ്ടു. ദൈവം നിത്യതയ്ക്കായി ചിലതു തന്നിൽ ചെയ്യുകയാണെന്ന് അവൻ അറിഞ്ഞു. കടന്നു പോകുന്ന കഷ്ടതകൾ തന്നെ സൗഖ്യമാക്കുവാനും ശുദ്ധീകരിക്കുവാനും വേണ്ടിയുള്ളതാണെന്ന് അവൻ തിരിച്ചറിഞ്ഞു. കഷ്ടതകൾ, എന്നും നിലനിൽക്കുന്ന ആത്മാവിന്റെ ഫലമായ സമാധാനം, ദീർഘക്ഷമ, ദയ, സൗമ്യത എന്നിവ കൊണ്ടുവരുന്നു.

"അവൻ ദുഃഖിപ്പിച്ചാലും തന്റെ മഹാദയയ്ക്ക് ഒത്തവണ്ണം അവനു കരുണ തോന്നും. മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നത്" (വിലാ 3-32,33). വിശുദ്ധനായാലും പാപിയായാലും ആരേയും കഷ്ടപ്പെടുത്തുന്നത് ദൈവത്തിന് സന്തോഷമുള്ള കാര്യമല്ല. ദൈവം നമ്മെ ശിക്ഷിച്ച് നന്നാക്കാൻ ശ്രമിച്ചേക്കാം. അത് നമ്മെ ദുഃഖിപ്പിക്കുന്നതാണ്. എന്നാൽ അവിടുന്ന് മനസ്സോടെയല്ല ഹൃദയവേദനയോടെയാണ് ചില കഷ്ടതകൾ നമുക്കു അനുവദിക്കുന്നത്. എബ്രായഭാഷയിൽ ഈ വചനം അർത്ഥമാക്കുന്നത് ദൈവത്തിന്റെ ഹൃദയം അവിടെയില്ല എന്നാണ്. അതായത് ദൈവത്തിന്റെ ഹൃദയത്തിൽ നമ്മെ ശിക്ഷിക്കുവാനുള്ള താത്പര്യമല്ല മറിച്ച് അതിലൂടെ നമുക്കു ലഭിക്കുന്ന സൗഖ്യമാണ് നിറഞ്ഞു നിൽക്കുന്നത്.

ഉദാഹരണത്തിന്, കാൻസർ ബാധിച്ച ഒരു കുഞ്ഞിനെ ശാസ്ത്രക്രിയ ചെയ്യുവാൻ തയ്യാറെടുക്കുന്ന ഡോക്ടർക്ക് വ്യക്തമായി അറിയാം. ഈ ട്യൂമർ മുറിച്ചു മാറ്റിയില്ലെങ്കിൽ കുഞ്ഞ് മരിച്ചു പോകുമെന്ന്, അതുകൊണ്ട് തന്നെ എത്ര വേദനാജനകമാണെങ്കിലും ആ ട്യൂമർ മുറിച്ചു മാറ്റുന്നതിനു വേണ്ടത് ചെയ്യും. തന്റെ ശസ്ത്രക്രിയ ഈ കുഞ്ഞിനെ വളരെ മുറിപ്പെടുത്തുന്നതാണെന്ന് അറിയാവുന്നതുകൊണ്ട് വേദനയോടെയാണ് ഡോക്ടർ അത് ചെയ്യുന്നത്. പ്രത്യേകിച്ച് ആ കുഞ്ഞ് തന്റെ

**ദൈവവചനം പറയുന്നു "പർവ്വതങ്ങൾ യെരുശലേമിനെ ചുറ്റിയിരിക്കുന്നു. യഹോവ ഇന്നു മുതൽ എന്നേയ്ക്കും തന്റെ ജനത്തെ ചുറ്റിയിരിക്കുന്നു. നീതിമാന്മാർ നീതികേടിലേയ്ക്കു കൈ നീട്ടാതിരിക്കേണ്ടതിനു ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ അവകാശത്തിന്മേൽ ഇരിക്കയില്ല" പിശാചിന്റെ ഒരനർത്ഥവും ഭയപ്പെടേണ്ടവരല്ല നമ്മൾ. ദുഷ്ടന്മാരുടെ മേൽ മാത്രമാണ് അവന് അധികാരമുള്ളത്.**

സ്വന്തം മകനാണെന്നു വരുമ്പോൾ ഈ ശസ്ത്രക്രിയ വളരെ വേദനയുളവാക്കുന്നതാണ്.

ഇതാണ് നമ്മെ ശിക്ഷിച്ചു വളർത്തുന്ന പിതാവിന്റെ കരുണനിറഞ്ഞ സ്നേഹം. ഞാൻ കുട്ടി ആയിരുന്നപ്പോൾ എന്റെ മാതാപിതാക്കൾ ദൈവവചനം അക്ഷരാർത്ഥത്തിൽ എടുത്തിരുന്നു. അതുകൊണ്ട് തന്നെ എന്തെങ്കിലും തെറ്റ് ചെയ്യുമ്പോൾ നല്ല അടി കിട്ടിയിരുന്നു. ഓരോ തവണയും എന്റെ പിതാവ് എന്നെ അടിക്കുമ്പോൾ അത് വേദയുണ്ടാക്കും. എങ്കിലും അദ്ദേഹം ഒരിക്കലും ദേഷ്യത്തിലല്ല എന്നെ അടിച്ചിരുന്നത്. എന്നെ അടിക്കുന്നതിന് മുൻപ് അദ്ദേഹം ഇങ്ങനെ പറയുമായിരുന്നു "ഈ അടി നിന്നെ വേദനിപ്പിക്കുന്നതിനെക്കാൾ എന്നെ വേദനിപ്പിക്കുന്നു". ഞാൻ അത് വിശ്വസിച്ചിരുന്നില്ല. അടിച്ചതിനുശേഷം പിതാവ് എന്നെ ആലിംഗനം ചെയ്യുമായിരുന്നു.

എനിക്ക് നല്ല ബോധ്യമുണ്ട് എന്റെ പിതാവിന്റെ സ്നേഹപൂർവ്വമുള്ള ആകർശന ശിക്ഷണമാണ് കഴിഞ്ഞ അറുപത് വർഷങ്ങളായി സുവിശേഷം പ്രസംഗിക്കുവാൻ എന്നെ പ്രാപ്തനാക്കിയ





തിന്റെ ഒരു കാരണം. അതുപോലെ നമ്മുടെ പിതാവിന് നമ്മുടെ ഹൃദയത്തിലുള്ള നാശകരമായ എല്ലാ കാര്യങ്ങളും അറിയാം. അതുകൊണ്ട് അവിടുന്ന് നമ്മുടെ ജീവിതത്തിൽ കഷ്ടതകൾ അനുവദിക്കുന്നത് അത് നമ്മിലുള്ള നാശകരമായ ചിലതിനെ നശിപ്പിക്കുവാൻ വേണ്ടിയാണ്. അവിടുന്ന് ഒരിക്കലും വേദന അടിച്ചേല്പിക്കുന്നില്ല. തന്റെ മക്കളുടെ ജീവിതത്തെ അപകടപ്പെടുത്തുന്ന പാപരോഗത്തെ നശിപ്പിക്കണമെന്നു മാത്രമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്.

**കഷ്ടത വരുമ്പോൾ നാം വേഗത്തിൽ സാത്താനെ പഴിക്കുന്നു**

കഷ്ടതയിലൂടെ കടന്നു പോകുമ്പോൾ പലരും കരുതുന്നത് തങ്ങളെ സാത്താൻ ആക്രമിക്കുകയാണെന്നാണ്. സാത്താൻ ക്രൂരമായി ആക്രമിച്ച ഇയ്യോബിനെ അവർ ഓർക്കുന്നു. അല്ലെങ്കിൽ സാത്താന്റെ കിങ്കരന്മാരാൽ ബുദ്ധിമുട്ടിക്കപ്പെട്ട പൗലോസിനെ ഓർക്കുന്നു. 'സാത്താൻ എന്നെ തടസ്സപ്പെടുത്തി' എന്ന പൗലോസിന്റെ വചനം ഓർക്കുന്നു.

നാം കഷ്ടതയെ അഭിമുഖീകരിക്കുമ്പോൾ സാത്താൻ നമ്മുടെ നേരെ വരുന്നു എന്നാണ് പറയുന്നത്. അവൻ അലറുന്ന സിംഹം പോലെ നമ്മെ വിഴുങ്ങുവാൻ വരുന്നു എന്നാണ് ചിന്തിക്കുന്നത്. ഈ സമയത്ത് ദൈവം ഇതിൽ ഇടപെടുന്നുണ്ട് എന്നു സങ്കല്പിക്കാൻ പോലും നമുക്ക് കഴിയുന്നില്ല.

എന്നാൽ വസ്തുതയെന്തെന്നാൽ കർത്താവ് അനുവദിക്കാതെ ദൈവമക്കൾക്കെതിരായി ഒരു ചെറുവിരൽ അനക്കുവാൻ പോലും സാത്താനു കഴിയുകയില്ല. അതേ ദൈവം അനുവദിക്കണം. ദൈവം നമുക്കു ചുറ്റും വച്ചിരിക്കുന്ന സംരക്ഷണയുടെ മതിൽ തുറന്നു കൊടുക്കാതെ സാത്താനു നമ്മെ ആക്രമിക്കുവാൻ സാധിക്കുകയില്ല. ദൈവം ദാവീദിനോട് പറഞ്ഞതെ

**ഇയ്യോബിന്റെ കാര്യത്തിലെന്നതുപോലെ പിശാചിന്റെ പ്രവൃത്തികൾക്ക് ദൈവം ഒരു പരിധി വച്ചിട്ടുണ്ട്. അപ്പോസ്തലനായ പൗലോസിനെ ഒരളവിൽ കൂടുതൽ ഉപദ്രവിക്കാൻ പിശാചിനെ ദൈവം അനുവദിച്ചില്ല. ദൈവജനമായ നമുക്കും ശത്രുവിന്റെ ആക്രമണം സഹിക്കേണ്ടതുണ്ട്. എന്നാൽ അതിനെ പ്രതിരോധിക്കുവാൻ വിശ്വാസത്തിന്റെ പരിചയടക്കമുള്ള ആയുധങ്ങളും ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്.**

ന്താണെന്ന് നോക്കുക: "ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി എന്റെ വിശുദ്ധതൈലം കൊണ്ട് അവനെ അഭിഷേകം ചെയ്തു. എന്റെ കൈ അവനോടു കൂടെ സ്ഥിരമായിരിക്കും. എന്റെ ഭുജം അവനെ ബലപ്പെടുത്തും. ശത്രു അവനെ തോല്പിക്കുകയില്ല. വഷളൻ അവനെ പീഡിപ്പിക്കുയും ഇല്ല (സങ്കീ. 89-20, 22).

ദൈവം പറയുന്നത് "ദാവീദ് എത്ര വലിയ ശോധനയിൽകൂടെ പോയാലും തക്ക സമയത്ത് ഞാൻ അവനെ വിടുവിക്കും. എന്റെ അനുവാദം കൂടാതെ പിശാചിന് ഒരാളെ പോലും തൊടുവാൻ സാധിക്കുകയില്ല. എന്നു ഞാൻ ലോകത്തോട് പ്രഖ്യാപിക്കുകയാണ്" മനശ്ശെയുടെ കാര്യത്തിൽ അവനെ തിരുത്തുവാനുള്ള വടിയായിട്ട് ദൈവം അസ്സീറിയാക്കാരെ ഉപയോഗിച്ചുവെങ്കിലും കാര്യങ്ങളുടെ നിയന്ത്രണം ദൈവത്തിന്റെ കയ്യിൽ തന്നെയായിരുന്നു.

ദൈവവചനം പറയുന്നു "പർവ്വതങ്ങൾ യെരുശലേമിനെ ചുറ്റിയിരിക്കുന്നു. യഹോവ ഇന്നു മുതൽ എന്നേയ്ക്കും തന്റെ ജനത്തെ ചുറ്റിയിരിക്കുന്നു. നീതിമാന്മാർ നീതികേടിലേയ്ക്കു കൈ നീട്ടാതിരിക്കേണ്ടതിനു ദുഷ്ടന്മാരുടെ

**സാത്താനാൽ ആക്രമിക്കപ്പെടുകയാണെങ്കിലും അത് ദൈവം അനുവദിച്ചിട്ടാണെന്ന് പൗലോസ് തിരിച്ചറിഞ്ഞു. ശത്രുവിന്റെ ഉപദ്രവം ഇല്ലായിരുന്നെങ്കിൽ താൻ നിഗളത്താൽ നശിച്ചു പോകുമായിരുന്നുവെന്ന് പൗലോസിന് പിന്നീട് മനസ്സിലായി. മറ്റാരേക്കാളും സ്വർഗ്ഗീയ വെളിപ്പാടുകൾ ലഭിച്ചവനായിരുന്നു ഇദ്ദേഹം. ദൈവത്തിൽ നിന്ന് കഷ്ടതയിലൂടെയുള്ള ഒരു നിയന്ത്രണം ലഭിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹം പൊങ്ങച്ചത്താൽ തകർന്നു പോകുമായിരുന്നു!**

ചെങ്കോൽ നീതിമാന്മാരുടെ അവകാശത്തിന്മേൽ ഇരിക്കയില്ല" (സങ്കീ. 125-2,3). പിശാചിന്റെ ഒരനർത്ഥവും ഭയപ്പെടേണ്ടവരല്ല നമ്മൾ. ദുഷ്ടന്മാരുടെ മേൽ മാത്രമാണ് അവന് അധികാരമുള്ളത്. ഇയ്യോബിന്റെ കാര്യത്തിലെന്നതുപോലെ പിശാചിന്റെ പ്രവൃത്തികൾക്കും ദൈവം ഒരു പരിധി വച്ചിട്ടുണ്ട്.

അപ്പോസ്തലനായ പൗലോസിനെ ഒരളവിൽക്കൂടുതൽ ഉപദ്രവിക്കാൻ പിശാചിനെ ദൈവം അനുവദിച്ചില്ല. ദൈവജനമായ നമുക്കും ശത്രുവിന്റെ ആക്രമണം സഹിക്കേണ്ടതുണ്ട്. എന്നാൽ അതിനെ പ്രതിരോധിക്കുവാൻ വിശ്വാസത്തിന്റെ പരിചയടക്കമുള്ള ആയുധങ്ങളും ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. "ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുത്തുവാൻ വിശ്വാസം എന്ന പരിചയും എടുത്തുകൊണ്ട് നില്പിൻ" (എഫെ. 6:16).

സാത്താനാൽ ആക്രമിക്കപ്പെടുകയാണെങ്കിലും അത് ദൈവം അനുവദിച്ചിട്ടാണെന്ന് പൗലോസ് തിരിച്ചറിഞ്ഞു. തന്റെ കഷ്ടത മാറ്റണമെന്ന് മൂന്നു പ്രാവശ്യം അദ്ദേഹം പ്രാർത്ഥിച്ചു. എന്നാൽ ദൈവം അനുവദിച്ചില്ല. ശത്രുവിന്റെ ഉപദ്രവം ഇല്ലായിരുന്നെങ്കിൽ താൻ നിഗളത്താൽ നശിച്ചു പോകുമായിരുന്നുവെന്ന് പൗലോസിന് പിന്നീട് മനസ്സിലായി. മറ്റാരേക്കാളും സ്വർഗ്ഗീയ വെളിപ്പാടുകൾ ലഭിച്ചവനായിരുന്നു ഇദ്ദേഹം. ദൈവത്തിൽ നിന്നും കഷ്ടതയിലൂടെയുള്ള ഒരു നിയന്ത്രണം ലഭിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹം പൊങ്ങച്ചത്താൽ തകർന്നു പോകുമായിരുന്നു!

**കഷ്ടതയോടുള്ള മറ്റൊരു സാധാരണ പ്രതികരണം ഇതാണ്.**

നമ്മുടെ കഷ്ടതകൾ കുറയാതെ വരുമ്പോൾ നാം ചിന്തിക്കും ദൈവം എന്നോട് കോപിച്ചിരിക്കുകയാണെന്ന്. എന്റെ കഴിഞ്ഞകാലപാപങ്ങളുടെ ഫലമായിട്ടാണ് ഞാൻ ഇപ്പോൾ ഈ കഷ്ടത അനുഭവിക്കുന്നത്. കഴിഞ്ഞ കാല പാപങ്ങൾ മുഴുവൻ അപ്പോൾ മനസ്സിലേക്കു വരുന്നു. അപ്പോൾ നല്ല ഉറപ്പോടെ ഇങ്ങനെ ചിന്തിക്കുന്നു. "എവിടെയോ ഞാൻ ദൈവം വച്ച പരിധി ലംഘിച്ചിരിക്കുന്നു. അല്ലെങ്കിൽ എന്റെ കഷ്ടത എന്തുകൊണ്ടാണ് അവസാനിക്കാത്തത്? ദൈവം എന്റെ പ്രാർത്ഥന എന്തുകൊണ്ടാണ് കേൾക്കാത്തത്? ഞാൻ കരുതി എന്റെ പാപങ്ങളെല്ലാം യേശുക്രിസ്തുവിന്റെ രക്തത്തിന്റെ കീഴിലാണെന്ന്. എന്നാൽ ഇപ്പോൾ ഞാൻ അറിയുന്നു പാപങ്ങൾക്കുള്ള ഫലം ഞാൻ തന്നെ അനുഭവിച്ചേ മതിയാകൂ എന്ന്".

അങ്ങനെയാണ് ആസാഫ് എന്ന സങ്കീർത്തനക്കാരൻ തന്റെ കഷ്ടതയോട് പ്രതികരിച്ചത്. ദൈവ ഭക്തനായ ഈ മനുഷ്യൻ ദാവീദ് രാജാവിന്റെയും ശലോമോൻ രാജാവിന്റെയും സമയത്ത് ദേവാലയത്തിലെ സംഗീതപ്രമാണി ആയിരുന്നു. ആസാഫ് തന്റെ കഷ്ടതയുടെ കാഠിന്യത്തെ കുറിച്ച് ഇങ്ങനെ വിശദീകരിക്കുന്നു. "നീ എന്റെ കണ്ണിനു ഉറക്കം തടുത്തിരിക്കുന്നു സംസാരിപ്പാൻ കഴിയാതവണ്ണം ഞാൻ വ്യാകുലപ്പെട്ടിരിക്കുന്നു (സങ്കീ. 77-4). ആസാഫിനെ ബാധിച്ചിരുന്ന കഷ്ടത എന്താ





ണെന്ന് നമുക്കറിയില്ല. എന്നാൽ അത് അവന്റെ ഉറക്കം നഷ്ടപ്പെടുത്തിയിരുന്നതായി നാം കാണുന്നു. അവൻ വളരെ എരിവോടെ പ്രാർത്ഥിച്ചിരുന്നുവെങ്കിലും ഉത്തരം ലഭിച്ചില്ല. സ്വർഗ്ഗം അവനു മുമ്പിൽ അടച്ചതായി അവനു തോന്നി.

കഷ്ടതയുടെ നടുവിൽ ആസാഫ് പറഞ്ഞു. "ദൈവം യിസ്രയേലിനു നിർമ്മലഹൃദയമുള്ളവർക്കു തന്നെ നല്ലവൻ ആകുന്നു നിശ്ചയം. എന്നാൽ എന്റെ കാലുകൾ ഏകദേശം ഇടറി എന്റെ കാലടികൾ ഏറെക്കുറെ വഴുതിപ്പോയി (സങ്കീ. 73-1,2) അവനീ പറഞ്ഞതിന്റെ ചുരുക്കം. "നല്ല ജീവിതം ജീവിക്കുന്നവർക്കു കഷ്ടത ഒഴിവാകും" എന്നാണ്. ദൈവ ഭക്തനായ ഒരുവനിൽ നിന്നു വന്ന എത്ര തെറ്റായ ഒരു ഉപദേശം! എന്തുകൊണ്ടായിരിക്കും ആസാഫ് അങ്ങനെ പറഞ്ഞത്?

അവൻ സഹിച്ച വേദന നിറഞ്ഞ സാഹചര്യമാണ് അവനെക്കൊണ്ട് അങ്ങനെ പറയിച്ചത്. ഈ കഷ്ടതയുടെ നടുവിൽ ആസാഫ് കാണുന്നത് ദുഷ്ടന്മാർ ഒരു കുഴപ്പവുമില്ലാതെ നാൾക്കുനാൾ പുരോഗമിക്കുന്നതാണ്. അവൻ പറയുന്നു "അവരുടെ കണ്ണുകൾ പുഷ്ടികൊണ്ട് ഉന്തിനിൽക്കുന്നു അവരുടെ ഹൃദയത്തിലെ നിരൂപണങ്ങൾ കവിഞ്ഞൊഴുകുന്നു. അവർ പരിഹസിച്ച് ദുഷ്ടതയോടെ ഭീഷണി പറയുന്നു. ഉന്നതഭാവത്തോടെ സംസാരിക്കുന്നു (സങ്കീ. 73-7,8).

ആസാഫ് പറയുന്നത്. "ഞാൻ എന്റെ ഹൃദയം ശുദ്ധമായി സൂക്ഷിച്ചു എന്റെ കൈകൾ കുറ്റമില്ലാതെ കഴുകി എന്നാൽ എനിക്കു കഷ്ടതയാണ് ഉള്ളത്. ദുഷ്ടന്മാരൊ അനുഗ്രഹിക്കപ്പെടുന്നു. "ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചതും എന്റെ കൈകൾ കുറ്റമില്ലായ്മയിൽ കഴുകിയതും വ്യർത്ഥമത്രേ. ഞാൻ ഇടവിടാതെ ബാധിതനായിരുന്നു. ഉഷസ്സുതോറും ബാധിക്കപ്പെട്ടിരുന്നു. (സങ്കീ 73-13,14). അവൻ പരാതിപ്പെടു

**ഏതു കഷ്ടതയിലും ഉള്ള യഥാർത്ഥ പ്രതികരണം ഒരു അന്വേഷണാത്മക ഹൃദയം ഉണ്ടാവുക എന്നതാണ്. ഇങ്ങനെയുള്ള ഹൃദയം ചോദിക്കുന്നു "കർത്താവേ അവിടുന്നു എന്നോട് എന്തെങ്കിലും പറയാൻ ശ്രമിക്കുകയാണോ? അവിടുന്നു പറയാൻ ആഗ്രഹിക്കുന്ന എന്തെങ്കിലും കാര്യങ്ങൾ എനിക്കു മറഞ്ഞിരിക്കുകയാണോ?"**

ന്നത് താൻ ദൈവഭക്തനായി ജീവിച്ചിട്ട് ഒരു പ്രയോജനവുമില്ലെന്നാണ്. ഇവിടെ വാസ്തവത്തിൽ ആസാഫ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് തന്റെ കഴിഞ്ഞ കാല പാപങ്ങളിലാണ്.

ഇപ്പോൾ ആസാഫിന്റെ പ്രശ്നങ്ങൾക്കു കാരണം നാം മനസ്സിലാക്കുന്നു. അദ്ദേഹം പറയുന്നു "ഞാൻ ഇതു ഗ്രഹിപ്പാൻ നിരൂപിച്ചപ്പോൾ എനിക്കു പ്രയാസം തോന്നി" (സങ്കീ. 73-16). ആസാഫ് ഇവിടെ പ്രഖ്യാപിക്കുന്നത് ദുഷ്ടന്മാർ അഭിവൃദ്ധിപ്പെടുന്നു. ദൈവഭക്തനോ കഷ്ടത സഹിക്കുന്നു ഇതെങ്ങനെയാണ്? എനിക്കൊട്ടും മനസ്സിലാകുന്നില്ല എന്നു മാത്രമല്ല ഇത് ആലോചിക്കുമ്പോൾ എനിക്കു മനഃപ്രയാസമുണ്ടാകുന്നു.

ഈ പ്രിയപ്പെട്ടവൻ ദൈവവേലയിൽ ആയിരിക്കുന്നവനാണ്. ദൈവാലയത്തിലെ സംഗീതപ്രമാണിയെന്ന നിലയിൽ പാട്ടുകൾ എഴുതി സംഗീതം പകർന്നു. ദൈവത്തെ സ്തുതിച്ച് ആരാധിക്കുന്ന ഒരുവൻ. എങ്കിലും അവന്റെ ഹൃദയം നിറയെ അസൂയയാണ്. "എന്റെ കാലുകൾ ഏകദേശം ഇടറി. എന്റെ കാലടികൾ ഏറെക്കുറെ വഴുതിപ്പോയി (സങ്കീ. 73-2). ഇങ്ങനെ

ആസാഫ് പറയുമ്പോൾ അർത്ഥമാക്കുന്നത് "ഞാൻ ദൈവമുമ്പാകെ വിശുദ്ധിയോടെ നടക്കുവാൻ ശ്രമിച്ചു. എന്നാൽ എനിക്കു പകരം കിട്ടിയത് വലിയ കഷ്ടതയാണ്. ദുഷ്ടന്റെ അഭിവൃദ്ധി കണ്ടിട്ട് എനിക്കു അവനോട് അസൂയ തോന്നുന്നു. എന്റെ വിശ്വാസം തകർന്നിരിക്കുന്നു."

ആസാഫ് അനുഭവിച്ചുകൊണ്ടിരുന്നത് വചനത്താൽ ഉള്ള പരിശോധനയാണ്. അവൻ തിരിഞ്ഞ് ദൈവം തന്റെ ജനത്തിനു ചെയ്ത അത്ഭുതങ്ങളെ - ചെങ്കടൽ പിളർന്നത്, സ്വർഗ്ഗത്തിൽ നിന്നും മന്ന ലഭിച്ചത്, പാറ പിളർന്നു വെള്ളം വന്നത്- കാണുമ്പോൾ ദൈവത്തിന്റെ വിശ്വസ്തതയെ കുറിച്ച് അവൻ പരീക്ഷിക്കപ്പെടുകയാണ്. ലളിതമായി പറഞ്ഞാൽ തന്റെ സ്വന്ത ജീവിതത്തിൽ ഒരു വിടുതൽ ദൈവത്തിൽ നിന്നു ലഭിക്കാത്തതിനാൽ അവൻ ആകെ അസ്വസ്ഥനായിരിക്കുന്നു.

ദൈവം നീതിമാനു കഷ്ടതകൾ അനുവദിക്കുന്നു എന്ന ദാവീദിന്റെ സാക്ഷ്യപ്രകാരം ആസാഫിന് ഈ അസ്വസ്ഥത അനുവദിച്ചത് ദൈവം ആണെന്ന് നമുക്കറിയാം. ദൈവം തന്റെ കരുണയാലും വിശ്വസ്തതയാലും ആസാഫിനെ അസൂയ എന്ന പാപവും ഉള്ളിൽ വച്ച് മുന്നോട്ടു പോകുവാൻ അനുവദിച്ചില്ല. ദൈവം എന്റെ പാപങ്ങൾക്കു പകരം വീട്ടുകയാണെന്നു ചിന്തിച്ചു കൊണ്ടിരിക്കുവാനും അനുവദിച്ചില്ല.

ഒടുവിൽ ദൈവം ആസാഫിനെ ആ ഇരുണ്ട രാത്രിയിലൂടെ കടത്തിവിട്ടു. ഒരു നിമിഷം പോലും ഈ മനുഷ്യന്റെ കഷ്ടതകൾ അവന്റെ കഴിഞ്ഞ കാല പാപങ്ങൾക്കുള്ള ശിക്ഷ ആയിരുന്നില്ല. എബ്രായ ലേഖനത്തിൽ നാം "ദൈവം താൻ സ്നേഹിക്കുന്നുവനെ ശിക്ഷിക്കുന്നു" (എബ്രായ 12:6) എന്നു വായിക്കുന്നതിൻ പ്രകാരം ആസാഫിന്റെ രക്ഷയിൽ ഒരു സംശയവും നമുക്കു ഉണ്ടാകേണ്ട.

കഠിനമായ കഷ്ടതയുടെ മുമ്പിൽ നാം എങ്ങനെയാണ് പ്രതികരിക്കുന്നതെന്നാണ് ആസാഫ് ഇവിടെ കാണിച്ചു തരുന്നത്. കഷ്ടതയുടെ നടുവിൽ ദൈവത്തിന്റെ കരം കാണാതെയിരുന്നാൽ നാം ഹൃദയം കഠിനപ്പെട്ട് നശിച്ചു പോകുവാൻ ഇടയാകും. ദൈവം നമുക്കു ചെയ്ത നല്ല കാര്യങ്ങളെ ഓർക്കുമ്പോഴല്ല എന്നാൽ അവയ്ക്കു പിന്നിലുള്ള ദൈവത്തിന്റെ വിശ്വസ്തതയെ കാണുമ്പോഴാണ് നാം ദൈവത്തിലുള്ള വിശ്വാസത്തിൽ ഉറയ്ക്കുന്നത്. അവിടുന്നു തന്റെ മക്കളുടെ എല്ലാ ശോധനയിലും കൈവിടാതെ കൂടെയുണ്ട്.

**കഷ്ടതയുടെ സമയത്ത് ദൈവജനത്തിനു ശരിയായ ഒരു പ്രതികരണമുണ്ട്**

ഏതു കഷ്ടതയിലും ഉള്ള യഥാർത്ഥപ്രതികരണം ഒരു അന്വേഷണാത്മകഹൃദയം ഉണ്ടാവുക എന്നതാണ്. ഇങ്ങനെയുള്ള ഹൃദയം ചോദിക്കുന്നു "കർത്താവേ അവിടുന്നു എന്നോട് എന്തെങ്കിലും പറയാൻ ശ്രമിക്കുകയാണോ? അവിടുന്നു പറയാൻ ആഗ്രഹിക്കുന്ന എന്തെങ്കിലും കാര്യങ്ങൾ എനിക്കു മറഞ്ഞിരിക്കുകയാണോ? വർഷങ്ങളുടെ അനുഭവത്തിൽ നിന്നു ഞാൻ പഠിച്ച് ചെയ്യുന്ന കാര്യം ഇതാണ്: കഷ്ടതകൾ വരുമ്പോൾ തുറന്ന ഹൃദയവുമായി ദൈവമുമ്പാകെ ഓടിച്ചെന്നു പറയും "ഇതെല്ലാം എന്താണ് കർത്താവേ? അവിടുന്നു എന്നെ കാണിക്കുവാൻ ആഗ്രഹിക്കുന്നതെന്താണ്? അങ്ങ് എന്തു പറഞ്ഞാലും ഞാൻ അനുസരിച്ചു കൊള്ളാം."

പരിശുദ്ധാത്മാവ് ഒരിക്കലും വെളിപ്പെടുത്താതെ ഇരുന്നിട്ടില്ല. ചിലപ്പോൾ അവിടുന്നു പറയും "ഡേവിഡ്, ഇതു സാത്താന്റെ ഒരു കെണിയാണ് സൂക്ഷിക്കുക". മറ്റു ചില സന്ദർഭങ്ങളിൽ





എന്നെ കുറ്റം വിധിക്കാതെ ഞാൻ ഒത്തു തീർപ്പു ചെയ്ത ചില മേഖലകൾ വെളിപ്പെടുത്തിത്തന്നിട്ട് പറയും "അനുസരിക്കുക".

നാം രക്ഷിക്കപ്പെട്ടവരാണെങ്കിലും പൂർണ്ണമായി വിശുദ്ധീകരിക്കപ്പെട്ടിട്ടില്ല. ദൈവത്തിന്റെ നിറവ് നാം പ്രാപിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന പല വിഷയങ്ങൾ നാം കാണാതെ നമ്മുടെ ഹൃദയത്തിലുണ്ട്. രഹസ്യത്തിലുള്ള ദുർമോഹങ്ങൾ, അത്യാഗ്രഹം, ദൈവികകാര്യങ്ങളിലുള്ള അലസത അങ്ങനെ പലതും. നാം ദൈവത്തിന്റെ ശബ്ദം കേൾക്കാൻ തയ്യാറാണെങ്കിൽ അവിടുന്നു നമുക്കു അവ വെളിപ്പെടുത്തിത്തരും. ഏറ്റവും പ്രധാനം നാം കഷ്ടതയുടെ തീച്ചൂളയിലൂടെ കടന്നുപോകുമ്പോൾ ദൈവം നമുക്കു തന്റെ സ്നേഹവും ദയയും കരുണയും വെളിപ്പെടുത്തിത്തരുമെന്നുള്ളതാണ്.

ദൈവം നമ്മുടെ ഹൃദയത്തിലുള്ളത്-നമ്മുടെ ക്ഷമയില്ലായ്മ, വിട്ടുമാറാത്ത ചില പാപങ്ങൾ, ചെറുതെങ്കിലും നാശകരമായ ചില ഒത്തുതീർപ്പുകൾ-കാണിച്ചു തരുമ്പോൾ, പ്രത്യേകിച്ച് നാം കഷ്ടതയിൽ ആയിരിക്കുമ്പോൾ, അവ നമ്മെ കൂടുതൽ വേദനിപ്പിക്കുന്നതാണ്. അതുകൊണ്ടാണ് ദാവീദ് ഇങ്ങനെ പ്രാർത്ഥിച്ചത്. "അടിയനോടുള്ള നിന്റെ വാഗ്ദാനപ്രകാരം നിന്റെ ദയ എന്റെ ആശ്വാസത്തിനായി ഭവിക്കുമാറാകട്ടെ. ഞാൻ ജീവിച്ചിരിക്കേണ്ടതിന് നിന്റെ കരുണ എനിക്കു വരുമാറാകട്ടെ. നിന്റെ ന്യായപ്രമാണത്തിൽ ഞാൻ രസിക്കുന്നു". (സങ്കീ. 119-76,77).

ദാവീദ് കഷ്ടതയിൽ ഇങ്ങനെ നിലവിളിച്ചു. "ദൈവമേ അവിടുത്തെ ആശ്വസിപ്പിക്കുന്ന വചനം അയയ്ക്കണേ, അവിടുത്തെ മനസ്സലിവും, സ്നേഹവും, മാഞ്ഞുപോകാത്ത ദയയും എന്നെ കാണിക്കണമേ" വാസ്തവ

**നാം രക്ഷിക്കപ്പെട്ടവരാണെങ്കിലും പൂർണ്ണമായി വിശുദ്ധീകരിക്കപ്പെട്ടിട്ടില്ല. ദൈവത്തിന്റെ നിറവ് നാം പ്രാപിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന പല വിഷയങ്ങൾ നാം കാണാതെ നമ്മുടെ ഹൃദയത്തിലുണ്ട്. രഹസ്യത്തിലുള്ള ദുർമോഹങ്ങൾ, അത്യാഗ്രഹം, അലസത അങ്ങനെ പലതും. നാം ദൈവത്തിന്റെ ശബ്ദം കേൾക്കാൻ തയ്യാറാണെങ്കിൽ അവിടുന്നു അവ വെളിപ്പെടുത്തി തരും. ഏറ്റവും പ്രധാനം നാം കഷ്ടതയുടെ തീച്ചൂളയിലൂടെ കടന്നുപോകുമ്പോൾ ദൈവം നമുക്കു തന്റെ സ്നേഹവും ദയയും കരുണയും വെളിപ്പെടുത്തി തരുമെന്നുള്ളതാണ്.**

ത്തിൽ ദാവീദ് ദൈവം തനിക്കു മുൻപേ നൽകിയ ഒരു വാഗ്ദാനം അവകാശമാക്കുകയാണ് "യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ യഹോവ എല്ലാവർക്കും നല്ലവൻ, തന്റെ സകല പ്രവൃത്തികളോടും അവനു കരുണ തോന്നുന്നു (സങ്കീ. 45 -8,9)

നാം എങ്ങനെയുള്ള സാഹചര്യത്തിലൂടെ കടന്നുപോകുന്നു എന്നത് പ്രശ്നമല്ല. ദൈവത്തിന്റെ ദയ 'നമ്മോടൊപ്പമുണ്ട്. ദാവീദ് പറയുന്നതുപോലെ ദൈവത്തിന്റെ കരുണ തന്റെ ജനത്തിന്റെ എല്ലാ പ്രവൃത്തിയുടേയും മേൽ ഉണ്ട്. ദൈവം സ്നേഹസമ്പന്നനായ ഒരു പിതാവിനെ പോലെ തന്റെ മക്കളോട് പറയുകയാണ്. "ഇതിലൂടെ ഞാൻ നിങ്ങളെ സ്നേഹിക്കട്ടെ. ഈ സാഹചര്യത്തിന്റെ മദ്ധ്യത്തിൽ നിങ്ങൾ എന്നെ അറിയണം. എന്റെ സ്നേഹത്തിന്റെ ആഴത്തെ കാണിക്കുവാൻ വേണ്ടി ഈ സാഹചര്യത്തെ ഉപയോഗിക്കുന്നു.(തുടരും)

**മൊഴിമാറ്റം : സാജു ജോസഫ്**

# ഹൊറേഷ്യോ സ്പാഫോർഡ്: കദനക്കടലിൽ സ്തുതിഗീതം രചിച്ച ക്രിസ്തുഭക്തൻ

**മാത്യു ജോർജ്**

"ഇനി എനിക്കു ജീവിക്കുന്നത് ക്രിസ്തുമാത്രമായിരിക്കട്ടെ; എന്റെ മീതേ യോർദ്ദാൻ കവിഞ്ഞൊഴുകിയാലും ഞാൻ ദുഃഖിക്കില്ല. ജീവിതത്തിൽ എന്നപോലെ മരണത്തിലും എന്റെയുള്ളിൽ അവിടുത്തെ സമാധാനം പകരുവാൻ ദൈവമേ അങ്ങുണ്ടല്ലോ?"

ഹൊറേഷ്യോ ഗേറ്റ്സ് സ്പാഫോർഡ് ഈ വരികൾ കുറിച്ചത് കദനക്കടലിന്റെ നടുവിലായിരുന്നപ്പോഴാണ്. കേവലം 45 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന സമർത്ഥനായ ഒരു അഭിഭാഷകൻ. തന്നെക്കാൾ 14 വയസ്സ് ചെറുപ്പമായിരുന്ന അന്നാ തൂബൻ ലാഴ്സൻ എന്ന ജീവിതപങ്കാളിയിൽ ദൈവം നൽകിയ നാല് പെൺമക്കൾ ഒറ്റദിവസം കപ്പൽചേതത്തിൽ നഷ്ടപ്പെട്ട സ്പാഫോർഡ് ഭക്തനായ ഇയ്യോബിന്റെ ആത്മാവുള്ളവനായിരുന്നു:"യഹോവ തന്നു, യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടട്ടെ" എന്നു പറഞ്ഞ ഇയ്യോബിന് പത്തു മക്കൾ ഒരു ദിവസം നഷ്ടമായെങ്കിൽ ഹൊറേഷ്യോ സ്പാഫോർഡിന് ജിവിച്ചിരുന്ന നാലുമക്കൾ ഒരുമിച്ച് നഷ്ടമാകുകയായിരുന്നു. ഏതൊരു പിതാവും തകർന്ന് തളർന്നുപോകുന്ന ആ സന്ദർഭത്തിൽ സമാധാനപ്രഭുവിനെ കണ്ടെത്തിയിരുന്ന ആ ഭക്തൻ എഴുതി:-

"ദുഃഖത്തിന്റെ തിരമാലകൾ എന്റെ മീതേ കവിയുമ്പോൾ

ദിവ്യസമാധാനം നദിപോലെ എന്നെ തലോടുന്നു;

എന്റെ അവസ്ഥ എന്താണെങ്കിലും അവിടുന്ന് എന്നെ ഇപ്രകാരം

പറയാൻ പഠിപ്പിച്ചിരിക്കുന്നു:"സകലവും ശുഭം ആത്മാവിൽ ശുഭം."

1828 ൽ ന്യൂയോർക്ക് സംസ്ഥാനത്തെ ലാൻസിംഗ്ബർഗിലാണു ഹൊറേഷ്യോ ജനിച്ചത്. മാതാപിതാക്കൾ സമൂഹത്തിലെ ഉന്നതശ്രേണിയിൽപ്പെട്ടവരായിരുന്നു. ഇതേ പേരുകാരനായിരുന്ന പിതാവ് അമേരിക്കൻ ഫെഡറൽ സർക്കാരിൽ ഉയർന്ന ഉദ്യോഗം വഹിച്ചിരുന്നു. തോമസ് ജെഫേഴ്സനെപ്പോലെ ഒന്നിലധികം അമേരിക്കൻ പ്രസിഡന്റുമാരുമായി അടുത്തബന്ധം നിലനിർത്തിയിരുന്ന പിതാവ് മകനെ ഒരു അഭിഭാഷകനാക്കാൻ ആഗ്രഹിച്ചു. നിയമവിദ്യാഭ്യാസം പൂർത്തിയാക്കി അഭിഭാഷകനായ സ്പാഫോർഡ് 1856 ൽ അമേരിക്കയുടെ പടിഞ്ഞാറുഭാഗമായ ചിക്കാഗോയിലേക്ക് താമസം മാറ്റി. ആരോഗ്യമേഖലയിലെ നിയമശാസ്ത്രത്തിലായിരുന്നു അദ്ദേഹം ശ്രദ്ധകേന്ദ്രീകരിച്ചത്.





ചിക്കാഗോയിലെത്തിയ സ്പാഫോർഡ്, ഫുള്ളേർട്ടൺ അന്യൂ പ്രെസ്ബിറ്റേറിയൻ സഭയിലെ സജീവസാന്നിദ്ധ്യമായി. സണ്ടേസ്കൂൾ അദ്ധ്യാപകനായും പിൽക്കാലത്ത് പ്രസിദ്ധനായിത്തീർന്ന ഡി.എൽ.മൂഡിയുടെ സുവിശേഷവേലയിൽ സന്നദ്ധസേവകനായും ഒക്കെ അദ്ദേഹം പ്രയോജനപ്പെട്ടിരുന്നു. സണ്ടേ സ്കൂൾ കുട്ടികളുടെ കൂട്ടത്തിൽ നോർവേയിൽ നിന്നു കേവലം 4 വയസ്സ് പ്രായമുള്ളപ്പോൾ അമേരിക്കയിലേക്ക് മാതാപിതാക്കളോടൊപ്പം കുടിയേറിയ അന്നാ തൂബൻ ലാഴ്സൺ എന്ന സുന്ദരിക്കുട്ടിയും ഉണ്ടായിരുന്നു. യുവാവായ സ്പാ ഫോർഡ് അവളെ ആദ്യം കണ്ടുമുട്ടുമ്പോൾ അന്നായ്ക്ക് കേവലം 14 വയസ്സ് മാത്രം. ആ കൗമാരക്കാരിയിൽ താത്പര്യം തോന്നിയ സണ്ടേസ്കൂൾ അദ്ധ്യാപകൻ അഞ്ചുവർഷം കാത്തിരുന്നു, അവൾക്ക് വിവാഹപ്രാ യം എത്താൻ. 1861 ൽ അവരുടെ വിവാഹം ഇരുകുടുംബങ്ങളുടേയും സാന്നിദ്ധ്യത്തിലും സമ്മതത്തോടെയും നടന്നു. 1870 ആയപ്പോഴേക്കും ഒരു ആൺകുട്ടി ഉൾപ്പെടെ നാലു കുട്ടികളെ ദൈവം ഈ ദമ്പതിമാർക്കു നൽകി. കേവലം നാലു വയസ്സുള്ളപ്പോൾ ഹൊറേഷ്യോ എന്ന് പേരിട്ട ആൺകുട്ടി പകരുന്ന വിഷജ്വരം ബാധിച്ച് മരണമടഞ്ഞു. ശേഷിച്ച മൂന്നു പെൺകുട്ടികൾ അടങ്ങുന്ന ആ കുടുംബത്തിന് വീട്ടിൽ താമസിച്ച് കുട്ടികളെ പഠിപ്പിക്കുന്ന ഒരു ഫ്രെഞ്ച് അദ്ധ്യാപികയും ഡെൻമാർക്കുകാരനായ ഒരു പരിചാരകനും ഉണ്ടായിരുന്നു.



ദുഃഖസാഗരത്തിലെ
പ്രത്യാശയുടെ ഈരടി...
**ഹൊറേഷ്യോ സ്പാഫോർഡ്**

സമാന്യം ഭേദപ്പെട്ടസാമ്പത്തികസ്ഥിതി ഉണ്ടായിരുന്ന ഹൊറേഷ്യോ സ്പാഫോർഡ് സമർത്ഥനായ അഭിഭാഷകനും ചിക്കാഗോ പട്ടണത്തിന്റെ കേന്ദ്രസ്ഥാനത്തു കുറേ വസ്തുക്കളുടേയും കെട്ടിടങ്ങളുടേയും ഉടമയും ആയിരുന്നു.

1870 ൽ ഏകമകന്റെ വേർപാടിനുശേഷം നാലാമത് ഒരു മകൾകൂടി ഈ ദമ്പതിമാർക്കു പിറന്നു. 1871 ഒക്ടോബർ മാസം എട്ടാം തീയതി മുതൽ മൂന്നു ദിവസം ചിക്കാഗോ നഗരത്തിലുണ്ടായ വൻ അഗ്നിബാധ 250 പേരുടെ മരണത്തിന് കാരണമായി. തൊണ്ണൂറായിരംപേർ ഭവനരഹിതരായി. പട്ടണത്തിന്റെ മൂന്നിലൊന്ന് കത്തിച്ചാമ്പലായ ആ അഗ്നിബാധയിൽ സ്പാഫോർഡിന്റെ വസ്തുവകകൾക്ക് ഭീമമായ നഷ്ടം ഉണ്ടായി. എന്നാൽ അടിയുറച്ച ക്രിസ്തുഭക്തരായ സ്പാഫോർഡ് ദമ്പതിമാർ അവരുടെ സ്വന്തം നഷ്ടമോർത്ത് നിരാശപ്പെടാതെ തുടർന്നുള്ള രണ്ടു വർഷക്കാലം അഗ്നിബാധയിൽ ജീവഹാനിയും വസ്തുനഷ്ടവും സംഭവിച്ച ആയിര

ങ്ങൾക്ക് ആശ്വാസം പകരാൻ സമയം കണ്ടെത്തി.

ലോകപ്രസിദ്ധനായ സുവിശേഷകൻ ഡി.എൽ.മൂഡിയുടെ ക്രിസ്തീയപ്രവർത്തനങ്ങളുടെ ആസ്ഥാനം ചിക്കാഗോ ആയിരുന്നു. മൂഡിയുടെ അടുത്തമിത്രമായിരുന്ന സ്പാഫോർഡ് കുടുംബമായി യൂറോപ്പിൽ ഒഴിവുകാലം ചെലവഴിക്കാൻ തീരുമാനിച്ചപ്പോൾ ആ സമയത്ത് ഇംഗ്ലണ്ടിൽ സുവിശേഷയോഗങ്ങൾ നടത്തുന്ന മൂഡിയോടൊപ്പം സമയം ചെലവഴിക്കാൻ താത്പര്യപ്പെട്ടു. മൂഡിയോടൊപ്പം പ്രസിദ്ധഗായകനായ ഇറാ സാങ്കേയും ഉണ്ടായിരുന്നു. നാല് മക്കളോടൊപ്പം സ്പാഫോർഡും അന്നയും കപ്പൽ കയറാൻ എത്തിച്ചേർന്നെങ്കിലും അവസാന നിമിഷം ഹൊറേഷ്യോ സ്പാഫോർഡിന് അടിയന്തരമായ ചിലകാരണങ്ങളാൽ ഉടനേ അമേരിക്കവിടാൻ കഴിയാതെ വന്നു. സഹധർമ്മിണിയുടേയും കുഞ്ഞുങ്ങളുടേയും ഒഴുവുകാലയാത്രയ്ക്ക് തന്റെ അസൗകര്യം തടസ്സമാകേണ്ട എന്ന് ചിന്തിച്ച ആ സ്നേഹനിധി നിശ്ചിതദിവസം യാത്രപുറപ്പെടാൻ അവരെ പ്രേരിപ്പിച്ചു. കൂട്ടത്തിൽ ഫ്രെഞ്ചുകാരിയായ എമ്മാ എന്ന അദ്ധ്യാപികയും ഉണ്ടായിരുന്നു. എത്രയും വേഗം താനും ഇംഗ്ലണ്ടിൽ എത്തിക്കൊള്ളാം എന്ന ഉറപ്പുനൽകിയാണ് 1873 നവംബർ 22 -ാം തീയതി മുന്നൂറിലധികം മറ്റുയാത്രക്കാരോടൊപ്പം 'വില്ലേഡു ഹാർവേ' എന്ന ഫ്രെഞ്ചുകപ്പലിൽ സ്പാഫോർഡ് തന്റെ കുടുംബത്തെ യാത്രയാക്കിയത്. അധികം വൈകാതെ ഉത്തരഅറ്റ്ലാന്റിക് സമുദ്രത്തിൽ ഈ യാത്രക്കപ്പൽ 'ലോക്ക് ഏൺ' എന്ന ബ്രിട്ടീഷ് ചരക്കുക്കപ്പലുമായി കൂട്ടിയിടിച്ച് കേവലം 12 മിനിട്ടുകൾക്കുള്ളിൽ മുങ്ങുകയായിരുന്നു. സ്പാഫോർഡിന്റെ നാല് പെൺമക്കൾ ഉൾപ്പെടെ 226 യാത്രക്കാർ നിമിഷങ്ങൾക്കുള്ളിൽ മരണമടഞ്ഞു. ബ്രിട്ടീഷ് ചരുക്കുകപ്പൽ, സാരമായ കേടു സംഭവിച്ചെങ്കിലും കപ്പൽ ജോലിക്കാരുൾപ്പെടെ 90 പേരേ രക്ഷപ്പെടുത്തി. അന്നാ സ്പാഫോർ ഡും, എമ്മായും രക്ഷപ്പെട്ടു. മറ്റൊരു കപ്പൽ രക്ഷപ്പെട്ടവരെ വെയിൽസിലെ കാർഡിഫ് തുറമുഖത്ത് എത്തിച്ചു. 1873 ഡിസംബർ ഒന്നാം തിയതി അന്നാ വിങ്ങുന്ന ഹൃദയവുമായി ഭർത്താവിന് അയച്ച കമ്പിസന്ദേശത്തിന്റെ ചുരുക്കം ഇതായിരുന്നു "തനിയേ രക്ഷപ്പെട്ടു" അടുത്ത് പുറപ്പെടുന്ന കപ്പലിൽ ന്യൂയോർക്കിൽ നിന്നും സ്പാഫോർഡ് ഇംഗ്ലണ്ടിലേക്ക് യാത്രപുറപ്പെട്ടു.

അറ്റ്ലാന്റിക്കിലൂടെയുള്ള യാത്രാമദ്ധ്യേ കപ്പിത്താൻ സ്പാഫോർഡിനെ 'വില്ലേ ഡി ഹാർവെ' എന്ന കപ്പൽ അപകടത്തിൽപെട്ട സ്ഥലം കാണിക്കുകയുണ്ടായി. മൂന്നുമൈൽ സമുദ്രത്തിന് ആഴമുണ്ടായിരുന്നു ആ ഭാഗ ത്ത്. തന്റെ ഓമനമക്കളെ സമുദ്രം കവർന്നെടുത്ത സ്ഥലത്തുകൂടി പോകുമ്പോൾ ആ പിതാവിന്റെ മനസ്സിലൂടെ എന്തൊക്കെ ചിന്തകളാവാം കടന്നുപോയത്? അന്നു രാത്രി തന്റെ സ്വകാര്യമുറിയിൽ സകല ബുദ്ധിയേയും കവിയുന്ന ദൈവത്തിന്റെ സമാധാനത്താൽ നിറയപ്പെട്ടവനായി ഹൊറേഷ്യോ സ്പാഫോർഡ് അനശ്വരമായ ആ ഗാനത്തിന് ജന്മം നൽകി. ''എന്റെ ആത്മാവിൽ ഞാൻ ശുഭമായിരിക്കുന്നു'' എന്ന് ഒരു ക്രിസ്തുഭക്തനുമാത്രമേ കദനക്കടലിന്റെ നടുവിൽ പാടാൻ കഴികയുള്ളൂ. രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ കാണുന്ന പേരു പറയാത്ത ശൂനേംകാരത്തിയുടെ വാക്കുകളാവാം സ്പാഫോർഡിന് ഈ വരികൾ

(ശേഷം പേജ് 42 ൽ)



ചിന്തയ്ക്ക്

# സാത്താന്റെ സ്വരത്തെ തിരിച്ചറിയുന്നത് എങ്ങനെ?

എസ്.ഡി. ഗോർഡൻ

**പ**രിശുദ്ധാത്മാവിന്റെ സ്വരത്തിൽ നിന്നു വ്യത്യസ്തമാണ് സാത്താൻ കൊണ്ടുവരുന്ന നിർദ്ദേശങ്ങൾ. പരിശുദ്ധാത്മാവിന്റെ മന്ദമായ സ്വരത്തെയും സാത്താന്റെ മന്ത്രണങ്ങളെയും വേർതിരിച്ച് അറിയുന്നതെങ്ങനെ?

ഒന്നാമത് നമ്മോടുള്ള ദൈവസ്നേഹത്തെക്കുറിച്ച് നമ്മുടെ ഉള്ളിൽ സംശയം ഉണ്ടാക്കുന്നവയായിരിക്കും സാത്താന്റെ നിർദ്ദേശങ്ങൾ. ഒന്നുകിൽ ഈ നിർദ്ദേശം നേർക്കുനേരേ വരും. അല്ലെങ്കിൽ നമുക്ക് അങ്ങനെ സംശയം തോന്നാത്തവിധം സമർത്ഥമായി ഒളിപ്പിച്ച നിലയിലായിരിക്കും ആ നിർദ്ദേശം. എന്നാൽ നിങ്ങൾ ഈ നിർദ്ദേശത്തെ സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും-ഈ നിർദ്ദേശത്തിന്റെ പ്രായോഗികഫലം ഏതോ ഒരു പ്രവൃത്തി ചെയ്യുന്നതിൽ നിന്ന് ദൈവസ്നേഹത്തിലുള്ള സംശയം മൂലം നിങ്ങൾ പുറകോട്ടു മാറുന്നു എന്നതാണ്.

മറിച്ച് പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് എപ്പോഴും ശാന്തവും അതേ സമയം ദൈവത്തിൽ ഉറപ്പുള്ള വിശ്വാസം പകരുന്നതുമാണ്.

രണ്ടാമത്, പിശാചിൽ നിന്നുള്ള നിർദ്ദേശം എപ്പോഴും നമ്മുടെ സ്വാർത്ഥതയെ താലോലിക്കുന്നതായിരിക്കും. ഉപരിതലത്തിൽ പലപ്പോഴും അതങ്ങനെ തോന്നുകയില്ലായിരിക്കും. പക്ഷേ ആ നിർദ്ദേശത്തെ ഒന്നു സൂക്ഷ്മമായി പരിശോധിച്ചാൽ ചിത്രം വ്യക്തമാകും. സാത്താൻ ഇവിടെ വളരെ സമർത്ഥനാണ്. ക്രൂശ് ഒഴിവാക്കാൻ പത്രോസ് യേശുവിനോട് നിർദ്ദേശിച്ചതും, അപ്പം തിന്നു തൃപ്തരായ ജനം യേശുവിനെ രാജാവായി വാഴിക്കാൻ ശ്രമിച്ചതും ഓർക്കുക. രണ്ടും ആദ്യം കേൾവിയിൽ നല്ലതാണെന്നു തോന്നും. പക്ഷേ അവ ഫലത്തിൽ യേശുവിനോട് കഷ്ടത ഒഴിവാക്കാനുള്ള നിർദ്ദേശം ആയിരുന്നല്ലോ.

നേരേ മറിച്ച് പരിശുദ്ധാത്മാവ് എപ്പോഴും ദൈവത്തിനായുള്ള ഒരു വാഞ്ഛയിലേക്കുതന്നെ നമ്മെ നടത്തും. ഈ വാഞ്ഛ സ്വയത്തെ പുറത്താക്കിക്കളയും. ഫലം ദൈവഹിതം തടസ്സംകൂടാതെ നിറവേറപ്പെടും.

മൂന്നാമത്തെ ലക്ഷണം : സാത്താൻ പൊതുവേ നിങ്ങളെ ധൃതിപ്പെടുത്തും. തന്റെ ലക്ഷ്യം സാധിക്കാൻ ചിലപ്പോൾ അവൻ മെല്ലെമെല്ലെ നിങ്ങളെ ആകുലചിന്തയിലൂടെ വലിച്ചിഴച്ചെന്നുവരാം. എന്നാൽ സാധാരണ അവൻ പെട്ടെന്നുള്ള നീക്കങ്ങൾ നടത്താനും തിരക്കിട്ട് ചാടിപ്പുറപ്പെടാനും ധൃതിയിൽ പ്രവർത്തിക്കുവാനും നിങ്ങളെ പ്രേരിപ്പിക്കും. നമ്മുടെ കർത്താവിന് ലോകത്തിലെ സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ കാണിച്ചവനാണ്

**പരിശുദ്ധാത്മാവിന്റെ സ്വരത്തിൽ നിന്നു വ്യത്യസ്തമാണ് സാത്താൻ കൊണ്ടുവരുന്ന നിർദ്ദേശങ്ങൾ. പരിശുദ്ധാത്മാവിന്റെ മന്ദമായ സ്വരത്തെയും സാത്താന്റെ മന്ത്രണങ്ങളെയും വേർതിരിച്ച് അറിയുന്നതെങ്ങനെ? ഒന്നാമത് നമ്മോടുള്ള ദൈവസ്നേഹത്തെക്കുറിച്ച് നമ്മുടെ ഉള്ളിൽ സംശയം ഉണ്ടാക്കുന്നവയായിരിക്കും സാത്താന്റെ നിർദ്ദേശങ്ങൾ. മറിച്ച് പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് എപ്പോഴും ശാന്തവും ഉറപ്പുള്ള വിശ്വാസം പകരുന്നതുമാണ്.**

അവൻ (ലൂക്കോസ് 4:5). ഏദനിൽ ഹവ്വയെ പെട്ടെന്ന് ഒരു തീരുമാനത്തിലേക്കു തള്ളിവിട്ടതും അവന്റെ സ്വരമാണ്.

എന്നാൽ ദൈവം ധൃതഗതിയിൽ പ്രവർത്തിക്കുകയില്ല. അവിടുന്നു വേഗത്തിൽ നീക്കം നടത്തിയെന്നിരിക്കും. എന്നാൽ ഒരിക്കലും തിരക്കുകൂട്ടുകയോ ധൃതിവയ്ക്കുകയോ ചെയ്യുകയില്ല. പരിശുദ്ധാത്മാവു നമ്മെ നടത്തുമ്പോൾ അത് ശാന്തവും ക്രമീകൃതവുമായ മുന്നോട്ടുള്ള നീക്കമായിരിക്കും.

നാലാമത്തെ ലക്ഷണം നാം ചിലപ്പോൾ ചിന്തിച്ചതിനോട് ഏറെക്കുറെ ചേർന്നുപോകുന്നതാണ്. സാത്താന്റെ നിർദ്ദേശം നിങ്ങളെ അസ്വസ്ഥതയിലേക്കു തള്ളിവിടും.

നിങ്ങൾ ഔത്സുക്യത്തോടെ പദ്ധതിയിടുന്ന എല്ലാ പരിപാടികളെ സംബന്ധിച്ചും തെറ്റിപ്പോകാത്ത അളവുകോലായി ഈ ലക്ഷണത്തെ കണക്കാക്കാം. ഉള്ളിലെ അസ്വസ്ഥതയും കോളിളക്കവുമെല്ലാം സാത്താന്റെ സാന്നിധ്യത്തെയാണു തീർച്ചയായും വിളിച്ചറിയിക്കുന്നത്.

അതേ സമയം പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് നമ്മെ സ്വസ്ഥരാക്കും. അതിനു വ്യക്തതയും കൃത്യതയും ഉണ്ടായിരിക്കും. പത്രോസിന്റെ അമ്മായിയമ്മയുടെ കരങ്ങളെതൊട്ട നമ്മുടെ യജമാനന്റെ സ്പർശനത്തിന് ഇന്നും അതേ ശക്തിയും കഴിവും ഉണ്ട്-തൊട്ട ഉടനെ പനി മാറി.

അഞ്ചാമത്തെ ലക്ഷണം: നിങ്ങളോടു മുഖസ്തുതി പറയുന്നത് സാത്താന്റെ താത്പര്യമാണ്. കല്ലുകളിൽ നിന്ന് അപ്പം ഉണ്ടാക്കാൻ കഴിയും എന്ന് നമ്മുടെ കർത്താവിനോടു മരുഭൂമിയിൽ വച്ച് സാത്താൻ പറഞ്ഞതിൽ മുഖസ്തുതിയുടെ ലാഞ്ഛന കാണുവാൻ കഴിയും. പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ടിരുന്നില്ലെങ്കിൽ നമ്മുടെ കർത്താവ് തീർച്ചയായും കല്ലിൽ നിന്ന് അപ്പം ഉണ്ടാക്കുമായിരുന്നു. എന്നാൽ ഒരാളുടെ കഴിവുകളെക്കുറിച്ച് ആ മട്ടിലുള്ള പരാമർശങ്ങളിൽ മുഖസ്തുതിയുടെ സ്പർശം ഉണ്ടെന്നുള്ളതു വ്യക്തമാണ്. ഇത് ഒരു വ്യക്തമായ ലക്ഷണമാണ്. സാത്താന്റെ സാന്നിധ്യത്തിലേക്കാണു ഇത് വിരൽ ചൂണ്ടുന്നത്.

ഇതിൽനിന്നു വ്യത്യസ്തമായി പരിശുദ്ധാത്മാവ് ഒരിക്കലും നിങ്ങളോടു മുഖസ്തുതി പറയുകയില്ല. നമുക്കുള്ള വരങ്ങളും, കഴിവുകളും യഥാർത്ഥമായി അംഗീകരിക്കുന്നതിലേക്ക് പരിശുദ്ധാത്മാവു നടത്തും എന്നതു നേര്. എന്നാൽ അതെല്ലാം ദൈവത്തിൽ നിന്നുള്ളതാണെന്നും ഒരു പവിത്രമായ ഉപനിധിപോലെ അതു കൈകാര്യം ചെയ്യേണ്ടതാണെന്നും പരിശുദ്ധാത്മാവു നമ്മെ നിരന്തരം ഓർപ്പിക്കും. അവിടുത്തെ നടത്തിപ്പില്ലാതെ ഇവ ഉപയോഗിക്കരുതെന്നും പരിശുദ്ധാത്മാവു നമുക്കു ബോധ്യം നൽകും.

സാത്താന്റെ സാന്നിദ്ധ്യത്തിന്റെ ആറാമത്തെ ലക്ഷണം ഭയമാണ്. അവൻ നമ്മെ പേടിപ്പിക്കും. ഭീതിദമായ





ഒരു തോന്നലോടെ നാം ചില കാര്യങ്ങൾ ചെയ്യാതെ പിന്തിരിയും. നാം ഭയപ്പെട്ടുപോകാൻ കാരണമാകുന്ന പേടി സാത്താൻ അടുത്തുണ്ടെന്നതിന്റെ ലക്ഷണമായിക്കാണണം.

മറിച്ച് പരിശുദ്ധാത്മാവിന്റെ സ്വരം ദൈവത്തിലുള്ള ശാന്തമായ ധൈര്യം നമുക്കു നൽകുന്നു. ആരാധനയുടേയും രാജകീയ പ്രഭാവത്തിന്റേയും ഒരു ബോധ്യം ദൈവസാന്നിധ്യം നമുക്കു നൽകും. പക്ഷേ അതു നമ്മെ ഭയപ്പെടുത്തുകയില്ല. ദൈവം സംസാരിക്കുമ്പോൾ നാം അസാധ്യകാര്യങ്ങൾ ഏറ്റെടുക്കുകയും ഫലം എന്തായാലും പൂർണ്ണവിശ്വാസമുള്ളവരായി ധൈര്യത്തോടെ സഹിക്കുവാൻ തയ്യാറാവുകയും ചെയ്യും.

സാത്താന്റെ സാന്നിധ്യത്തിന്റെ ഏഴാമത്തെ ലക്ഷണം മാനസികമോ ആത്മികമോ ആയ വിഷാദമാണ്. നിരന്തരമായ പ്രവർത്തനം മൂലമുള്ള വലിയ ക്ഷീണമാകാം വിഷാദത്തിന് ഇടയാക്കുന്നത്. അങ്ങനെയെങ്കിൽ ലളിതമായ ഭക്ഷണം, ആവശ്യത്തിന് ഉറക്കം, വ്യായാമം, ശുദ്ധവായു ലഭിക്കത്തക്കവണ്ണമുള്ള നടപ്പ്, ജീവിതത്തെക്കുറിച്ചുള്ള ദൈവികോദ്ദേശ്യത്തെപ്പറ്റിയുള്ള ഓർമയും ധ്യാനവും എന്നിവയെല്ലാം ഈ വിഷാദത്തെ അകറ്റിക്കളയും. എന്നാൽ സാത്താൻ മിക്കപ്പോഴും സത്യസന്ധരായ ദൈവികമനുഷ്യരെ വിഷാദത്തിന് ഇരയാക്കാൻ ശ്രമിക്കും.

അതേസമയം ദൈവസാന്നിധ്യം ഉള്ളിടത്ത് എപ്പോഴും സമാധാനവും സന്തോഷവും ഉണ്ട്. ആത്മാവിന്റെ ഫലമാണല്ലോ ഇത്.

എട്ടാമത്തെ ലക്ഷണം നാം ശ്രദ്ധയോടെ കുറിക്കൊള്ളണം. ആളുകളെ സന്തുലിതാവസ്ഥയിൽ നിന്നു മാറ്റി ഒരു വശത്തേക്ക് തീവ്രതയോടെ മാറിനിൽക്കാൻ അത് പ്രേരിപ്പിച്ചേക്കും. ഒരു ശരിയായ കാര്യത്തെ അതിന്റെ ശരിയായ സ്ഥാനത്തുനിന്നു മാറ്റിയാൽ

**സാത്താന്റെ നിർദ്ദേശം നിങ്ങളെ അസ്വസ്ഥതയിലേക്കു തള്ളിവിടും. നിങ്ങൾ ഔത്സുക്യത്തോടെ പദ്ധതിയിടുന്ന എല്ലാ പരിപാടികളെ സംബന്ധിച്ചും തെറ്റിപ്പോകാത്ത അളവുകോലായി ഈ ലക്ഷണത്തെ കണക്കാക്കാം. ഉള്ളിലെ അസ്വസ്ഥതയും കോളിളക്കവുമെല്ലാം സാത്താന്റെ സാന്നിധ്യത്തെയാണു തീർച്ചയായും വിളിച്ചറിയിക്കുന്നത്. അതേ സമയം പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് നമ്മെ സ്വസ്ഥരാക്കും. അതിനു വ്യക്തതയും കൃത്യതയും ഉണ്ടായിരിക്കും.**

അതൊരു തെറ്റായി മാറാൻ സാധ്യതയുണ്ട്. സത്യം മറ്റു സത്യങ്ങളോട് ബന്ധപ്പെട്ടു നിൽക്കുന്നില്ലെങ്കിൽ അത് ഒരു തിന്മയായി മാറും.

അതേ സമയം പരിശുദ്ധാത്മാവ് സുബോധത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ഒരു വ്യക്തിയെപ്പോലെ സന്തുലിതമായ കാഴ്ചപ്പാട് മറ്റാർക്കും ഇല്ല.

സാത്താന്റെ നിർദ്ദേശങ്ങളെ തിരിച്ചറിയാനുള്ള ചില ലക്ഷണങ്ങളാണ് മുകളിൽപ്പറഞ്ഞത്. നാളെ മുതൽ എല്ലാവരേയും സംശയദൃഷ്ടിയോടെ നോക്കുവാൻ വേണ്ടിയല്ല നാം ഈ കാര്യങ്ങൾ മനസ്സിലാക്കുന്നതെന്ന് ഓർക്കണം.

മറിച്ച് നാം നമ്മുടെ കർത്താവ് ചൂണ്ടിക്കാട്ടുന്ന പാതയിലൂടെ ക്ഷമയോടും ശാന്തതയോടും മുന്നോട്ടു പോകും. നമ്മുടെ മുഖം അവിടുത്തെ മുഖത്തെ ദർശിക്കും. നമ്മുടെ ഹൃദയം അവിടുത്തെ ഹൃദയത്തോടു ചേർന്നിരിക്കും. അങ്ങനെ മുന്നോട്ടു പോകുമ്പോൾ എല്ലാ കെണിയിൽ നിന്നും കർത്താവു നമ്മെ സൂക്ഷിക്കുകയും അവിടുന്നു നയിക്കുന്ന പാതയിലൂടെ നാം മുന്നേറുകയും ചെയ്യും.

അനുഭവം

# ടൈറ്റാനിക്കിലെ യഥാർത്ഥനായകൻ

1912 ഏപ്രിൽ 14 ന് രാത്രി. ധനാഢ്യരും പ്രശസ്തരുമായ ധാരാളംപേരെ വഹിച്ചുകൊണ്ടു ലോകത്തിലെ ഏറ്റവും വലിയ കപ്പൽ തെന്നി നീങ്ങുന്നു. ഏകദേശം 11.40 ന് കപ്പലിന്റെ ആറു വായുഅറകളെ തകർത്തുകൊണ്ട് ഒരു മഞ്ഞുമല ചിതറിത്തെറിച്ചു. വെള്ളം ഉള്ളിലേക്കിരച്ചു കയറി.

ആ കപ്പലിൽ ജോൺ ഹാർപ്പറും അദ്ദേഹത്തിന്റെ ആറുവയസ്സുള്ള മകൾ നാനയുമുണ്ടായിരുന്നു. കപ്പൽ മുങ്ങുമെന്നുറപ്പായപ്പോൾ ജോൺ തന്റെ മകളെ ഒരു ലൈഫ് ബോട്ടിൽ കയറ്റിവിട്ടു. അദ്ദേഹത്തിനും അതിൽ കയറാമായിരുന്നു എങ്കിലും അദ്ദേഹം അതു ചെയ്തില്ല. അദ്ദേഹം നിരാശരായി അലമുറയിടുന്നവരുടെ സമീപത്തേക്കു തിരിഞ്ഞു.

പെട്ടെന്നു കപ്പലിന്റെ പിൻഭാഗം ഉയർന്നുകൊണ്ടിരുന്നു. "സ്ത്രീകളും കുട്ടികളും രക്ഷിക്കപ്പെടാത്ത എല്ലാവരും ലൈഫ്ബോട്ടുകളിൽ കയറുക." ജോൺ അലറിവിളിച്ചുകൊണ്ടിരുന്നു. ഏതാനും മിനിട്ടുകൾക്കുശേഷം കപ്പലിന്റെ ഉള്ളിൽ എന്തോ ഉരുണ്ടുകയറുന്ന പോലെയുള്ള ഇരമ്പം തുടങ്ങി. എന്തോ സ്ഫോടനമായിരിക്കാമെന്ന് ആളുകൾ കരുതി. പക്ഷേ ഭീമാകാരമായ ആ കപ്പൽ നടുവേ മുറിയുന്ന ശബ്ദമായിരുന്നു അത്. ആളുകൾ എടുത്തു കടലിൽ ചാടി. തണുത്തുറഞ്ഞു വെള്ളത്തിലേക്ക്. ജോൺ ഹാർപ്പറും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

1528 പേർ ആ രാത്രി കടലിലേക്ക് വീണു. ജോൺ ഹാർപ്പർ മുങ്ങിത്താഴുന്നവർക്കിടയിലൂടെ തിരക്കിട്ട് നീന്തി നടന്നു. തകർന്ന ഒരു കഷണത്തിൽ പിടിച്ചുകിടന്ന ഒരു യുവാവിനോടു ജോൺ ചോദിച്ചു:"താങ്കൾ രക്ഷിക്കപ്പെട്ടതാണോ?" "അല്ല" എന്ന മറുപടി. ഹാർപ്പർ അദ്ദേഹത്തോടു ക്രിസ്തുവിനെക്കുറിച്ചും രക്ഷയെക്കുറിച്ചും പറഞ്ഞു. പക്ഷേ ആ ചെറുപ്പക്കാരൻ ഒരു തീരുമാനമെടുക്കാൻ കഴിയാതവണ്ണം ചകിത നായിരുന്നു. ഹാർപ്പർ തന്റെ ലൈഫ്ജാക്കറ്റ് ഊരി അദ്ദേഹത്തിനു കൊടുത്തിട്ട് "ഇതാ ഇതു എന്നേക്കാളധികം താങ്കൾക്ക് ആവശ്യമായിരിക്കുന്നു. ധരിച്ചോളൂ..." എന്നുപറഞ്ഞു. എന്നിട്ടു മറ്റുള്ളവർക്കടുക്കലേക്ക് അദ്ദേഹം നീന്തിപ്പോയി. അല്പസമയത്തിനുശേഷം അദ്ദേഹം വീണ്ടും യുവാവിന്നടുത്തേക്കു വന്നു. അയാളെ രക്ഷയിലേക്കു നടത്തു ന്നതിൽ വിജയം കണ്ടു.

കടലിൽ വീണ 1528 പേരിൽ ആറുപേർ അന്നു രാത്രി ലൈഫ്ബോട്ടിൽ കരയിലേക്ക് രക്ഷപ്പെട്ടു. അതിലൊരാൾ ആ യുവാവായിരുന്നു. നാലു വർഷങ്ങൾക്കുശേഷം ദുരന്തത്തിൽ നിന്നു രക്ഷപ്പെട്ടവരുടെ ഒരു യോഗത്തിൽ വച്ച് ആ യുവാവ് തന്നെ ക്രിസ്തുവിലേക്കു നയിച്ച ജോൺ ഹാർപ്പറെക്കുറിച്ചും ആ രാത്രിയിൽ മഞ്ഞുപോലെ തണുത്തുറഞ്ഞ വെള്ളത്തിലൂടെ ആളുകളെ സഹായിക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങളെക്കുറിച്ചും വിവരിക്കുകയുണ്ടായി. ഒടുവിൽ ഹാർപ്പർ അതിശൈത്യത്തിനു കീഴടങ്ങി. തണുപ്പ് അദ്ദേഹത്തിന്റെ കൈകാലുകളെ മരവിപ്പിച്ചു. അദ്ദേഹം ആഴങ്ങളിലേക്ക് താഴുമ്പോഴും വിളിച്ചുപറയുന്നുണ്ടായിരുന്നു:"കർത്താവായ യേശുവിൽ വിശ്വസിക്ക. നീ രക്ഷപ്രാപിക്കും."

●



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

23

പ്രഭാതഭക്ഷണത്തിന്റെ സമയത്താണ് ബിഷോപ്പിന്റെ സങ്കേതത്തിൽ എല്ലാവരും ഒത്തുചേരുന്നത്. കൂട്ടായ്മയ്ക്കും വിശ്രമത്തിനുമുള്ള ഒരേ ഒരു സമയം അതുമാത്രമാണ്. സരസസംഭാഷണങ്ങളും നർമ്മങ്ങളും ബിഷോപ്പിന്റെ കഥകളും ഡോ.ബ്രൂസിന്റെ രസകരമായ അനുഭവങ്ങളും ഒക്കെയായി തങ്ങൾക്കുചുറ്റും വലിഞ്ഞുമുറുകുന്ന ദുഃഖത്തിന്റേയും സമസ്യകളുടേയും പിരിമുറുക്കത്തിന് ഒരു അയവുവരുന്ന സമയം.

ഇന്നു പ്രഭാതത്തിൽ ബിഷോപ്പ് വർത്തമാനപ്പത്രം മറ്റുള്ളവർക്കുകൂടി കേൾക്കാൻ തക്കവണ്ണം വായിക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം നിർത്തുകയും മുഖം ദുഃഖസാന്ദ്രമാ യിത്തീരുകയും ചെയ്തു. മറ്റുള്ളവർ അതു ശ്രദ്ധിക്കുകയും അവിടെ നിശ്ശബ്ദത പടരുകയും ചെയ്തു.

"ഒരു കാറിൽ നിന്നും കുറച്ചു കൽക്കരി നീക്കം ചെയ്യുമ്പോൾ വെടിയേറ്റു മരിച്ചു. ആറുമാസമായി കാര്യമായ ജോലിയൊന്നും ഉണ്ടായിരുന്നില്ല. തണുപ്പിൽ കോച്ചിവിറയ്ക്കുന്ന കുടുംബാംഗങ്ങൾ. പടിഞ്ഞാറൻ പ്രദേശത്തുള്ള ഒരു മൂന്നുമുറിക്കുടിലിൽ കഴിയുന്ന ഭാര്യയും ആറുമക്കളും. കീറത്തുണിയിൽ പൊതിഞ്ഞ ഒരു കൈക്കുഞ്ഞ്"

ഇതായിരുന്നു വാർത്തയുടെ തലക്കെട്ടിലുണ്ടായിരുന്ന വാചകങ്ങൾ. തുടർന്ന് അദ്ദേഹം വാർത്ത മുഴുവനും വായിച്ചു. വെടിവയ്പ്പിനെക്കുറിച്ചും ആ ചേരിപ്രദേശത്ത് ലേഖകൻ കണ്ടെത്തിയ കാര്യങ്ങളെക്കുറിച്ചും വിശദമായി വായിച്ചു. അദ്ദേഹം വായിച്ചു നിർത്തി യതോടെ നർമ്മത്തിന്റെ അന്തരീക്ഷം മാഞ്ഞു പോയി.

ഈ സമൃദ്ധിയുടെ നടുവിലും ആളുകൾ തൊഴിൽരഹിതരായി പട്ടിണിയിലും ശൈത്യത്തിലും നിസ്സഹായരായി, നിരാലംബരായി, മരണത്തിനും നാശത്തിനും കുറ്റകൃത്യങ്ങൾക്കും ഇരയായിത്തീരുന്നു. ഈ വാർത്തയ്ക്കു സമ്മിശ്രമായ പ്രതികരണങ്ങളുണ്ടായി. ഒരാൾ പറഞ്ഞു: "അയാൾ എന്തുകൊണ്ട് ഏതെങ്കിലും സന്നദ്ധസംഘടനകളിൽ സഹായത്തിനപേക്ഷിച്ചില്ല? ഈ നഗരത്തിന്റെ ധാർമ്മികനിലവാരം എത്രമോശമാണെന്നു പറഞ്ഞാലും ഇവിടെയുള്ള ക്രിസ്ത്യാനികൾ ഒരാളെ ഭക്ഷണവും ഇന്ധനവും ഇല്ലാതെ കൈവിടാൻ മാത്രം അധഃപതിച്ചിട്ടില്ല."

"ഞാൻ അങ്ങനെ വിശ്വസിക്കുന്നില്ല." ബ്രൂസ് പറഞ്ഞു. "അയാൾ ഒരു പക്ഷേ സഹായം ചോദിച്ചിട്ടുണ്ടാകാം. നിവൃത്തിയില്ലാതെ സ്വയം സഹായിക്കാൻ ഒരുങ്ങിയതാകാം. ഇത്തരം കേസുകൾ മുമ്പും എന്റെ ശ്രദ്ധയിൽ

പ്പെട്ടിട്ടുണ്ട്. ഈ ശൈത്യകാലത്തു തന്നെ.”

“ഇതിലെ ഏറ്റവും ഭയങ്കരമായ അവസ്ഥ അതല്ല. ആറുമാസമായി അയാൾക്ക് ഒരു ജോലിയും ലഭിച്ചില്ല എന്നുള്ളതാണ്.” ബിഷോപ്പ് പറഞ്ഞു.

‘‘അയാൾക്ക് എന്തുകൊണ്ടു ഗ്രാമപ്രദേ ശത്തേക്കു പോയിക്കൂടായിരുന്നു?” ദൈവശാസ്ത്രവിദ്യാർത്ഥിയുടെ സംശയം. മേശയ്ക്കു ചുറ്റുമിരുന്ന മറ്റൊരാൾ അതിനു മറുപടി പറഞ്ഞു. ‘‘ഗ്രാമങ്ങളിലെ ജോലികളൊന്നും തന്നെ സ്ഥിരമല്ല. തന്നെയല്ല സാദ്ധ്യതകളും വളരെ കുറവാണ്. ഇതുപോലെ കുടുംബസമേതം ജീവിക്കുന്നവർക്ക് അതു വളരെ പ്രയാസമാണ്. അയാൾക്കു വീട്ടുസാധനങ്ങളുമായി ഒരു ഗ്രാമപ്രദേശത്തേക്കുള്ള യാത്രതന്നെ ദുർവ്വഹമായിരിക്കും! നമുക്കറിയാത്ത നൂറുകാരണങ്ങൾ അവർക്കുണ്ടാകാം”

“ഓ! കൂടെ ഭാര്യയും മക്കളുമുണ്ട്. എത്ര ഭയങ്കരമാണത്! എവിടെയാണാ സ്ഥലമെന്നാണു പറഞ്ഞത്? “ബ്രൂസിന്റെ ഭാര്യ ചോദിച്ചു. “ഇവിടെ അടുത്തു തന്നെയാണ്. ആ പെൻറോസ് മേഖലയിലാണ്. ആ മേഖലയിലെ പാർപ്പിടസൗകര്യ ങ്ങളുടെ പകുതിയും പെൻറോസിന്റേതാണ്. ഈ നഗരത്തിലെ ഏറ്റവും മോശപ്പെട്ട കെട്ടിടങ്ങളാണവ. അയാളാണെങ്കിൽ സഭയിലെ ഒരംഗവും.’’ ‘‘അതേ അയാൾ നസ്രത്ത് അവന്യുസഭയിലെ ഒരംഗമാണ്.” ഡോ.ബ്രൂസ് പറഞ്ഞു.

പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ സന്ദർശകന്റെ വരവറിയിച്ചുകൊണ്ട് കോളിംഗ്ബെൽ മുഴങ്ങി.

“ഒരു സന്ദർശകൻ വന്നിരിക്കുന്നു. ക്ലാരൻസ് പെൻറോസ് എന്നാണു പേര്. താങ്കളെ കാണാനാണ്.” ഒരു അന്തേവാസി വന്ന് അറിയിച്ചു.

“കടന്നുവരാൻ പറയൂ.” ഡോ.ബ്രൂസ് പറഞ്ഞു. ബിഷോപ്പും ബ്രൂസും ആഗതനെ ഹാളിലേക്കു നയിച്ചു. ഷിക്കാഗോയിലെ കുലീനരുടെയും സമ്പന്നവർഗ്ഗത്തിന്റെയും പ്രതിനിധിയാണ് സുഭഗനായ പെൻറോസ്. ധാരാളം കെട്ടിടങ്ങളുടെയും വലിയ സമ്പത്തിന്റേയും ഉടമ. ഡോ.ബ്രൂസിന്റെ സഭാംഗമായിരുന്നു. വലിയ അസ്വസ്ഥതയോടെയാണ് അയാൾ ബ്രൂസിന്റെയും ബിഷോപ്പിന്റെയും മുമ്പിലിരുന്നത്. സംസാരിച്ചു തുടങ്ങിയപ്പോൾ വിളറിയ ചുണ്ടുകൾ വിറകൊള്ളുന്നുണ്ടായിരുന്നു. “ആ വെടിവെയ്പിന്റെ കാര്യമാണ്! താങ്കൾക്കു പിടികിട്ടുന്നുണ്ടോ? താങ്കൾ വായിച്ചോ? ആ കുടുംബം എന്റെ കെട്ടിടത്തിലാണ് താമസിച്ചിരുന്നത്. ഭയങ്കരസംഭവമായിപ്പോയി. പക്ഷേ ഞാൻ വന്നത് അതിനല്ല.’’ അയാൾ വികാരാധീനനായി രണ്ടു പേരെയും മാറിമാറി നോക്കി. വാക്കുകൾ തൊണ്ടയിൽ തടഞ്ഞു. ബിഷോപ്പ് മിഴിയനക്കാതെ അയാളെത്തന്നെ നോക്കിയിരുന്നു. ഒടുവിൽ ഡോ. ബ്രൂസിനു നേരെ തിരിഞ്ഞ് പറഞ്ഞു.

“എനിക്കുണ്ടായ വിശദീകരിക്കാനാവാത്ത ചില അനുഭവങ്ങൾ പങ്കുവയ്ക്കാനാണ് ഞാൻ വന്നത്. നസ്രത്ത് അവന്യൂ സഭയിൽ പ്രതിജ്ഞയെടുത്തവരുടെ കൂട്ടത്തിലുള്ള ഒരാളാണ് ഞാനെന്ന് അങ്ങേയ്ക്കറിയാമല്ലോ. പക്ഷേ ഞാനൊരു ക്രിസ്ത്യാനിയാണെന്ന മൂഢവിശ്വാസത്തിൽത്തന്നെ ഞാൻ തുടർന്നു. എന്റെ ഉദാരമായസംഭാവനകൾ അങ്ങനെയെന്നെ വിശ്വസിപ്പിച്ചു. എല്ലാം എന്റെ സമൃദ്ധിയിൽ നിന്നായിരുന്നു. ഞാൻ എന്നെത്തന്നെ അർപ്പിക്കയോ ഈ സംഭാവനകൾകൊണ്ട് എനിക്ക് ഏതെങ്കിലും നഷ്ടമോ കഷ്ടമോ ഉണ്ടാകയോ ചെയ്തിട്ടില്ല. ഞാൻ ചെയ്ത പ്രതിജ്ഞയ്ക്കു വിരുദ്ധമായ ഒരു നരകത്തിലായിരുന്നു എന്റെ ജീവിതം. എന്റെ കൊച്ചുമകൾ








**ആ യോഗത്തിൽ പങ്കെടുക്കാനെത്തിയ ഏവരും പ്രധാനവാതിലിൽ മുദ്രണം ചെയ്തിരുന്ന സൂക്തം ശ്രദ്ധിച്ചിരുന്നിരിക്കണം. “യേശു എന്തു ചെയ്തുവോ അതുപോലെ” .**

ഡയാനയും എന്നോടൊപ്പം പ്രതിജ്ഞയെടുത്തിരുന്നതു താങ്കൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. അവൾ എന്നോടു സാധുക്കളായ ആളുകളുടെ താമസത്തെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും നിരവധി അസുഖകരമായ ചോദ്യങ്ങൾ ചോദിക്കാറുണ്ടായിരുന്നു. അവ എന്റെ മനസ്സാക്ഷിയിലേക്ക് അമ്പുകൾ പോലെ വന്നു തറഞ്ഞുകൊണ്ടിരുന്നു. എനിക്കുറക്കം നഷ്ടപ്പെട്ടു. ഞാൻ ന്യായവിധിദിവസത്തെ മുന്നിൽ കണ്ടുകൊണ്ടിരുന്നു. എനിക്കവളുടെ ചോദ്യങ്ങളെ ഒഴിവാക്കാൻ കഴിയില്ലായിരുന്നു’’. എന്റെ കെട്ടിടങ്ങളിലെവിടെയെങ്കിലും സാധുക്കളായ ആളുകൾ താമസമുണ്ടോ? അവർ ഞാൻ കഴിയുന്നതുപോലെ തണുപ്പിനെ അതിജീവിക്കാൻ വേണ്ട സൗകര്യങ്ങളോടെയാണോ ജീവിക്കുന്നത്” ഇത് അവൾ കഴിഞ്ഞ രാത്രിയും എന്നോടു ചോദിച്ച ചോദ്യമാണ്. ഒരു കൊച്ചുകുട്ടി എങ്ങനെയാണു ചോദ്യങ്ങൾ ചോദിക്കുന്നതെന്നു നിങ്ങൾക്കറിയാമല്ലോ. ഞാൻ ശൂലം കൊണ്ടുകുത്തുകൊള്ളുന്ന വേദനയോടെയാണ് ഇന്നലെ കിടക്കയിലേക്കു പോയത്. അതു ദൈവം തന്നെ എന്റെ മനഃസാക്ഷിയിലേക്കയച്ചതായിരുന്നു എന്ന് ഇപ്പോൾ ഞാനറിയുന്നു. എനിക്കുറങ്ങാൻ കഴിഞ്ഞില്ല. ന്യായവിധിദിവസത്തിൽ ന്യായാധിപനെ അഭിമുഖീകരിക്കുന്ന അവസ്ഥയിലായിരുന്നു ഞാൻ. ഞാൻ ശരീരത്തിലിരിക്കുമ്പോൾ എന്തൊക്കെ ചെയ്തു എന്നതിന് കണക്കു കൊടുക്കുവാൻ എന്നോടാവശ്യപ്പെട്ടു. എത്ര പാപികളെ സന്ദർശിച്ചു? എത്ര ജയിൽ സന്ദർശനം നടത്തി? എന്നെ ഭരമേല്പിച്ച കാര്യവിചാരകത്വത്തെ

ഞാൻ എങ്ങനെ കൈകാര്യം ചെയ്തു? തണുപ്പിലും വേനലിലും കഷ്ടപ്പെടുന്നവർക്കുവേണ്ടി എന്തു ചെയ്തു? കൃത്യമായി വാടകപിരിക്കുക എന്നതിനപ്പുറം അവരുടെ സൗകര്യങ്ങൾക്കുവേണ്ടി എന്തു പരിഗണനകളുണ്ടായിരുന്നു? എന്തുസഹനം ജീവിതത്തിലുണ്ടായി? എന്റെ സ്ഥാനത്ത് യേശു ആയിരുന്നെങ്കിൽ ഇങ്ങനെയാകുമായിരുന്നോ? ഞാൻ പ്രതിജ്ഞ നിറവേറ്റിയോ? എന്റെ പണവും സ്വാധീനവും സംസ്കാരവും ഒക്കെ ഞാൻ ഏതുവിധത്തിൽ പ്രയോജനപ്പെടുത്തി? എനിക്കു ധാരാളമായി ലഭിച്ചു. പക്ഷേ ഞാൻ കൊടുത്തതെത്ര?

നിങ്ങളെ രണ്ടുപേരെയും ഒരു ദർശനത്തിൽ കണ്ടുകൊണ്ടാണു ഞാൻ ഉണർന്നത്. ആ ദർശനം മുഴുവൻ ഞാൻ കണ്ടില്ല. കണ്ടത് എന്നെ അസ്വസ്ഥനാക്കി. കഷ്ടം സഹിക്കുന്ന ക്രിസ്തു എനിക്കു നേരെ നില്ക്കുന്നതാണ് ഞാൻ കണ്ടത്. അതിനപ്പുറം എല്ലാം അവ്യക്തമായിരുന്നു. ഞാൻ നിദ്രാവിഹീനനായിരിക്കുന്നു. കൽക്കരിശാലയിലെ വെടിവയ്പ്പാണ് ഇന്നു പ്രഭാതത്തിൽ എന്നെ എതിരേറ്റത്. അത് എന്നെ ഭയപ്പെടുത്തുന്നു. ഞാൻ ദൈവത്തിനുമുമ്പിൽ ഒരു കുറ്റവാളിയാണ്.'' പെൻറോസ് ഒന്നുനിർത്തി. എഴുന്നേറ്റു. ആ രണ്ടു പുരുഷന്മാരും നിർന്നിമേഷരായി അയാളെത്തന്നെ നോക്കിക്കൊണ്ടിരുന്നു. ഈ സമൂഹത്തിലെ ഉന്നതരും അഭിജാതരുമായവരുടെ കൂട്ടത്തിലുള്ള ഈ മനുഷ്യനെ യേശുവിനു വേണ്ടി സഹിക്കുവാൻ പരിശുദ്ധാത്മാവ് ഇന്നു പ്രഭാതത്തിൽ ഉണർത്തിയത് എന്തുകൊണ്ടാകാം? നഗരത്തിലെ അഭിശപ്ത വിഭാഗത്തിന്റെ അവസ്ഥകൾക്കു നേരെ ഒരു നിർമ്മമതാ മനോഭാവം സൂക്ഷിക്കുന്നവരാണല്ലോ ഈ വരേണ്യർ. ബിഷോപ്പ് തന്റെ കരം അയാളുടെ തോളിൽ വച്ചുകൊണ്ട് പറഞ്ഞു: ''എന്റെ സഹോദരാ, ദൈവം താങ്കളെ കൈവിട്ടിട്ടില്ല. ഇപ്പോൾ താങ്കളോട് വളരെ അടുത്തു നില്ക്കുന്നു. നമുക്ക് അവിടുത്തോടു നന്ദി പറയാം."

"അതെയതേ." പെൻറോസ് പൊട്ടിക്കരഞ്ഞുകൊണ്ട് കസേരയിൽ ഇരുന്നു. കൈകളിൽ മുഖമമർത്തി വിങ്ങിപ്പൊട്ടി. ബിഷോപ്പ് പ്രാർത്ഥിച്ചു. അപ്പോൾ പെൻറോസ് പറഞ്ഞു: "താങ്കളും കൂടി എന്നോടൊപ്പം ആ ഭവനത്തിലേക്കു വരുമോ?" ആ പുരുഷന്മാർ മറുപടിയൊന്നും പറയാതെ കോട്ടുമെടുത്തിട്ട് അയാളോടൊപ്പം ആ കൊല്ലപ്പെട്ടയാളുടെ വീട്ടിലേക്കു പോയി. അതു പെൻറോസിന്റെ ജീവിതത്തിലെ അപരിചിതമായ ഒരു അനുഭവമായിരുന്നു. ഒരു വഴിത്തിരിവായിരുന്നു. അതുവരെ കേട്ടും വായിച്ചും മാത്രം അറിവുണ്ടായിരുന്ന ജീവിതയാഥാർത്ഥ്യങ്ങളെ നേരിട്ടറിയുന്ന ഒരനുഭവമായിരുന്നു പെൻറോസിന്. ഒരു പുതുജീവിതത്തിന്റെ തുടക്കം. യേശുവിന് തന്നെപ്പോലെ ഷിക്കാഗോയിലോ മറ്റേതെങ്കിലും വൻ നഗരങ്ങളിലോ കെട്ടിടങ്ങളും വസ്തുവകകളുമുണ്ടാ യിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു? ഇത്തരം ഒരു ചോദ്യത്തോട് സത്യസന്ധമായി ഒരാൾ പ്രതികരിച്ചാൽ ഫലം എന്താകും എന്നുള്ളതിന്റെ ഉത്തരം പെൻറോസിന്റെ ജീവിതത്തിലും ആരംഭംകുറിച്ചു.

ഈ സമയം പെൻറോസ് മേഖലയിലുള്ള ഒരു ബേക്കറിയിൽ പ്രദർശിപ്പിക്കുവാനുള്ള വിഭവങ്ങളുടെ ഒരു കുട്ടയുമായി ഫെലീഷ്യാ പുറത്തേക്കു വരികയായിരുന്നു. അതേസമയം അവളെ കാണുവാനായി സ്റ്റീഫൻ ക്ലൈഡും തന്റെ പണിശാല വിട്ടു പുറത്തേക്കു വന്നു. അവൾ നടന്നു പോകുന്ന നിരത്തോരത്തിൽ അവളോടു ചേർന്നു നടന്നു. "ആ കുട്ട ഞാൻ





പിടിക്കട്ടെ.'' അയാൾ ചോദിച്ചു. "തീർച്ചയായും." അവൾ ആ കുട്ട അയാൾക്കു കൈമാറി. "എനിക്ക് ഒരു കാര്യം പറയാനുണ്ട്.'' ബിഷോപ്പിനോടൊപ്പം അവളെ കണ്ടനാൾ മുതൽ അയാൾക്ക് അവളോടുള്ള താത്പര്യം ഏറി വന്നിരുന്നു.

"എന്താണത്?" അവളും താത്പര്യം പ്രകടിപ്പിച്ചു.

"നിങ്ങൾ ഈ കുട്ടയുമായി എങ്ങോട്ടാണ്?" ബിഷോപ്പ് ഇടയിൽ കയറി.

"ഞങ്ങൾ.....ഓ! നമ്മളെങ്ങോട്ടാണു ഫെലീഷ്യാ?"

''ഞങ്ങൾ വീട്ടിലേക്കാണ്...'' ഫെലീഷ്യ മുഴുമിച്ചില്ല.

"ഒരുമിച്ചു പാചകം തുടങ്ങാൻ..." സ്റ്റീഫൻ ക്ലൈഡ് ഇടയ്ക്കു കയറി പ്പറഞ്ഞു.

''അങ്ങനെയോ? എന്നെക്കൂടെ വിളിക്കണേ. എനിക്കു ഫെലീഷ്യായുടെ വൈദഗ്ദ്ധ്യത്തെക്കുറിച്ചു നന്നായറിയാം" ബിഷോപ്പ് പറഞ്ഞു.

"താങ്കൾ തന്നെയായിരിക്കും മുഖ്യാതിഥി. താങ്കൾക്കു സന്തോഷമാണെന്നു കരുതട്ടെ."

"തീർച്ചയായും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ." അതുപറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. അദ്ദേഹം അവരെ വിട്ടു മുമ്പോട്ടു നടന്നു. തന്റെ ആഗ്രഹം സഫലമാകുന്നതിലുള്ള ചാരിതാർത്ഥ്യമായിരുന്നു അദ്ദേഹത്തിന്.

വൈകാതെതന്നെ ഷിക്കാഗോയിലെ ബിഷോപ്പിന്റെ ആസ്ഥാനം മഹത്തായ ഒരു സമ്മേളനത്തിനു സാക്ഷ്യം വഹിച്ചു. അതിൽ ഹെന്റി മാക്സ്വെൽ, റെയ്ച്ചൽ വിൻസ്ലോ, വെർജീനിയാ പേജ്, റോളിൻ, അലക്സാണ്ടർ പവേഴ്സ്, പ്രസിഡന്റ് മാർഷ് മുതലായവർ റെയ്മണ്ടിൽ നിന്നും വന്ന് സംബന്ധിച്ചു. ഇതു സംഘടിപ്പിച്ചത് ബിഷോപ്പും ഡോ.ബ്രൂസും കൂടിയായിരുന്നു. ആ നഗരത്തിലെ എല്ലാത്തരം ആളുകളെ യും പ്രസ്തുത യോഗത്തിലേക്കു ക്ഷണിച്ചിരുന്നു. ദൈവത്തിലും മനുഷ്യരിലുമുള്ള വിശ്വാസം നഷ്ടപ്പെട്ടവർ, നിരീശ്വരവാദികൾ, അരാജകത്വവാദികൾ, സ്വതന്ത്രചിന്തക്കാർ, ചിന്തയില്ലാത്തവർ, ആശയ റ്റവർ, ഭീകരവാദികൾ, കുറ്റവാളികൾ, സമൂഹം ഉപേക്ഷിച്ചവർ എല്ലാം സന്നിഹിതരായിരുന്നു. അവർ ഹെന്റി മാക്സ്വെല്ലിനെയും മറ്റു ശിഷ്യരെയും അഭിമുഖീകരിക്കുകയും ശ്രവിക്കയും ചെയ്തു. പരിശുദ്ധാത്മാവിന്റെ വലിയ വ്യാപാരം സ്വാർത്ഥതയിലും സുഖഭോഗങ്ങളിലും ആടിത്തിമിർക്കുന്ന നഗരത്തിന്മേൽ ഉണ്ടായിരുന്നു. ആ യോഗത്തിൽ പങ്കെടുക്കാനെത്തിയ ഏവരും പ്രധാന വാതിലിൽ മുദ്രണം ചെയ്തിരുന്ന സൂക്തം ശ്രദ്ധിച്ചിരുന്നിരിക്കണം. ''യേശു എന്തു ചെയ്തുവോ അതുപോലെ" .

അന്ന് ആ മുഷിഞ്ഞ വേഷം ധരിച്ച മനുഷ്യൻ തന്റെ സഭയിൽ കടന്നുവരികയും തന്റെ മനസ്സിലേക്ക് ഈ ചിന്ത ഉണർത്തിവിടുകയും ചെയ്ത ദിവസത്തേക്കാളധികം വികാരവായ്പോടെയാണ് ഹെന്റി മാക്സ്വെൽ ആ ലിഖിതം ശ്രദ്ധിച്ചുകൊണ്ട് ആ പ്രവേശനവാതിലിലൂടെ അന്ന് അകത്തുകടന്നത്.

റെയ്മണ്ടിലുദിച്ച ആ കൂട്ടായ്മാതരംഗം യഥാർത്ഥത്തിൽ വ്യാപിക്കയാണോ? അത്തരം ഒരു കാര്യത്തിന് ഈ മഹാനഗരത്തിൽ സാംഗത്യവും ഇടവുമുണ്ടോ? റെയിൽ റോഡ് കടകളിലെ തൊഴിലാളികളോടു സംസാരിക്കുമ്പോഴുണ്ടായിരുന്ന സന്ദേഹമോ വിറയലോ ഇപ്പോഴില്ല. ഏതു തരത്തിലുള്ള ആളുകളെയും അഭിമുഖീകരിക്കാൻ തക്കവണ്ണം അദ്ദേഹം പക്വതപ്രാപിച്ചു. ആ രാത്രിയിൽ നിരവധി വർഷങ്ങളായി സഭയോടു ശത്രുത പുലർത്തിക്കഴിഞ്ഞിരുന്ന

# ഹൊറേഷ്യോ സ്പാഫോർഡ്

*പേജ് 32 ൽ നിന്ന്*

എഴുതാൻ പ്രേരകമായത് എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. (2 രാജാ. 4:26) ഏക മകന്റെ വേർപാടിൽ ശൂനേംകാരത്തി പറഞ്ഞു; "സുഖമായിരിക്കുന്നു." -അത്ഭുതം തന്നേ.

ഇംഗ്ലണ്ടിൽ എത്തിയശേഷം വൈകാതെ ഹൊറേഷ്യോ സ്പാഫോർഡ് പ്രിയതമയോടൊപ്പം ചിക്കാഗോയിലേക്ക് മടങ്ങിപ്പോയി. മറ്റൊരു മകളും മകനും അവർക്കുണ്ടായി. അവിശ്വസനീയമായിത്തോന്നാം. ഹൊറേഷ്യോ എന്ന് പേരിട്ടിരുന്ന ആ മകനും പകരുന്ന വിഷജ്വരം ബാധിച്ച് മരണമടഞ്ഞു. 1880 ലെ അമേരിക്കൽ സെൻസസ്സ് റിപ്പോർട്ടിൽ ഹൊറേഷ്യോ കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാരോടൊപ്പം രണ്ടു വയസ്സുള്ള മകൾ ബെർത്താ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1881 ൽ ഗ്രേസ് എന്നുപേരുള്ള ഒരു മകൾകൂടി പിറന്നു. ഗ്രേസിന് കേവലം ഏഴു മാസം പ്രായമുള്ളപ്പോൾ സ്പാഫോർഡ് കുടുംബം വിശുദ്ധനാട്ടിലേക്ക് 1881 ൽ താമസം മാറ്റി. "യരുശലേമിലെ അമേരിക്കൻ കോളനി'' തുടങ്ങുവാൻ ഈ കുടുംബവും കാരണമായി. പാവപ്പെട്ടവരെ സേവിക്കുക എന്നതായിരുന്നു ഈ കോളനി സ്ഥാപിച്ചതിലൂടെ സ്പാഫോർഡ് ആഗ്രഹിച്ചത്.

യരുശലേമിൽ ആയിരുന്ന കാലത്ത് കുറേക്കാലം സ്പാഫോർഡ് മനോരോഗം മൂലം കഷ്ടപ്പെട്ടു. രണ്ടാമത്തെ മശിഹായാണ് താനെന്ന് വിശ്വസിക്കാനും പറയാനും ഈ മാനസിക രോഗം അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഒരു ക്രിസ്തുഭക്തനുമാത്രം ലഭ്യമായ ദിവ്യസമാധാനത്തെക്കുറിച്ച് ദുഃഖക്കടലിൽ മുങ്ങിത്താഴാതെ ലോകത്തോട് വിളിച്ചുപറഞ്ഞ സ്പാഫോർഡ് ജീവിതത്തിന്റെ സായംസന്ധ്യയിൽ മാനസികമായി അല്പം നിലതെറ്റിയെങ്കിൽ ആർക്ക് അദ്ദേഹത്തെ വിധിക്കാനോ, വിലകുറച്ച് കാണാനോ കഴിയും! നമ്മിൽ എത്ര പേർ ഇതിലും ചെറിയ നഷ്ടങ്ങളിൽ വിശ്വാസം മുറുകെ പിടിക്കും?

1888 ൽ യരുശലേമിൽ വച്ചായിരുന്നു അറുപതാമത്തെ വയസ്സിൽ ഈ ദുഃഖപുരുഷന്റെ അന്ത്യം. ഭർത്താവിന്റെ വേർപാടിനുശേഷവും അന്നാ സ്പാഫോർഡ്, അമേരിക്കൻ കോളനിയിൽ തന്നെ താമസം തുടർന്നു. പെൺമക്കൾ രണ്ടുപേരും അവിടെയാണ് വളർ ന്നത്.

ഒരൊറ്റ ഗാനം കൊണ്ട് അനശ്വരനായ ഹൊറേഷ്യോ ഗേറ്റ്സ് സ്പാഫോർഡ് നമ്മെ ഓർമ്മിപ്പിക്കുന്നു: "കർത്താവേ വിശ്വാസം കാഴ്ചയായിത്തീരുന്ന ആ ദിവസം വേഗം വന്നെങ്കിൽ ആകാശമേഘങ്ങൾ ചുരുൾപോലെ നീങ്ങിപ്പോകുന്ന ആ ദിവസം കാഹളം മുഴങ്ങുകയും കർത്താവ് മേഘാരൂഢനായി വരുകയും ചെയ്യും അന്നും എനിക്ക് പാടാനുള്ളത് "എന്റെ അന്തരംഗത്തിൽ ശുഭം" എന്നു മാത്രം!

---

യുവാക്കളെയും യുവതികളെയുമായിരുന്നു താൻ അഭിസംബോധന ചെയ്തത്. "കർത്താവേ അങ്ങയുടെ സഭയെ പഠിപ്പിക്കേണമേ." മാക്സ്വെൽ പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമോ? സഭ ത്യാഗത്തിന്റേയും കഷ്ടത്തിന്റെയും ഈ വഴിയിൽ പോകാൻ തയ്യാറാകുമോ? ഇതാ പരിശുദ്ധാത്മാവ് ഈ നഗരത്തിന്മേൽ പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴാണ് സുപ്രസാദകാലം. എന്നത്തേക്കാളുമുപരി. (അടുത്ത ലക്കത്തിൽ അവസാനിക്കുന്നു.)



*ക്രിസ്തീയലോകത്തെ വാർത്തകൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ...*

# ചൈനയിൽ ഒളിമ്പിക്സിനു ബൈബിൾ നൽകും

ബെയ്ജിങ്:ഒളിമ്പിക്സിനെത്തുന്നവർക്ക് ബൈബിളും സുവിശേഷപ്രതികളും സൗജന്യമായി വിതരണം ചെയ്യാൻ ചൈനീസ് ഗവൺമെന്റ് അനുവദിച്ചു. കായികതാരങ്ങൾക്കു ബൈബിൾ കൈവശം കൊണ്ടുവരുന്നതിനുപോലും വിലക്കുണ്ടായേക്കാമെന്ന ആശങ്കകൾക്കിടയിൽ ചൈന കൈക്കൊണ്ട ഈ പുതിയ നിലപാടിനെ 'അത്ഭുതകരം' എന്നാണു പാശ്ചാത്യമാധ്യമങ്ങൾ വിശേഷിപ്പിച്ചത്. ഷാങ്ഹായ് ആസ്ഥാനമായുള്ള ചൈനാക്രിസ്ത്യൻ കൗൺസിലാണു സൗജന്യമായി ബൈബിളും സുവിശേഷപ്രതികളും എത്തിക്കുന്നത്. കായികതാരങ്ങളെക്കൂടാതെ ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, വിനോദസഞ്ചാരികൾ എന്നിവർക്കും ബൈബിൾ നൽകും. ഒളിമ്പിക്സിന്റെ ലോഗോ മുദ്രണം ചെയ്ത 50,000 പുതിയനിയമവും, 30,000 ബുക്ക്ലെറ്റുകളും ഇതിനകം ചൈനാക്രിസ്ത്യൻ കൗൺസിൽ അച്ചടിച്ചു കഴിഞ്ഞു. ഒളിമ്പിക്സിന്റെ ചരിത്രത്തിൽ ആദ്യമായാണ് പ്രത്യേക ലോഗോയോടു കൂടിയ ബൈബിൾ അച്ചടിച്ചു വിതരണം ചെയ്യുന്നതെന്നു കൗൺസിൽ വക്താവു സു സിയോ ഹോങ് പറഞ്ഞു.

**ടെൽഅവീവ് നശിപ്പിക്കും: ഇറാൻ**

ടെഹ്റാൻ:ഇറാനെ ആക്രമിക്കാൻ യിസ്രായേൽ അമേരിക്കയുടെമേൽ സമ്മർദ്ദം ചെലുത്തുകയാണെന്നു ഇറാന്റെ പരമോന്നത നേതാവ് അയത്തൊള്ളാ അലിഖമേനിയുടെ സഹായി അലിഷിരാസി ആരോപിച്ചു. വിപ്ലവഗാർഡുകളുടെ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തങ്ങളുടെ ആണവനിലയം ആക്രമിച്ചാൽ ഗൾഫിലെ അമേരിക്കൻ നാവികക്കപ്പലുകളും ടെൽഅവീവ് നഗരവും നശിപ്പിക്കുമെന്ന് അദ്ദേഹം ഭീഷണിപ്പെടുത്തി.

ഇതിനിടെ രണ്ടായിരം കിലോമീറ്റർ ദൂരപരിധിയുള്ള സഹാബ് -3 എന്ന മിസൈൽ ഉൾപ്പെടെ ഒൻപതു മിസൈലുകൾ ഇറാൻ പരീക്ഷിച്ചുനോക്കി. ഗൾഫിലെ അമേരിക്കൻ സൈനികകേന്ദ്രങ്ങൾ, യിസ്രായേൽ തുടങ്ങിയവയെല്ലാം ഇതിന്റെ പരിധിയിൽ വരും.



**JUST A MINUTE**

*....If someone asks you for something give it to him .*

Mathew 5:42

**Pheba P. Cleetus**
Kochi